പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 6 സെപ്റ്റംബർ 2020

ലൈഫ് മിഷൻ ഭവനങ്ങൾ രണ്ടര ലക്ഷത്തിലേക്ക്

യു.വി. ജോസ് IAS

വനിതാ ഘടക പദ്ധതി സർഗ്ഗാത്മക ഇടപെടലുകൾ വേണം

ഡോ. ടി.എൻ. സീമ

ജനകീയാസൂത്രണം @ 25 വർഷങ്ങൾ

ഡോ. ജോയ് ഇളമൺ

കൊവിഡ് 19 : പ്രാദേശിക സർക്കാരുകൾ തീർത്ത പ്രതിരോധം

ഹുസൈൻ എം. മിന്നത്ത്

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

സെപ്റ്റംബർ 2020

അകത്ത്

ലൈഫ് മിഷൻ ഭവനങ്ങൾ
രണ്ടര ലക്ഷത്തിലേക്ക്
യു.വി. ജോസ് ഐ.എ.എസ്. 5

വനിതാ ഘടക പദ്ധതി
സർഗ്ഗാത്മക ഇടപെടലുകൾ വേണം
ഡോ. ടി.എൻ. സീമ 10

ജനകീയാസൂത്രണം @ 25 വർഷങ്ങൾ
ഡോ. ജോയ് ഇളമൺ 16

കൊവിഡ് 19 :
പ്രാദേശിക സർക്കാരുകൾ തീർത്ത
പ്രതിരോധം
ഹുസൈൻ എം. മിന്നത്ത് 20

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും
ജല ഗുണനിലവാര നിർണ്ണയ ലാബ്
സതീഷ് ആർ.വി. 24

100 ദിനം 100 പദ്ധതികൾ 28

മാലിന്യസംസ്കരണത്തിൽ
കേരളം മാതൃകയാകും: മുഖ്യമന്ത്രി 32

മാതൃകാ പദ്ധതികളുമായി
ബ്ലോക്ക് പഞ്ചായത്തുകൾ 35

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ	34
ഊരും പേരും – 3	40
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ – 11	41
എന്ന് വായനക്കാർ	42

സെപ്റ്റംബർ 2020
പുസ്തകം 60 ലക്കം 6
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

സേവനം ഇനി അന്താരാഷ്ട്ര നിലവാരത്തിൽ

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പഞ്ചായത്ത് ഡയറക്ടറേറ്റും 939 ഗ്രാമ പഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 7 ജില്ലാ പഞ്ചായത്തുകളും 6 ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും ഐ എസ് ഒ സർട്ടിഫിക്കേഷൻ നേടിയിരിക്കുന്നു. ഗുണനിലവാരമുള്ള സേവനം പൗരന് കൃത്യസമയത്ത് നല്കാൻ കഴിയുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഈ സ്ഥാപനങ്ങൾ എത്തിയിരിക്കുന്നു എന്നതാണ് ഈ അംഗീകാരം കൊണ്ട് അർത്ഥമാക്കുന്നത്. ജനങ്ങൾക്ക് സമയബന്ധിതമായി മികച്ച സേവനം നൽകുക എന്നത് സർക്കാർ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലുള്ള എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും ഐ എസ് ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ഈ സർക്കാർ അധികാരത്തിലേറിയ ഉടൻ തന്നെ ആരംഭിച്ചിരുന്നു. ഈ ശ്രമങ്ങൾ ഫലപ്രാപ്തിയിൽ എത്തിയതിനുള്ള തെളിവാണ് ഈ സ്ഥാപനങ്ങൾ നേടിയ ഐ എസ് ഒ അംഗീകാരം.

ഗുണഭോക്താവിന് സേവനം നൽകുന്ന കാര്യത്തിലും രേഖകൾ സൂക്ഷിക്കുന്ന കാര്യത്തിലും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ മറ്റ് വകുപ്പുകൾക്ക് മാതൃകയായിരിക്കുന്നു. അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുകയും നിശ്ചയിച്ച സമയപരിധിക്കകം ഗുണഭോക്താവിന് സേവനം നൽകുന്നത് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സേവനത്തിനായി അപേക്ഷകന് ഓഫീസിൽ കയറിയിറങ്ങേണ്ട സാഹചര്യം ഉണ്ടാകുന്നില്ല.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ സമയബന്ധിതമായും കൂടുതൽ കാര്യക്ഷമതയോടെയും സുതാര്യമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വകുപ്പിന്റെ സഹകരണത്തോടെ ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ സംവിധാനമാണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച സോഫ്റ്റ്‌വെയർ സംസ്ഥാനത്തെ 150 ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിക്കപ്പെട്ടിരിക്കുന്നു. ഈ സോഫ്റ്റ് വെയർ സംവിധാനം പൂർണ്ണമായും നിലവിൽ വരുന്നതോടെ സേവന മികവിന്റെ കാര്യത്തിൽ വലിയൊരു മാറ്റം തന്നെ പ്രതീക്ഷിക്കാം.

കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പഞ്ചായത്ത് ഡയറക്ടറേറ്റിനും ഐ എസ് ഒ അംഗീകാരമെന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. പതിനായിരത്തിലധികം ഫയലുകൾ തീർപ്പാക്കി. ഒരു ലക്ഷത്തിലധികം പഴയ ഫയലുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി നശിപ്പിച്ചു. ഇ ഗവേണൻസ് സംവിധാനം ഏർപ്പെടുത്തി ഫയലുകൾ ഡിജിറ്റലൈസ് ചെയ്തു. ഓഫീസ് ആധുനികവത്കരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തി. പഞ്ചായത്ത് ഡയറക്ടറേറ്റും ഗ്രാമപഞ്ചായത്തുകളും കൈവരിച്ച ഈ മഹത്തായ നേട്ടം നമ്മെ കൂടുതൽ വലിയ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുന്നു. നടപടിക്രമങ്ങൾ പരമാവധി കുറച്ചുകൊണ്ട് ഒരു സാധാരണ പൗരന് യഥാസമയം സേവനം നല്കാൻ കഴിയണം. ഓഫീസിലെത്തുന്ന സാധാരണക്കാരോട് മാന്യമായി പെരുമാറാനും കഴിയണം. എങ്കിൽ മാത്രമേ സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടുവെന്ന് പറയാൻ കഴിയൂ. ഈ ലക്ഷ്യത്തിനായി നമുക്ക് കൂട്ടായി പ്രയത്നിക്കാം.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

"സത്യത്തിന്റെ പ്രതിഫലം സമാധാനവും സന്തോഷവുമാണ്"
രവീന്ദ്രനാഥ ടാഗോർ

ലൈഫ് മിഷൻ ഭവനങ്ങൾ രണ്ടര ലക്ഷത്തിലേക്ക്

■ **യു.വി. ജോസ് ഐ.എ.എസ്.**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലൈഫ് മിഷന്റെ ഭാഗമായി 2,29,917 ഭവന രഹിതരായ കുടുംബങ്ങളാണ് പുഞ്ചിരിയോടെ സുരക്ഷിതരായി സ്വന്തം വീടിനുള്ളിലേക്ക് അഭിമാനത്തോടെ ഇതുവരെ പ്രവേശിച്ചത്. ഇതിൽ ബഹുഭൂരിപക്ഷം കുടുംബങ്ങളും സ്വന്തമായി വീടുവയ്ക്കാൻ ശേഷിയില്ലാതിരുന്ന ഭൂമിയുള്ള ഭവന രഹിതരായിരുന്നു.

കേരളത്തിന്റെ സമഗ്ര വികസനവും ദുരിതബാധിതർക്കുള്ള സത്വരക്ഷേമ നടപടികളും ഉൾപ്പെടുന്ന ബഹുമുഖപദ്ധതിയായ നവകേരള മിഷനിലെ പ്രധാന പദ്ധതിയാണ് ലൈഫ് മിഷൻ. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലൈഫ് മിഷന്റെ ഭാഗമായി 2,29,917 ഭവന രഹിതരായ കുടുംബങ്ങളാണ് പുഞ്ചിരിയോടെ സുരക്ഷിതരായി സ്വന്തം വീടിനുള്ളിലേക്ക് അഭിമാനത്തോടെ ഇതുവരെ പ്രവേശിച്ചത്.

ഇതിൽ ബഹുഭൂരിപക്ഷം കുടുംബങ്ങളും സ്വന്തമായി വീടുവയ്ക്കാൻ ശേഷിയില്ലാതിരുന്ന ഭൂമിയുള്ള ഭവന രഹിതരായിരുന്നു എങ്കിൽ ഈ വർഷം ഭൂമിയും വീടുമില്ലാത്ത ഒരു ലക്ഷം കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കാനുള്ള തീവ്രശ്രമവുമായാണ് മിഷൻ മുന്നോട്ടു പോകുന്നത്.

കേവലം താമസിക്കാനുള്ള കെട്ടിടം

ലൈഫ് മിഷൻ രണ്ടു ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിക്കുന്നു. (ഫയൽ ചിത്രം)

എന്നതിലുപരിയായി 'ജീവിത'മാണ് 'ലൈഫ്' എന്ന തിരിച്ചറിവിൽ കുടുംബങ്ങളുടെ ജീവനോപാധി ഉറപ്പാക്കി എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയാണ് ലൈഫ് ഭവന സമുച്ചയങ്ങൾ ഉയരുന്നത്. ഭവന സമുച്ചയങ്ങൾ കൂടാതെ ഭവന രഹിതർക്ക് ഭൂമി നല്കി വീടു നല്കുന്ന പദ്ധതിയും ഈ വർഷം തന്നെ നടപ്പാക്കുന്നുണ്ട്. കേന്ദ്ര/ സംസ്ഥാന ഭവന പദ്ധതികളും ലൈഫ് ഭവന പദ്ധതിയും ലൈഫ് മിഷൻ മുഖേന ഏകോപിപ്പിച്ചാണ് സംസ്ഥാനത്ത് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കുന്നത്.

ഒന്നാംഘട്ടത്തിൽ 2000-01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം കിട്ടിയിട്ടും പല കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്ന കുടുംബങ്ങൾക്കുള്ള വീടുകൾ യാഥാർത്ഥ്യമാക്കുക എന്നതായിരുന്നു ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കേണ്ടിയിരുന്ന 54,151 വീടുകളിൽ 52, 307 (96.59%) വീടുകളുടെ നിർമ്മാണമാണ് പൂർത്തിയാക്കിയത്. ഒന്നാം ഘട്ടത്തിനായി ഇതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ചത് 676 കോടി രൂപയാണ്.

ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യം. രണ്ടാംഘട്ടത്തിൽ രേഖാപരിശോധനയിലൂടെ 1,04,803 ഗുണഭോക്താക്കളാണ് അർഹത നേടിയത്. ഇവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടത് 98,316 പേരാണ്. ഇവരിൽ 81,840 (83.24%) ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്ന ഭവനനിർമ്മാണങ്ങൾക്ക് പുറമെ പി.എം.എ.വൈ-ലൈഫ് (അർബൻ) പദ്ധതി പ്രകാരം 48,445 വീടുകൾ പൂർത്തീകരിക്കുകയും പി.എം.എ.വൈ-ലൈഫ് (റൂറൽ) പദ്ധതി പ്രകാരം 16,996 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. ഇതുകൂടാതെ, മറ്റു വകുപ്പുകൾ തുടങ്ങിവച്ച ഭവനനിർമ്മാണ പദ്ധതികളും പൂർത്തീകരിച്ചുവരുന്നു. പട്ടികജാതി വകുപ്പിനു കീഴിൽ 19,247 വീടുകളും പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ 1,745 വീടുകളും പൂർത്തീകരിച്ചു. ഫിഷറീസ് വകുപ്പിനു കീഴിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം 4,177 ആണ്. ഇതുകൂടാതെ ലൈഫ് മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി നാളിതുവരെ 1761 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതെല്ലാം കൂടി കൂട്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പൂർത്തിയാക്കിയത് 2,29,917 വീടുകളും ചെലവഴിച്ചത് 8068.70 കോടി രൂപയുമാണ്.

രണ്ടാംഘട്ടത്തിൽ രേഖാപരിശോധനയിലൂടെ 1,04,803 ഗുണഭോക്താക്കളാണ് അർഹത നേടിയത്. ഇവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടത് 98,316 പേരാണ്. ഇവരിൽ 81,840 (83.24%) ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു.

ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ (ഭൂരഹിത ഭവനരഹിതർക്ക് ഭവനം) ഒരു ലക്ഷത്തിൽപ്പരം ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. ഇവർക്കായി ഭവന സമുച്ചയങ്ങളോ ഭവനങ്ങളോ നിർമ്മിച്ചു നല്കുന്നതാണ്. കണ്ടെത്തിയ 300-ഓളം സ്ഥലങ്ങളിൽ 101 ഇടങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുമുണ്ട്. ഇടുക്കി ജില്ലയിലെ അടിമാലിയിൽ 217 അപ്പാർട്ടുമെന്റുകളുള്ള ഒരു ഭവന സമുച്ചയം പൈലറ്റ് ഓഫ് പൈലറ്റ് അടിസ്ഥാനത്തിൽ നിർമ്മിച്ച് അടിമാലി ഗ്രാമപഞ്ചായത്തിന് കൈമാറുകയും അവിടെയുള്ള 163 ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾ താമസിക്കുന്നുമുണ്ട്. അവർക്ക് വിവിധ ജീവനോപാധി മാർഗ്ഗങ്ങളും പ്രൈമറി ഹെൽത്ത്സെന്ററും അംഗൻവാടിയും മറ്റ് സേവനങ്ങളും അവിടെത്തന്നെ ലഭ്യമാക്കിയിട്ടുണ്ട്. ലൈഫിന്റെ ഭാഗമായി നിർമ്മിക്കുന്ന 12 പൈലറ്റ് ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും വിവിധ ഘട്ടങ്ങളിൽ എത്തി നില്ക്കുകയും ചെയ്യുകയാണ്.

ഇതിന്റെ തുടർച്ചയായി 29 സ്ഥലങ്ങളിലെ കൂടി നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ 2020 സെപ്റ്റംബർ 24-ന് തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ നിർവ്വഹിച്ചു. കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ

ഗ്രാമപഞ്ചായത്ത്, പയ്യന്നൂർ മുനിസിപ്പാലിറ്റി, കണ്ണപുരം ഗ്രാമപഞ്ചായത്ത്, ആന്തൂർ മുനിസിപ്പാലിറ്റി, വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്ത്, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്, പുതുപ്പാടി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം മുനിസിപ്പാലിറ്റി, അയ്യംമ്പുഴ ഗ്രാമപഞ്ചായത്ത്, കരുമാലൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റി, കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്, വാത്തിക്കുടി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്, വിജയപുരം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, നടുവട്ടം പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്ത് പന്തളം മുനിസിപ്പാലിറ്റി, കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത്, അഞ്ചൽ ഗ്രാമപഞ്ചായത്ത്, കൊല്ലം കോർപ്പറേഷനിലെ മുണ്ടയ്ക്കൽ, തിരുവനന്തപുരം ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്ത്, അഴൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലാണ് തറക്കല്ലിടൽ നടന്നത്. അടുത്ത ഒരു വർഷത്തിനുള്ളിൽ ഈ 29 ഭവനസമുച്ചയങ്ങളുടെയും പണി പൂർത്തീകരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

അർഹത ഉണ്ടായിട്ടും വിവിധ കാരണങ്ങളാൽ ആദ്യ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയപ്പോൾ ചില കുടുംബങ്ങൾ വിട്ടുപോയതായും പിന്നീട് അർഹത നേടിയ ഗുണഭോക്താക്കളെയും കൂട്ടിച്ചേർക്കണമെന്നും അനവധി ആവശ്യങ്ങൾ വിവിധതലങ്ങളിൽ നിന്നും സർക്കാരിനു മുന്നിൽ ഉയർന്നു വന്നിരുന്നു. ഈ സാഹചര്യത്തിൽ അർഹരായ ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും ഒരു പുതിയ പട്ടിക തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുവാൻ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. 2020 ഓഗസ്റ്റ് ഒന്ന് മുതലാണ് പുതിയ അപേക്ഷകൾ ഓൺലൈനിൽ സ്വീകരിച്ചു തുടങ്ങിയത്.

പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ ഒരു സംവിധാനത്തിലൂടെയാണ് പട്ടിക തയ്യാറാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ഹെൽപ്ഡസ്കുകൾ വഴിയോ, ഇന്റർനെറ്റ് ഉപയോഗിച്ച് സ്വന്തമായോ, മറ്റ് ഓൺലൈൻ സേവനദാതാക്കൾ വഴിയോ അർഹരായവർക്ക് അപേക്ഷകൾ ഓൺലൈൻ ആയി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സമർപ്പിക്കാവുന്നതാണ്. ഇതിനായി ഇതുവരെ അപേക്ഷകൾ സമർപ്പിച്ചത് 8,32,850 പേരാണ്. ഇതിൽ 5,80,650 പേർ ഭൂമിയുള്ള ഭവനരഹിതരും 2,52,200 പേർ ഭൂരഹിത ഭവനരഹിതരുമാണ്.

കടമ്പൂർ ഗ്രാമപഞ്ചായത്ത്: ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മാണം

●●●

അപേക്ഷകർ നിലവിൽ താമസിക്കുന്ന സ്ഥലങ്ങളിലെത്തിയാണ് പരിശോധന നടത്തുന്നത്. അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾ വസ്തുതാപരമാണോ എന്ന് സമർപ്പിക്കുന്നരേഖകൾ അസ്സൽ രേഖകളുമായി ഒത്തുനോക്കി ഉറപ്പു വരുത്തുന്നതുമാണ്. പരിശോധനാ സാക്ഷ്യപത്രം ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർ ഓൺലൈനായി തന്നെ സമർപ്പിക്കുന്നതാണ്.

●●●

അപേക്ഷ സമർപ്പിക്കുന്നനായി നിശ്ചയിച്ചിരുന്ന അർഹതാമാനദണ്ഡങ്ങൾ ഇനി പറയുന്ന പ്രകാരമാണ്.

ഭൂമിയുള്ള ഭവനരഹിതരാണെങ്കിൽ:

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കുന്നതാണ്. 2020 ജൂലൈ 1 ന് മുമ്പ് റേഷൻ കാർഡുള്ള കുടുംബമായിരിക്കണം. ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കു പോലും ഭവനം ഇല്ലാത്തവരും ആകണം. (പട്ടികജാതി/പട്ടികവർഗ്ഗ /മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)
2. സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കും.
3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കുന്നതാണ്.
4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/

മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കുന്നതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കുന്നതാണ്.
6. അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടുന്നതാണ്.
7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/ കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോട്ടു കൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കും).

ഭൂരഹിത ഭവനരഹിതരാണെങ്കിൽ:

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെ പറയുന്ന മാനദണ്ഡം കൂടി പരിഗണിക്കുന്നതാണ്.

സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെന്റിൽ കുറവ് ഭൂമി ഉള്ളവർ.

ഭവനരഹിതരും എന്നാൽ സ്വന്തമായി ഭവനങ്ങൾ നിർമ്മിക്കാൻ ശേഷിയില്ലാത്തതുമായ കുടുംബങ്ങൾക്കാണ് സർക്കാർ ധനസഹായം ലഭ്യമാക്കുന്നത്. അതുകൊണ്ട് മേല്പറഞ്ഞ അർഹതാ മാനദണ്ഡങ്ങൾ ഉള്ള കുടുംബങ്ങൾ മാത്രമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

1. റേഷൻ കാർഡിന്റെ പകർപ്പ്
2. അപേക്ഷകന്റെ ആധാർകാർഡിന്റെ പകർപ്പ്
3. വില്ലേജ് ഓഫീസർ നല്കുന്ന വരുമാന സർട്ടിഫിക്കറ്റ്
4. റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളുടെ പേരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന ഏരിയയിൽ ഭൂമി ഇല്ലെന്ന വില്ലേജ് ഓഫീസർ നല്കുന്ന സാക്ഷ്യപത്രവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഏരിയയിലോ മറ്റ് സ്ഥലങ്ങളിലോ കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലായെന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രവും (ഭൂരഹിതരുടെ കാര്യത്തിൽ മാത്രം)
5. മുൻഗണനാ മാനദണ്ഡങ്ങൾ ലഭിക്കാൻ അർഹരായ കുടുംബങ്ങൾ അതു സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ.

മുൻഗണനാ മാനദണ്ഡങ്ങൾ ലഭ്യമാക്കുന്നത് താഴെ പറയുന്ന ക്ലേശ ഘടകങ്ങൾ ഉള്ളവർക്കാണ്:

1. മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/ അന്ധരോ ശാരീരികതളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബങ്ങൾ
2. അഗതി /ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ
3. 40%-ലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാറ് മൂലം ഡയാലിസിസിന് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ
6. അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ
7. രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ
8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ
9. എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ.

അപേക്ഷ സമർപ്പിച്ചവരുടെ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകളിന്മേൽ വിശദമായ പരിശോധന നടത്തിയായിരിക്കും അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുക.

അപേക്ഷകർ നിലവിൽ താമസിക്കുന്ന സ്ഥലങ്ങളിലെത്തിയാണ് പരിശോധന നടത്തുന്നത്. അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾ വസ്തുതാപരമാണോ എന്ന് സമർപ്പിക്കുന്നരേഖകൾ അസ്സൽ രേഖകളുമായി ഒത്തുനോക്കി ഉറപ്പുവരുത്തുന്നതുമാണ്.

ലൈഫ് മിഷൻ - 100 ദിന കർമ്മപരിപാടി – വീടുകളുടെ പൂർത്തീകരണം : പുരോഗതി റിപ്പോർട്ട്

നമ്പർ	ജില്ല	01.09.2020 ൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം	25.09.2020 ൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം	വ്യത്യാസം
1	തിരുവനന്തപുരം	34,633	34,968	335
2	കൊല്ലം	18,949	19,327	378
3	പത്തനംതിട്ട	6,419	6,439	20
4	ആലപ്പുഴ	16,282	16,479	197
5	കോട്ടയം	8,094	8,175	81
6	ഇടുക്കി	15,419	15,606	187
7	എറണാകുളം	15,389	15,810	421
8	തൃശ്ശൂർ	16,870	17,154	284
9	പാലക്കാട്	26,183	26,323	140
10	മലപ്പുറം	18,727	19,254	527
11	കോഴിക്കോട്	16,775	17,119	344
12	വയനാട്	15,124	15,153	29
13	കണ്ണൂർ	9,627	9,885	258
14	കാസർഗോഡ്	8,018	8,225	207
	ആകെ	**2,26,509**	**2,29,917**	**3,408**

പരിശോധനാ സാക്ഷ്യപത്രം ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർ ഓൺലൈനായി തന്നെ സമർപ്പിക്കുന്നതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അനർഹൻ പട്ടികയിൽ ഉൾപ്പെട്ടാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം പരിശോധന ഉദ്യോഗസ്ഥനായിരിക്കും.

പരിശോധന പൂർത്തിയാക്കിക്കഴിഞ്ഞാൽ അർഹരുടെയും അനർഹരുടെയും കരട് മുൻഗണനാ പട്ടിക സോഫ്റ്റ്‌വെയറിൽ നിന്നും ഡൗൺലോഡ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. കരട് പട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും, മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിക്കും സമർപ്പിക്കാവുന്നതാണ്. അപ്പീലുകൾ പരിശോധിക്കുന്നത് ബ്ലോക്ക്/ മുനിസിപ്പൽ തലങ്ങളിൽ ഒന്നാം അപ്പീൽ കമ്മിറ്റിയും ജില്ലാതലത്തിൽ രണ്ടാം അപ്പീൽ പരിശോധിക്കുന്നത് ജില്ലാ കളക്ടറുമായിരിക്കും.

അപ്പീൽ കമ്മിറ്റികൾ അപ്പീലുകൾ പരിശോധിച്ച് വസ്തുതകൾ ബോധ്യപ്പെട്ട് നിയമാനുസരണം തീരുമാനം കൈകൊള്ളണം. രണ്ടാം അപ്പീൽ അധികാരിയായ ജില്ലാ കളക്ടർ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അപ്പീലുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ രേഖകളുടെ പരിശോധന, ഹിയറിംഗ്, ഫീൽഡ് പരിശോധന തുടങ്ങിയ രീതികൾ അവലംബിക്കേണ്ടതാണ്. അപ്പീലുകളുടെ ഭാഗമായി അനർഹർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അപ്പീൽ അധികാരികൾക്കായിരിക്കും.

അപ്പീലുകളിന്മേൽ തീരുമാനങ്ങൾ ലഭ്യമായതിനുശേഷം തദ്ദേശ സ്ഥാപനങ്ങൾ, കരട് ഗുണഭോക്തൃ പട്ടിക വിവരശേഖരത്തിൽ നിന്നും ഡൗൺലോഡ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപന യോഗത്തിൽ സമർപ്പിക്കുന്നതും, നിശ്ചിത സമയ പരിധിക്കുള്ളിൽ ഗ്രാമസഭ/വാർഡ് സഭ വിളിച്ച് ചേർക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്.

ഗ്രാമസഭകളിൽ കരട് ഗുണഭോക്തൃപട്ടിക ചർച്ച ചെയ്ത് അനർഹരെ ഒഴിവാക്കുന്നതാണ്. ഗ്രാമസഭകൾക്കു ശേഷം അന്തിമ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപന യോഗത്തിൽ വച്ച് അംഗീകരിക്കുന്നതാണ്. ഗ്രാമസഭാ തീരുമാന പ്രകാരം ഒഴിവാക്കേണ്ടതായ അനർഹരെ പട്ടികയിൽ നിന്നും

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ലൈഫ് മിഷൻ ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

ഒഴിവാക്കി അന്തിമ മുൻഗണനാ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർമാർ വൈസ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, ജോയിന്റ് കൺവീനർമാരായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, നഗരകാര്യവകുപ്പ് റീജണൽ ജോയിന്റ് ഡയറക്ടർ, ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ പ്രോജക്ട് ഓഫീസർ (ഐ.റ്റി.ഡി.പി), ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അംഗങ്ങളായും ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതാണ്. ജില്ലാതല മോണിറ്ററിംഗ് സമിതി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ജില്ലയിൽ ഏകോപിപ്പിക്കും.

രണ്ടേകാൽ ലക്ഷത്തിൽപ്പരം ഭവനങ്ങൾ ലൈഫ് മിഷനിലൂടെ സാധ്യമായിക്കഴിഞ്ഞു. ഇനിയുമുണ്ട് സ്വന്തം വീടെന്ന സ്വപ്നം എന്ന് സാധ്യമാകുമെന്നറിയാതെ മഴയത്തും വെയിലത്തും അഭയമില്ലാതെ കഷ്ടപ്പെടുന്നവർ. ഇവർക്കും കൂടി വീടുകൾ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടുകൾ ലഭ്യമാക്കാൻ കഴിയുമെന്ന് തന്നെയാണ് സർക്കാരിന്റെ കണക്കുകൂട്ടൽ. □

ലേഖകൻ ലൈഫ് മിഷൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ്

വനിതാ ഘടക പദ്ധതി

സർഗ്ഗാത്മക ഇടപെടലുകൾ വേണം

■ ഡോ. ടി.എൻ. സീമ

സമൂഹത്തെയാകെ പങ്കെടുപ്പിച്ച 1996 ൽ സർക്കാർ നടത്തിയ ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിലെ സ്ത്രീ സമൂഹത്തിലും മാറ്റത്തിന്റെ നിർണ്ണായക ഘട്ടം കുറിച്ചു. കേരള വികസന പ്രക്രിയയിലെ വൈരുദ്ധ്യമായി ചർച്ച ചെയ്യപ്പെട്ടിരുന്ന സ്ത്രീയുടെ അദൃശ്യത എന്ന പ്രശ്നത്തെ പ്രാദേശിക വികസനാസൂത്രണ ചർച്ചയുടെ മുഖ്യ പരിഗണന യിലേക്ക് കൊണ്ടുവന്നു എന്ന ചരിത്ര ദൗത്യമാണ് ജനകീയാസൂത്രണം നിർവഹിച്ചത്.

അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃക അതിലടങ്ങിയിട്ടുള്ള നിരവധി വ്യത്യസ്തവും നൂതനവുമായ ഇടപെടലുകൾ കൊണ്ടാണ് സവിശേഷമായിരിക്കുന്നത്. വികേന്ദ്രീകൃതാസൂത്രണത്തിനായി ജനകീയ പ്രസ്ഥാനത്തിന് തന്നെ രൂപം നൽകിയതാണ് അതിൽ ഏറ്റവും പ്രധാനം. ജനകീയാസൂത്രണത്തിന്റെ ഊന്നൽ താഴെ തലം മുതൽ ജനപ്രതിനിധികളെയും ഔദ്യോഗിക സംവിധാനത്തെയും പൗരസമൂഹത്തെയാകെയും ആസൂത്രണം മുതൽ നിർവഹണം വരെയുള്ള പ്രക്രിയയ്ക്ക് സജ്ജരാക്കുക എന്നതായിരുന്നു. ഒൻപതാം പഞ്ചവൽസര പദ്ധതി ജനകീയ പദ്ധതിയായി രൂപം നൽകുന്നതിന് അധികാരവും വിഭവവും കൈമാറി, സമൂഹത്തെയാകെ പങ്കെടുപ്പിച്ച 1996 ൽ സർക്കാർ നടത്തിയ ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിലെ സ്ത്രീ സമൂഹത്തിലും മാറ്റത്തിന്റെ നിർണ്ണായക ഘട്ടം കുറിച്ചു. കേരള വികസന പ്രക്രിയയിലെ വൈരുദ്ധ്യമായി ചർച്ച ചെയ്യപ്പെട്ടിരുന്ന സ്ത്രീയുടെ അദൃശ്യത എന്ന പ്രശ്നത്തെ പ്രാദേശിക വികസനാസൂത്രണ ചർച്ചയുടെ മുഖ്യ പരിഗണനയിലേക്ക് കൊണ്ടുവന്നു

എന്ന ചരിത്ര ദൗത്യമാണ് ജനകീയാസൂത്രണം നിർവഹിച്ചത്.

പഞ്ചവൽസര പദ്ധതികളുടെ ചരിത്രം പരിശോധിച്ചാൽ പരമ്പരാഗത വികസന പദ്ധതികളിൽ സ്ത്രീകളുടെ പങ്ക് ഗുണഭോക്താവ് എന്ന നിലയിൽ പരിമിതമായിരുന്നു എന്ന് കാണാം. ഒൻപതാം പഞ്ചവൽസര പദ്ധതിയാണ് സ്ത്രീശാക്തീകരണത്തിലൂന്നിയുള്ള പദ്ധതികൾ സ്ത്രീകൾക്കായി ആവിഷ്കരിക്കണം എന്ന പരിപ്രേക്ഷ്യം രാജ്യത്ത് തന്നെ മുന്നോട്ടു വയ്ക്കുന്നത്. വനിതാഘടക പദ്ധതിയും ജെൻഡർ ബജറ്റും ഒക്കെ ഒരു പരിപ്രേക്ഷ്യം എന്ന നിലയിൽ ഒൻപതാം പദ്ധതിയുടെ ഭാഗമായി അവതരിപ്പിക്കപ്പെട്ടെങ്കിലും അതിനു ശേഷവും ചില തൊഴിൽ പരിശീലനങ്ങളും വായ്പാ പദ്ധതികളും നിർദ്ദേശിക്കപ്പെടുന്നതിൽ സ്ത്രീശാക്തീകരണം പരിമിതപ്പെടുന്ന അനുഭവമാണ് ദേശീയതലത്തിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകളെ വികസനാസൂത്രണത്തിന്റെ കർതൃസ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കുക എന്ന ധീരമായ നിലപാടാണ് ജനകീയാസൂത്രണം മുന്നോട്ടു വച്ചത്. രാജ്യത്ത് ആദ്യമായി സ്ത്രീകൾക്ക് പ്രത്യേകമായ വിഹിതവും അതിനായി നൂറു ശതമാനം സ്ത്രീകൾ മാത്രം ഗുണഭോക്താക്കളായുള്ള പദ്ധതികളും ഒപ്പം പൊതു പ്രോജക്ടുകളിൽ അർഹമായ സ്ത്രീ പരിഗണനയും എന്ന സുപ്രധാനമായ തീരുമാനമാണ് അന്ന് ഉണ്ടായത്. വനിതാ ഘടക പദ്ധതിയെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് പത്ത് ശതമാനം മാറ്റി വയ്ക്കണം എന്നതായിരുന്നു നിർദ്ദേശം. പിന്നീട് സംസ്ഥാന ബജറ്റിലെ വനിതാ ഘടക പദ്ധതിക്കും ജെൻഡർ ബജറ്റിംഗിനും വഴികാട്ടിയായത് ഈ തീരുമാനമെന്നത് ഏറ്റവും ശ്രദ്ധേയം.

അധികാരവികേന്ദ്രീകരണത്തിന് കാൽനൂറ്റാണ്ട് തികയുന്ന ഈ ഘട്ടത്തിലും വനിതാ ഘടക പദ്ധതി സംബന്ധിച്ച ആദ്യ നിലപാട് മാറ്റമില്ലാതെ തുടരുന്നു എന്നത് തന്നെയാണ് അതിന്റെ പ്രസക്തിയും പ്രാധാന്യവും. കേരളവും പശ്ചിമ ബംഗാളും ഒഴികെ, പ്രാദേശിക ഭരണ രംഗത്ത് വർദ്ധിച്ചതോതിൽ സ്ത്രീ പ്രാതിനിധ്യം സാധ്യമാക്കിയ കർണാടക ഉൾപ്പടെ മറ്റൊരു സംസ്ഥാനത്തും വനിതാ ഘടക പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് 2010 ൽ പഞ്ചായത്തീരാജും സ്ത്രീകളും സംബന്ധിച്ച് പഠിച്ച പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നത്. കേരളത്തിൽ വളരെ കൃത്യമായ നിലയിൽ പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് പത്ത് ശതമാനം എന്ന തീരുമാനം വന്നപ്പോൾ, പശ്ചിമ ബംഗാളിൽ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സ്ത്രീകൾക്കാവശ്യമായ പദ്ധതികൾക്ക് രൂപം നൽകാം എന്നതായിരുന്നു വ്യവസ്ഥ.

ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ട് സ്ത്രീപക്ഷ കാഴ്ചപ്പാടോടെ പ്രാദേശിക വികസന പദ്ധതികൾക്ക് രൂപം നൽകുക എന്നതായിരുന്നു തുടക്കം മുതലുള്ള സമീപനം.

കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ തുടക്കം കുറിച്ച വനിതാ ഘടകപദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത കേവലം ഫണ്ട് മാറ്റിവച്ച് അതിനു വേണ്ട ഗുണഭോക്താക്കളെന്ന നിലയിൽ സ്ത്രീകൾക്ക് ലഭ്യമാക്കുകയല്ല ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത് എന്നതാണ്. ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ട് സ്ത്രീ പക്ഷ കാഴ്ചപ്പാടോടെ പ്രാദേശിക വികസന പദ്ധതികൾക്ക് രൂപം നൽകുക എന്നതായിരുന്നു തുടക്കം മുതലുള്ള സമീപനം. ഓരോ പ്രദേശത്തും നടക്കുന്ന വികസന പ്രക്രിയയിൽ ഇടപെടാനുള്ള സ്ത്രീകളുടെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിലൂടെ ആസൂത്രണത്തിന്റെയും നിർവഹണത്തിന്റെയും എല്ലാ ഘട്ടങ്ങളിലും സ്ത്രീകളുടെ സാർത്ഥകമായ ഇടപെടൽ ഉറപ്പ് വരുത്തുകയായിരുന്നു ലക്ഷ്യം. വനിതാ ഘടക പദ്ധതിയുടെ രൂപീകരണ പ്രക്രിയ അത്രമേൽ സ്ത്രീ പങ്കാളിത്തത്തോടെയുള്ളതും സ്ത്രീ പ്രശ്നങ്ങളെ സ്ത്രീ പക്ഷത്ത് നിന്നും വിശകലനം ചെയ്തു കൊണ്ട് പ്രായോഗിക പരിഹാരം നിർദ്ദേശിക്കുന്നവയും ആകണമെന്നാണ് ജനകീയാസൂത്രണം വിഭാവനം ചെയ്തത്. അതുകൊണ്ട് തന്നെ കേരളത്തിൽ പ്രാദേശിക സർക്കാരുകളുടെ വനിതാ ഘടകപദ്ധതിക്ക് മൂന്നു ഘടകം ഉണ്ടെന്നു പറയാം; ആസൂത്രണത്തിലെയും നിർവഹണത്തിലെയും സ്ത്രീ പങ്കാളിത്തം, സ്ത്രീപക്ഷ കാഴ്ചപ്പാടോടെ രൂപം നൽകുന്ന പ്രോജക്ടുകൾ, ഈ പ്രോജക്ടുകൾക്കാവശ്യമായ പദ്ധതി വിഹിതം.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെ ജനാധിപത്യവും ജനകീയതയും തുടങ്ങുന്നത് ഗ്രാമസഭയിലാണ്. ഗ്രാമസഭയിൽ പുരുഷന്മാർക്കൊപ്പം സ്ത്രീകളും പങ്കെടുത്തു കൊണ്ട് ഓരോ പ്രദേശത്തെയും സ്ത്രീ വികസനത്തിനായുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കുമെന്ന് പ്രതീക്ഷിച്ചെങ്കിലും ആദ്യ ഗ്രാമസഭകളിൽ സ്ത്രീ പങ്കാളിത്തം ഏറ്റവും ശുഷ്കമായിരുന്നു. എന്നാൽ ഈ കുറവ് സ്വാഭാവികമായിരുന്നു കാരണം, അന്നേവരെ പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട് ഒരു അഭിപ്രായ പ്രകടനം നടത്തുന്നതിന് അവസരം ലഭിച്ചി

ട്ടില്ലാത്ത സ്ത്രീകൾ പെട്ടെന്നൊരു ദിവസം ഗ്രാമസഭയിൽ പങ്കെടുത്ത് വികസന ചർച്ച നടത്തുമെന്ന് ധരിക്കുന്നത് തന്നെ തെറ്റ്. അതുകൊണ്ട് തന്നെ ഈ പോരായ്മ പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾക്ക് രൂപം നൽകി. ഗ്രാമസഭയിൽ സ്ത്രീകളെ പങ്കെടുപ്പിക്കാൻ സ്ത്രീകളുടെ പ്രത്യേക സ്ക്വാഡ്, അങ്കണവാടി പ്രവർത്തകരുടെ നേതൃത്വത്തിൽ സ്ത്രീകൾക്ക് ഗ്രാമസഭ സംബന്ധിച്ച അറിയിപ്പുകൾ നൽകുക, വനിതാ സംഘടനകളുടെ യോഗങ്ങൾ ചേർന്ന് ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിനുള്ള പ്രചരണം നടത്തുക തുടങ്ങി നിരവധി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ആസൂത്രണത്തിലെ സ്ത്രീ പങ്കാളിത്തം എങ്ങനെ ഫലപ്രദമാക്കാം എന്നതിന്റെ ആത്മാർത്ഥമായ പരിശ്രമമാണ് അന്ന് നടന്നത്. ഇതിന്റെയൊക്കെ ഫലമായി ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണത്തിനായി ചേർന്ന ഗ്രാമസഭകളിൽ സ്ത്രീകളുടെ പങ്കാളിത്തവും ചർച്ചകളുടെ ഗുണനിലവാരവും മെച്ചപ്പെടുത്താൻ കഴിഞ്ഞു. ഒന്നാം വാർഷിക പദ്ധതിയുടെ ആസൂത്രണ ഗ്രാമസഭയിൽ 26 ശതമാനമായി വർദ്ധിച്ച ഗ്രാമസഭയിലെ സ്ത്രീപങ്കാളിത്തം രണ്ടാം വർഷ ആസൂത്രണ ഗ്രാമസഭയിൽ 32.65 ശതമാനമായും മൂന്നാം വർഷ ആസൂത്രണ ഗ്രാമസഭയിൽ 41 ശതമാനമായും വർദ്ധിച്ചു. കഴിഞ്ഞ കുറേവർഷങ്ങളായി ഗ്രാമസഭകളിൽ പലയിടത്തും തൊണ്ണൂറു ശതമാനം എന്ന നിലയിൽ കേരളത്തിലെ ഗ്രാമസഭാ സ്ത്രീ പങ്കാളിത്തം എത്തി നിൽക്കുന്നു.

ഗ്രാമസഭയിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രക്രിയയായിട്ടല്ല ജനകീയാസൂത്രണത്തിൽ വികസനത്തിലെ സ്ത്രീ പങ്കാളിത്തം വിഭാവനം ചെയ്തത്. പഞ്ചായത്ത്/നഗരസഭയുടെ വികസന റിപ്പോർട്ടിൽ സ്ത്രീ ചരിത്രം സംബന്ധിച്ച അദ്ധ്യായം, വികസന സെമിനാറിൽ സ്ത്രീ വികസന പ്രോജക്ടുകൾ ചർച്ച ചെയ്യാൻ പ്രത്യേക വിഷയ ഗ്രൂപ്പ്, സ്ത്രീകൾക്കായുള്ള വികസന പ്രോജക്ടുകൾ തയാറാക്കാൻ പ്രത്യേക കർമ്മ സമിതി, എല്ലാ പ്രോജക്ടുകളിലും സ്ത്രീകളെ ആ പ്രോജക്ട് എങ്ങനെ ബാധിക്കുമെന്ന പ്രസ്താവന തുടങ്ങി അന്നേവരെ സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ പ്രയോഗിച്ചിട്ടില്ലാത്ത രീതികളും അന്നേവരെ വികസന ആസൂത്രണ പ്രക്രിയയിൽ സ്ത്രീ പ്രശ്നങ്ങൾക്ക് ലഭിക്കാത്ത പ്രാധാന്യവും വികേന്ദ്രീകൃതാസൂത്രണത്തിന്റെ തുടക്കത്തിൽ തന്നെ സൃഷ്ടിക്കപ്പെട്ടു എന്നത് പ്രധാനമാണ്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷമായി പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട് നടക്കുന്ന ആസൂത്രണ നിർവഹണ പ്രക്രിയയിൽ സ്ത്രീകൾക്ക് ആർക്കും നിഷേധിക്കാനാകാത്ത സ്ഥാനവും പ്രാധാന്യവും ഉണ്ടെങ്കിൽ അതിനുകാരണം തുടക്കത്തിൽ തന്നെ സ്വീകരിക്കപ്പെട്ട ബോധപൂർവ്വമായ നടപടികളാണ്. എന്നാൽ കാൽനൂറ്റാണ്ടിനിടയിൽ ഈ അവസരങ്ങൾ ഓരോ പ്രദേശത്തെയും സ്ത്രീ സമൂഹത്തെ വികസന പ്രക്രിയയിലെ തുല്യ പങ്കാളികളാക്കാൻ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞുവെന്നത് പരിശോധിക്കുകയും ദൗർബല്യങ്ങൾ പരിഹരിക്കുകയും വേണം. കർമ്മ സമിതി പ്രവർത്തനത്തിൽ ജനകീയാസൂത്രണ കാലത്ത് തന്നെ ചൂണ്ടിക്കാണിക്കപ്പെട്ട ഒരു ദൗർബല്യം സ്ത്രീകളുടെ സജീവതയുടെ കുറവാണ്. നമ്മുടെ ഓരോ പ്രദേശത്തും ഉള്ള വിദ്യാസമ്പന്നരായ സ്ത്രീകളെ കർമ്മസമിതികളുടെയും വനിതാ പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെയും ഭാഗമാക്കി മാറ്റുന്നതിന് ഇനിയും എത്രമാത്രം കഴിയുന്നുണ്ടെന്നതും ഗൗരവത്തോടെ വിലയിരുത്തണം. ഗുണഭോക്താവ് എന്ന അവസ്ഥയിൽ നിന്നും തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് തങ്ങൾതന്നെ കണ്ടെത്തിയ പരിഹാരമാർഗ്ഗങ്ങൾ പ്രായോഗികമായി നടപ്പിലാക്കാൻ നേതൃത്വം നല്കുന്നവരായി സ്ത്രീകളെ മാറ്റുന്നതിന് വനിതാ ഘടകപദ്ധതി മുഖ്യ പങ്കുവഹിക്കുന്നുണ്ട്. ഗ്രാമസഭയിൽ നടക്കുന്ന ചർച്ചകളുടെ ഗുണനിലവാരം, കർമ്മസമിതികളിൽ സ്ത്രീകളുടെ ഗുണപരമായ ഇടപെടൽ എന്നിവ സംബന്ധിച്ച് വിമർശനപരമായ പരിശോധന നടത്തിക്കൊണ്ട് തന്നെ ഈ പ്രക്രിയയുടെ കാര്യക്ഷമത വീണ്ടെടുക്കേണ്ടതുണ്ട്. കാരണം രാജ്യത്ത് മറ്റൊരിടത്തും സ്ത്രീകൾക്ക് ലഭിക്കാത്ത അവസരങ്ങളാണ് കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രാദേശിക വികസന പ്രക്രിയയിൽ സൃഷ്ടി

രാജ്യത്ത് മറ്റൊരിടത്തും സ്ത്രീകൾക്ക് ലഭിക്കാത്ത അവസരങ്ങളാണ് കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രാദേശിക വികസന പ്രക്രിയയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇതിനെ സ്ത്രീ മുന്നേറ്റത്തിനും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനും വേണ്ടി ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്നത് മുഖ്യമാണ്.

ക്കപ്പെട്ടിട്ടുള്ളത്. ഇതിനെ സ്ത്രീ മുന്നേറ്റത്തിനും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനും വേണ്ടി ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്നത് മുഖ്യമാണ്.

പ്രാദേശിക ആസൂത്രണത്തിൽ സ്ത്രീ പ്രശ്നത്തിന് ഊന്നൽ നൽകുന്നതിനായി രണ്ടു ഘടകങ്ങൾ മാർഗ്ഗനിർദ്ദേശമായി നൽകപ്പെട്ടിരുന്നല്ലോ; ഒന്ന്, എല്ലാ പ്രോജക്റ്റുകളിലും അനിവാര്യമായി ഉണ്ടാകേണ്ട സ്ത്രീ പരിഗണന, രണ്ട്, വനിതാ ഘടക പദ്ധതി. ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനം നടപ്പാക്കുന്ന പല പ്രോജക്റ്റുകളും നേരിട്ട് സ്ത്രീകളെ ബാധിക്കുന്നതായിരിക്കില്ല. എന്നാൽ അതിൽ പോലും സ്ത്രീ പദവി ആഘാത പ്രസ്താവന രേഖപ്പെടുത്തുക എന്ന നടപടി ആകെ ആസൂത്രണ പ്രക്രിയ ലിംഗാവബോധത്തോടെ ആക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സ്വീകരിക്കപ്പെട്ടത്. സ്ത്രീ പരിഗണന എന്നത് ഗുണഭോക്താവ് എന്ന നിലയിൽ മാത്രം സ്ത്രീകൾക്ക് ലഭിക്കേണ്ട ഒന്നല്ലെന്നും വികസനത്തിലെ തുല്യത എന്ന അംഗീകാരമാണെന്നും സമൂഹത്തെ ബോദ്ധ്യപ്പെടുത്താൻ ഇത്തരം നടപടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

വനിതാ ഘടക പദ്ധതിക്ക് പത്ത് ശതമാനം വകയിരുത്തണമെന്ന നിർദ്ദേശം തുടക്കത്തിൽ ഒട്ടേറെ സംശയങ്ങളും എതിർപ്പുകളും ഉയർത്തിയിരുന്നു. എല്ലാ പ്രോജക്റ്റുകളും സ്ത്രീകൾക്ക് കൂടി വേണ്ടിയുള്ളതല്ലേ, പിന്നെയെന്തിനാണ് വേറെ ഫണ്ട് വെച്ച് അത് പാഴാക്കുന്നത് എന്നായിരുന്നു പ്രധാന എതിർപ്പ്. മറ്റൊരു സംശയം, സ്ത്രീകൾക്ക് പ്രത്യേകം ഫണ്ട്, പ്രത്യേകം പദ്ധതി എന്നൊക്കെ പറയുന്നത് അവരെ പ്രത്യേക കമ്പാർട്ട്മെന്റായി ഒറ്റപ്പെടുത്തലല്ലേ എന്നതായിരുന്നു. കഴിഞ്ഞ കാൽ നൂറ്റാണ്ടിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഈ സംശയങ്ങൾക്കെല്ലാം മറുപടി നൽകിയിട്ടുണ്ട്. പൊതു ആവശ്യങ്ങളായിട്ടുള്ള വെള്ളവും വീടും കക്കൂസും റോഡും അല്ലാതെ സ്ത്രീകൾക്ക് സാമൂഹ്യവും സാമ്പത്തികവുമായി മുന്നേറാനും സ്വാശ്രയത്വം നേടാനും പ്രാപ്തരാക്കുന്ന പ്രായോഗിക ഇടപെടലുകൾ എന്ന നിലയിലാണ് വനിതാ ഘടകപദ്ധതിയെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നത്. തുടക്കത്തിൽ പല ദൗർബല്യങ്ങളും ഉണ്ടായിരുന്നെങ്കിലും തുടർച്ചയായ വിലയിരുത്തലുകൾക്ക് വനിതാ ഘടക പദ്ധതിയെ വിധേയമാക്കുന്ന പരിശീലനങ്ങളിലൂടെയും തിരുത്തലുകളിലൂടെയും വനിതാ ഘടക പദ്ധതിയുടെ ഉള്ളടക്കം മെച്ചപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വനിതാ ഘടകപദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും ഉള്ളടക്കവും വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട് എങ്കിലും വനിതാഘടക പദ്ധതിക്ക് രൂപം നൽകുമ്പോൾ ഓരോ പ്രദേശത്തും ഉള്ള സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളും (practical gender needs) പൊതുവേ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീകളോടുള്ള വിവേചനത്തെ മറികടക്കാൻ സഹായകരമായ തരത്തിലുള്ള തന്ത്രപരമായ ആവശ്യങ്ങളും (strategic gender needs) ആ നിലയിൽ ആഴത്തിലുള്ള ചർച്ചകൾക്ക് വിധേയമാക്കുന്നുണ്ടോ എന്ന പരിശോധന തുടർച്ചയായി നടക്കേണ്ടതുണ്ട്. ഇത്തരം പരിശോധനകൾ നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വനിതാ ഘടക പദ്ധതിക്ക് രൂപം നൽകുന്നതിനും ജനപ്രതിനിധികളെയും സന്നദ്ധ പ്രവർത്തകരെയും പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം ജനകീയാസൂത്രണ കാലം മുതൽ നടക്കുന്നുണ്ട്. എന്നാൽ ഇത്തരം പരിശീലനങ്ങളെ അവഗണിക്കുകയും തങ്ങൾക്കെല്ലാം അറിയാം എന്ന് ധരിക്കുകയും ചെയ്യുന്നവർ പരമ്പരാഗതമായ സ്ത്രീ ധർമ്മ ധാരണകളിൽ വീണ്ടും വനിതാ ഘടക പദ്ധതിയെ കുടുക്കിയിടുന്നതായി കാണാം. വനിതാ ഘടക പദ്ധതിയിൽ വീടും റോഡും കക്കൂസും ഒക്കെ ഉൾപ്പെടുത്തുന്നതിൽ തുടക്കം മുതൽ കടുത്ത വിമർശനം ഒരു ഭാഗത്തു ഉയരുമ്പോഴും ഇതൊക്കെ മതി വനിതാ ഘടക പദ്ധതിയിലെന്ന പിന്തിരിപ്പൻ ധാരണയും തുടരുന്നുണ്ട്. വിധവകൾ ഗുണഭോക്താക്കളായുള്ള വീടുകൾക്കും അവർക്കാവശ്യമുള്ള ഭൂമിക്കുമായി നൂറ് ശതമാനം വനിതാ ഘടക പദ്ധതി വിഹിതവും മാറ്റിവയ്ക്കുന്ന പ്രവണത കുറച്ചു കാലം മുൻപ് വരെ ഉണ്ടായിരുന്നു. സ്ത്രീ പ്രശ്നം സംബന്ധിച്ച ധാരണക്കുറവും ഈ മേഖലയിൽ ആവശ്യമായ കാഴ്ചപ്പാടോടെ ഇടപെടുന്നതിൽ പ്രാദേശികമായി ഉണ്ടാകുന്ന പോരായ്മകളുമാണ് വനിതാ ഘടകപദ്ധതിയെ ദുർബലമാക്കുന്നത്.

വനിതാഘടക പദ്ധതിക്ക് രൂപം നൽകുമ്പോൾ ഓരോ പ്രദേശത്തും ഉള്ള സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളും പൊതുവേ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീകളോടുള്ള വിവേചനത്തെ മറികടക്കാൻ സഹായകരമായ തരത്തിലുള്ള തന്ത്രപരമായ ആവശ്യങ്ങളും ആ നിലയിൽ ആഴത്തിലുള്ള ചർച്ചകൾക്ക് വിധേയമാക്കുന്നുണ്ടോ എന്ന പരിശോധന തുടർച്ചയായി നടക്കേണ്ടതുണ്ട്.

വനിതാ ഘടകപദ്ധതിയുടെ പത്ത് ശതമാനം ചെലവഴിക്കാൻ പ്രോജക്ടുകളുണ്ടാക്കുന്നത് ഒരു ശല്യവും ബാദ്ധ്യതയുമായി കാണുന്ന പ്രവണത തുടക്കം മുതൽ ചിലയിടങ്ങളിൽ കാണാം. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി സ്ത്രീകൾക്ക് എന്ന് പറഞ്ഞു കെട്ടിടങ്ങൾ ഉണ്ടാക്കുകയും അതിന്റെ തുടർച്ചയായി ഉണ്ടാകേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകാതെ ആ കെട്ടിടങ്ങളും ഭൗതിക സൗകര്യങ്ങളും മറ്റു ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നത് തിരുത്തേണ്ട ഒന്നാണ്. വനിതാ ഘടകപദ്ധതിക്ക് പത്ത് ശതമാനത്തിലധികവും മാറ്റിവയ്ക്കുകയും എന്നാൽ അത് സമയ ബന്ധിതമായി ചെലവഴിക്കാൻ താല്പര്യം കാണിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണതകളും തിരുത്തപ്പെടേണ്ടതാണ്. സ്ത്രീകളുടെ ഉന്നമനത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള പ്രത്യേകം ഫണ്ടും ഇടപെടാനുള്ള അവസരവും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള ചുമതല ഓരോ പ്രദേശത്തും വനിതാ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സ്ത്രീകൾ തന്നെ ഏറ്റെടുക്കണം.

വനിതാ ഘടകപദ്ധതിയുടെ ഉള്ളടക്കത്തിൽ ജനകീയാസൂത്രണ കാലം മുതൽ മുന്നോട്ടുവച്ച ഒന്നാണ് സ്ത്രീ പദവി പഠന പ്രോജക്ട്. 2000 ൽ സ്ത്രീ പദവി പ്രോജക്ട് സംബന്ധിച്ച് നടത്തിയ വിപുലമായ ക്യാമ്പെയിൻ ഏറ്റവും വലിയ സ്ത്രീപക്ഷ ചർച്ചകൾക്കാണ് വേദിയൊരുക്കിയത്. സ്ത്രീകൾ മാത്രമല്ല, സമൂഹമാകെ പങ്കെടുക്കുന്ന ഒരു സ്വയം പഠന പ്രക്രിയയായിട്ടാണ് സ്ത്രീ പദവി പഠന പ്രോജക്ട് അവതരിപ്പിക്കപ്പെട്ടത്. നിരവധി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അന്ന് തന്നെ സ്ത്രീ പദവി പഠനം ഏറ്റെടുത്തു. ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, ധർമ്മടം ഗ്രാമപഞ്ചായത്ത്, ബൈസൻവാലി ഗ്രാമപഞ്ചായത്ത്, പെരുമ്പാവൂർ നഗരസഭ തുടങ്ങി ഒന്നാം ഘട്ടത്തിൽ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനു തയ്യാറായി. തുടർന്നുള്ള വർഷങ്ങളിലും നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടകപദ്ധതിയുടെ ഭാഗമായി സ്ത്രീ പദവി പഠനവും ജെൻഡർ റിസോഴ്സ് സെന്റർ പ്രോജക്ടുകളും ഉൾപ്പെടുത്തി. കിലയുടെ നേതൃത്വത്തിൽ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ത്രീ സൗഹൃദ സ്ഥാപനങ്ങളായി മാറുന്നതിനുള്ള ഇടപെടലുകൾ ഏറ്റെടുത്തു. പല തരത്തിലുള്ള സ്ത്രീ വിരുദ്ധ ധാരണകൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഏറ്റവും താഴെത്തട്ടിൽ ഗ്രാമസഭ മുതൽ ജെൻഡർ അല്ലെങ്കിൽ ലിംഗപദവി, ലിംഗതുല്യത, ലിംഗ വിവേചനം പോലെയുള്ള ആശയങ്ങളും അവയുടെ പ്രായോഗിക പ്രയോഗങ്ങളും അനുഭവങ്ങളും ചർച്ചകൾക്ക് വിധേയമാക്കി എന്നത് ഒരു നേട്ടം തന്നെയാണ്. ജെൻഡർ റിസോഴ്സ് സെന്റർ, ജാഗ്രതാ സമിതി, സ്ത്രീകളുടെ തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങിയ പ്രോജക്ടുകളിൽ ഏറ്റവും മുഖ്യം അവയുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പു വരുത്തുക എന്നതാണ്. എന്നാൽ നിർഭാഗ്യവശാൽ ഒരു ഭരണസമിതി നടപ്പാക്കുന്ന ഇത്തരം പ്രോജക്ടുകൾ ഭരണസമിതി മാറുമ്പോഴും ഈ പ്രോജക്ട് നടപ്പാക്കാൻ മുൻകൈ എടുത്ത വ്യക്തിയോ വ്യക്തികളോ ഒഴിവാകുമ്പോഴും പ്രവർത്തനം നിലയ്ക്കുന്നതാണ് പലയിടത്തും കാണാൻ കഴിയുന്നത് . വനിതാ ഘടക പദ്ധതിയിൽ മാറി മാറി വരുന്ന ഭരണസമിതിയുടെയും താല്പര്യങ്ങൾക്ക് അനുസൃതമായി മാറ്റങ്ങൾ വരുന്നത് സ്വാഭാവികമാണ്. എന്നാൽ ഒരു പ്രദേശത്തെ സ്ത്രീ സമൂഹത്തിനു ഏറ്റവും അനുഗുണമായ രീതിയിൽ പ്രവർത്തിക്കുന്ന വനിതാ ഘടകപദ്ധതി പ്രോജക്ടുകൾ എങ്ങനെ കൂടുതൽ ഫലപ്രദമായി മുന്നോട്ടു കൊണ്ട് പോകാം എന്ന കരുതൽ ഓരോ ഭരണസമിതിയുടെയും ഭാഗത്തു നിന്നുണ്ടാകണം.

ഒൻപതാം പദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിലെ വനിതാ ഘടകപദ്ധതിയുടെ ഉള്ളടക്കം പരിശോധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് കണ്ടെത്തിയ നിഗമനങ്ങൾ വനിതാ ഘടക പദ്ധതിയുടെ ഉള്ളടക്കവും സമീപനവും കൂടുതൽ ഫലപ്രദമാക്കുന്നതിനു സഹായകരമായിരുന്നു. അതിൽ ഏറ്റവും പ്രധാനം ആദ്യകാലങ്ങളിൽ വ്യാപകമായി കണ്ട, വ്യക്തിഗത ഗുണഭോക്താക്കളെന്ന നിലയിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പ്രവണത പരമാവധി നിരുൽസാഹപ്പെടുത്തണമെന്നതായിരുന്നു. ചില ആനുകൂല്യങ്ങൾ വ്യക്തികൾക്ക് നൽകേണ്ടി വരും, എന്നാൽ ഉത്പാദന മേഖലയിൽ ആട്, കോഴി, തയ്യൽ മെഷീൻ തുടങ്ങിയവയുടെ വിതരണം അവയെ വരുമാന വർദ്ധനവിനുള്ള ഉപാധിയാക്കി അത് കിട്ടിയവർക്ക് പ്രയോജനപ്പെടുത്താൻ കഴിയുമോ എന്നൊന്നും ആലോചിച്ചായിരുന്നില്ല. ഇങ്ങനെയൊരു സാഹചര്യത്തിലാണ് സ്ത്രീകളുടെ കൂട്ടായ്മകൾ വനിതാ ഘടക പദ്ധതിയുടെ ഭാഗമായുള്ള സാമ്പത്തിക ഉത്പാദന പ്രോജക്ടുകളിൽ പ്രോത്സാഹിപ്പിക്കണം എന്ന ധാരണ ശക്തമായത്. അന്ന് നിലവിലുണ്ടായിരുന്ന DWCRA, മഹിളാ സമാജം എന്നിവയുടെയൊക്കെ ദൗർബല്യങ്ങൾ മനസിലാക്കിക്കൊണ്ട് പുതിയ തരത്തിലുള്ള സ്ത്രീ കൂട്ടായ്മകൾ സ്വയം സഹായസംഘങ്ങൾ എന്ന രൂപത്തിൽ ഉണ്ടാകുന്നത് ഈ ഘട്ടത്തിലാണ്. ഇങ്ങനെ പൊതു അയൽക്കൂട്ടങ്ങളുടെ ഭാഗമായും നഗരങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായും ഒക്കെ പ്രവർത്തിച്ചു വന്ന സ്ത്രീകൂട്ടായ്മകൾക്ക് ഐക്യരൂപവും ഘടനയും നൽകി മിഷൻ മാതൃകയിൽ കുടുംബശ്രീ എന്ന പേരിൽ സംസ്ഥാന സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടത് 1998ലാണ്.

ഈ നിലയിൽ വനിതാഘടക പദ്ധതിയുടെ ഉപോല്പന്നമായി തന്നെ കാണേണ്ട ഒന്നാണ് കുടുംബശ്രീയുടെ തുടക്കവും. ലോകമാകെ തന്നെ ദരിദ്രരുടെ തുരുത്തുകളായി രൂപം കൊണ്ട സ്വയം സഹായസംഘങ്ങളിൽ നിന്നും രാഷ്ട്രീയവും പ്രത്യയ ശാസ്ത്രപരവുമായ വ്യത്യസ്ത നിലപാട് കേരളത്തിൽ കുടുംബശ്രീയുടെ ഭാഗമായുള്ള സ്ത്രീ കൂട്ടായ്മകളുടെ രൂപീകരണത്തിനു പിന്നിലുണ്ടെന്ന് തുടക്കത്തിൽ തന്നെ സംസ്ഥാന സർക്കാർ വ്യക്തമാക്കിയിരുന്നു. അതുകൊണ്ടാണ് ആഗോളമായി തന്നെ ഉപയോഗിച്ചു വന്ന സ്വയം സഹായസംഘം എന്ന വിളിപ്പേരിനു പകരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്ന സംജ്ഞ സ്വീകരിക്കപ്പെട്ടത്. ദാരിദ്ര്യത്തിൽ നിന്നും കരകയറാനും സാമ്പത്തിക സ്വാശ്രയത്വം നേടാനും സ്വയം സഹായസംഘങ്ങൾ

വനിതാഘടക പദ്ധതിയുടെ ഉപോല്പന്നമായി തന്നെ കാണേണ്ട ഒന്നാണ് കുടുംബശ്രീയുടെ തുടക്കവും. ലോകമാകെ തന്നെ ദരിദ്രരുടെ തുരുത്തുകളായി രൂപം കൊണ്ട സ്വയം സഹായസംഘങ്ങളിൽ നിന്നും രാഷ്ട്രീയവും പ്രത്യയ ശാസ്ത്രപരവുമായ വ്യത്യസ്ത നിലപാട് കേരളത്തിൽ കുടുംബശ്രീയുടെ ഭാഗമായുള്ള സ്ത്രീ കൂട്ടായ്മകളുടെ രൂപീകരണത്തിനു പിന്നിലുണ്ട്.

ഉണ്ടാക്കി സൂക്ഷ്മ വായ്പയെ ആശ്രയിക്കുക മാത്രമാണ് പോംവഴിയെന്ന ലോക ബാങ്ക് കുറിപ്പടിയിൽ നിന്നും തികച്ചും വ്യത്യസ്തമായി, ദരിദ്രരെ തുരുത്തുകളായി ഒറ്റപ്പെടുത്തുകയല്ല, പൊതുസമൂഹത്തിന്റെ ഭാഗമായി സ്വാശ്രയത്വവും ആത്മവിശ്വാസവും നേടാൻ അവസരമൊരുക്കുകയാണ് വേണ്ടതെന്നും കുടുംബശ്രീയിലൂടെ കേരളം തെളിയിച്ചു. ബിപിഎൽ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് അവർക്ക് അർഹമായ ആനുകൂല്യങ്ങൾ ഉറപ്പു വരുത്തണം, എന്നാൽ അയൽക്കൂട്ടങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളിലും പൊതുസമൂഹത്തിൽ ഇടപെടുന്നതിലും അയൽക്കൂട്ട പ്രദേശത്തെ മുഴുവൻ സ്ത്രീകളെയും ഉൾക്കൊള്ളുന്ന തരത്തിൽ സാമൂഹ്യ സാമ്പത്തിക ഭേദമില്ലാതെ സ്ത്രീകളുടെ കൂട്ടായ്മകൾ എന്നതാണ് കുടുംബശ്രീയുടെ സമീപനം. അതുകൊണ്ട് തന്നെയാണ് വനിതാ ഘടക പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മുഖ്യ നിർവഹണ ഏജൻസിയായി ഭൂരിപക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കുടുംബശ്രീക്ക് പ്രവർത്തിക്കാൻ കഴിയുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ സാദ്ധ്യതകളും അവസരങ്ങളും ഉപയോഗപ്പെടുത്തി തന്നെയാണ് കുടുംബശ്രീപ്രസ്ഥാനവും കേരളത്തിൽ വിപുലമായത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പിന്തുണയും സംരക്ഷണവും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഓരോ പ്രദേശത്തും കഴിഞ്ഞ രണ്ടു ദശകമായി ലഭിച്ചു വരുന്നുണ്ട്.

എന്നാൽ സ്ത്രീ ശാക്തീകരണത്തിന്റെ കുറുക്കു വഴിയാണ് കുടുംബശ്രീ എന്നും കുടുംബശ്രീക്ക് പ്രോജക്ടും ഫണ്ടും വയ്ക്കുന്നതിലൂടെ പ്രാദേശികമായി സ്ത്രീകളുടെ മുന്നേറ്റം ഉറപ്പാകുമെന്നും ഉള്ള ധാരണകൾ ശരിയല്ല. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനും വഴിയൊരുക്കുന്നുണ്ട് എന്നതിൽ സംശയമില്ല. പക്ഷെ ആഴ്ച തോറുമുള്ള നിക്ഷേപ-വായ്പാ പ്രവർത്തനങ്ങൾക്ക് അപ്പുറത്തേക്ക് ചിന്തിക്കാനോ ഇടപെടാനോ തയ്യാറാകാത്ത അയൽക്കൂട്ടങ്ങൾ ഇപ്പോഴും ഏറെയുണ്ട്. സൂക്ഷ്മ തൊഴിൽ സംരംഭങ്ങളും കൃഷിയുമൊക്കെയായി തങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തിയ അയൽക്കൂട്ടങ്ങളും ധാരാളമുണ്ട്. പക്ഷെ ഇത്തരം പ്രവർത്തനങ്ങളിൽ പരിമിതപ്പെടുന്നതല്ല ശാക്തീകരണ പ്രക്രിയ. തങ്ങളുടെയും തങ്ങൾ ഉൾപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെയും പ്രശ്നങ്ങൾ തിരിച്ചറിയുകയും വിവേചനങ്ങളോട് പ്രതികരിക്കുകയും ചുറ്റുപാടുമുള്ള സ്ത്രീ വിരുദ്ധത തിരുത്താൻ ആവശ്യ

പ്പെടുകയും ചെയ്യുന്ന സ്ത്രീകളെ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ കുടുംബശ്രീ പ്രവർത്തനത്തെ മാറ്റിത്തീർക്കേണ്ടതുണ്ട്. അതിനായി വനിതാ ഘടകപദ്ധതിയെ എങ്ങനെ പ്രയോജനപ്പെടുത്താനാകും എന്ന അന്വേഷണവും പരിശ്രമവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നുണ്ടാകണം. സ്ത്രീ സൗഹൃദ പഞ്ചായത്തുകൾ/നഗരസഭകൾ സൃഷ്ടിക്കുന്നതിനായി കിലയുമായി ചേർന്ന് നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ പാഠങ്ങളായി നമുക്ക് മുന്നിലുണ്ട്. ഇത്തരം

ഇരുപത്തിയഞ്ച് വർഷം മുൻപ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജവത്തോടെ മുൻകൈയെടുത്ത് യാഥാർത്ഥ്യമാക്കിയ വനിതാ ഘടകപദ്ധതി രൂപീകരണത്തിനായുള്ള സർഗ്ഗാത്മകമായ ഇടപെടലുകളുടെ പാഠങ്ങൾ ഉൾക്കൊണ്ടും മുന്നോട്ട് പോകേണ്ടതുണ്ട്. ഇതിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയുന്നത് വനിതാ ജനപ്രതിനിധികൾക്കാണ്.

അനുഭവങ്ങൾ പരസ്പരം പങ്കുവച്ച് കൊണ്ടും ഇരുപത്തിയഞ്ച് വർഷം മുൻപ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജവത്തോടെ മുൻകൈയെടുത്ത് യാഥാർത്ഥ്യമാക്കിയ വനിതാ ഘടകപദ്ധതി രൂപീകരണത്തിനായുള്ള സർഗ്ഗാത്മകമായ ഇടപെടലുകളുടെ പാഠങ്ങൾ ഉൾക്കൊണ്ടും മുന്നോട്ട് പോകേണ്ടതുണ്ട്. ഇതിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയുന്നത് തുല്യ പങ്കാളിത്തത്തോടെ അധികാരത്തിലെത്തിയിട്ടുള്ള വനിതാ ജനപ്രതിനിധികൾക്കാണ്. വിദ്യാഭ്യാസത്തിലും പൊതുസമൂഹത്തിലെ ഇടപെടലുകളുടെ കാര്യത്തിലും മറ്റു സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിൽ നിൽക്കുന്ന, കേരളത്തിലെ പ്രാദേശിക ഭരണരംഗത്തെ സ്ത്രീനേതൃത്വത്തിന് സ്ത്രീ സമൂഹത്തിന്റെ കൂടി ഉന്നമനത്തിന് പ്രാദേശിക വികസനത്തെ ആയുധമാക്കാൻ കഴിയണം. പ്രാദേശികമായി സ്ത്രീ കൂട്ടായ്മകൾ അതിന് ആവശ്യമായ പിന്തുണ വനിതാ ജനപ്രതിനിധികൾക്ക് നൽകണം. വനിതാ ഘടക പദ്ധതി കേവലം ഫണ്ട് സ്ത്രീകൾക്കായി കൈമാറുന്ന യാന്ത്രിക പ്രവർത്തനമായിട്ടല്ല, ഓരോ പ്രദേശത്തെയും സ്ത്രീ ജീവിതത്തിൽ ക്രിയാത്മകമായി ഇടപെട്ടുകൊണ്ട് സാമൂഹ്യവും സാമ്പത്തികവുമായ ഉന്നതിയിലേക്ക് അവരെ നയിക്കുന്ന സർഗ്ഗാത്മക പ്രക്രിയയായി സ്വാംശീകരിക്കാൻ കഴിയണം. അപ്പോൾ വനിതാ ഘടകപദ്ധതി സ്ത്രീ പുരുഷ തുല്യതയ്ക്കായുള്ള സാമൂഹ്യ പ്രക്രിയയിൽ ഫലപ്രദമായ ആയുധമായും മാറും. □

ലേഖിക ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സണാണ്.

ജനകീയാസൂത്രണം @ 25 വർഷങ്ങൾ

ഡോ. ജോയ് ഇളമൺ

കൊവിഡാനന്തരമുള്ള നവ കേരള സൃഷ്ടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. അതിനായുള്ള കാര്യശേഷിയും ശക്തിയും നേടാൻ ജനകീയാസൂത്രണത്തിലൂടെ ഇനിയും മുന്നേറാം. തിരഞ്ഞെടുപ്പിന് ശേഷം പുതിയ ജനപ്രതിനിധികൾ സാരഥ്യമേറ്റെടുക്കുമ്പോൾ പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ സജ്ജരാകേണ്ടതുണ്ട്.

ഇരുപത്തിനാല് വർഷങ്ങൾക്കു മുൻപൊരു പുതുവത്സര പിറവി. ചിങ്ങം 1. 17 ഓഗസ്റ്റ് 1996. കേരള സർവകലാശാലയിലെ സെനറ്റ് ഹാളിൽ അസാധാരണമായ ഒരു കൂട്ടായ്മ. കേരളത്തിന്റെ മുൻ മുഖ്യമന്ത്രിമാർ, അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർ, എല്ലാ തട്ടിലുമുള്ള ജനപ്രതിനിധികൾ, ഭരണ പ്രതിപക്ഷ നേതാക്കന്മാർ, വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങി സർവ മേഖലകളിലെയും പ്രതിനിധികൾ അടങ്ങുന്ന വിപുലമായ നിര. ഇവരുടെയെല്ലാം സാന്നിധ്യത്തിൽ കേരള സംസ്ഥാനത്തിന്റെ പ്രഥമ മുഖ്യമന്ത്രി ഇ.എം.എസ്. ജനകീയാസൂത്രണത്തിനു ദീപം കൊളുത്തി. കേരളത്തിന്റെ ഭരണ പ്രക്രിയയിലും സംവിധാനത്തിലും വികസന യാത്രയിലും പുതിയ ഒരു ഏട് രചിച്ചു കൊണ്ടാണ് ജനകീയാസൂത്രണം ഉദ്ഘാടനം ചെയ്യപ്പെട്ടത്. അധികാരം ജനങ്ങളിലേക്ക്! ജനകീയാസൂത്രണപ്രസ്ഥാനം ഇപ്പോൾ ഇരുപത്തി അഞ്ചാം വർഷത്തിലേക്ക് കടന്നിരിക്കുന്നു.

കേരള പിറവി മുതൽ ചർച്ചാവിഷയമായിരുന്നുവെങ്കിലും അധികാര വികേന്ദ്രീകരണത്തിലേക്കുള്ള കേരളത്തിന്റെ യാത്ര 'മുന്നോട്ട് ഒരടി, പിന്നോട്ട് രണ്ടടി' എന്ന രീതിയിലായിരുന്നു. പ്രഥമ മുഖ്യമന്ത്രി ഇ.എം. എസ്. നമ്പൂതിരിപ്പാട് തന്നെയായിരുന്ന

അധികാരവികേന്ദ്രീകരണ ആശയത്തിന് തുടക്കം കുറിച്ചത് എന്ന് നിസംശയം പറയാം. ആദ്യ ഭരണ പരിഷ്കാര കമ്മീഷനിലും പിന്നീടുള്ള ദേശീയ തലത്തിലെ അശോക് മേത്ത കമ്മിറ്റിയിലും ഇ.എം.എസ്. വികേന്ദ്രീകൃത ഭരണ സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെയും അധികാരം ജനങ്ങളിലേക്ക് എത്തേണ്ടതിന്റെയും ആശയങ്ങൾ വളരെ വ്യക്തമായി പങ്കു വെച്ചിരുന്നു. എന്നാൽ പല മന്ത്രിസഭകളും നിയമങ്ങളുമായി നിയമസഭയിലെത്തിയെങ്കിലും ഒന്നും ഫലം കണ്ടില്ല എന്നതാണ് ചരിത്രം. അവയിൽ പലതും ആ രീതിയിൽ ശക്തമായിരുന്നില്ല എന്നത് മറ്റൊരു കാര്യം. എന്നാൽ 1987 ൽ അധികാരത്തിലേറിയ ഇ.കെ. നായനാരുടെ നേതൃത്വത്തിലുണ്ടായിരുന്ന സർക്കാറാണ് അധികാര വികേന്ദ്രീകരണ ആശയങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടുള്ള മൂർത്തമായ സംവിധാനം ഒരുക്കിയത്. അതിൻ പ്രകാരമാണ് ജില്ലാ കൗൺസിൽ അടക്കമുള്ള സംവിധാനം നിലവിൽ വന്നത്. എന്നാൽ പിൽക്കാലത്ത് പല കാരണങ്ങളാൽ അത് തകർക്കപ്പെട്ടു.

ഇതിനിടയിൽ പശ്ചിമ ബംഗാൾ, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിലും പഞ്ചായത്തിരാജ് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. ഈ അനുഭവങ്ങളുടെ എല്ലാം അടിസ്ഥാനത്തിലാണ് 1993-94 കാലഘട്ടത്തിൽ 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ രാജ്യത്ത് ത്രിതല തദ്ദേശഭരണ സംവിധാനത്തിന് രൂപം നൽകിയത്. ഈ ഭരണഘടനാ ഭേദഗതികളുടെ തുടർച്ചയായി സംസ്ഥാനങ്ങൾ നിയമ നിർമ്മാണം നടത്തുകയും ഓരോ സംസ്ഥാനവും ഷെഡ്യൂൾ 11, 12 എന്നിവയുടെ അടിസ്ഥാനത്തിൽ അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും വേണം. നിയമ നിർമ്മാണം നടത്തിയെങ്കിലും കാര്യമായ അധികാരങ്ങളും വിഭവങ്ങളും നൽകാതെയും സംവിധാനങ്ങൾ ഒരുക്കാതെയും മിക്ക സംസ്ഥാനങ്ങളും അധികാര വികേന്ദ്രീകരണത്തിനു തുരങ്കം വെച്ചു എന്ന് തന്നെ പറയാം. ഒരു പക്ഷെ, കാലാവധിയ്ക്കുള്ളിൽ ഏറ്റവും അവസാനം നിയമ നിർമ്മാണം നടത്തിയ സംസ്ഥാനങ്ങളിൽ ഒന്നായിരുന്നു കേരളം. എന്നാൽ, പിൽക്കാലത്ത് മുകളിൽ സൂചിപ്പിച്ചതുപോലെ 1996ൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ രാജ്യത്തിന് മാതൃകയാകുന്ന തലത്തിലേക്ക് ഉയരാൻ കേരളത്തിനായി.

ഇ.എം.എസ്. നമ്പൂതിരിപ്പാട്

1996 ൽ അധികാരത്തിലേറിയ ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ ആദ്യ തീരുമാനങ്ങളിൽ ഒന്നായിരുന്നു ജനകീയാസൂത്രണം. അതോടൊപ്പം വിപ്ലവകരമെന്നു വിശേഷിപ്പിക്കാവുന്ന മറ്റൊരു പ്രഖ്യാപനവും ഉണ്ടായി. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്നു തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ തീരുമാനിച്ചു. അതോടൊപ്പം എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും ഒന്നിച്ചു ചേർന്നുള്ള സുതാര്യമായതും പങ്കാളിത്തത്തിലൂന്നിയതുമായ ആസൂത്രണത്തിലൂടെയാണ് ഈ പണം വിനിയോഗിക്കേണ്ടതെന്നും തീരുമാനിച്ചു. ഇവയ്ക്കെല്ലാം നേരിട്ട് നേതൃത്വം നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

പാലൊളി മുഹമ്മദ് കുട്ടിയും സംസ്ഥാന ആസൂത്രണ ബോർഡും. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ശാസ്ത്രീയമായ ഫോർമുലയുടെ അടിസ്ഥാനത്തിലുള്ള വിഭവ വിതരണം കേരള വികസന ആസൂത്രണ ചരിത്രത്തിലെ നാഴികക്കല്ലുകളിൽ ഒന്നാണ്. കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലും തുല്യമായ വികസനം എത്തണം എന്ന രാഷ്ട്രീയ ഇച്ഛാശക്തിയുടെ പ്രതിഫലനമായിരുന്നു അത്. ഇ.എം.എസ്.ന്റെ കയ്യൊപ്പ് ജനകീയാസൂത്രണത്തിന്റെ പ്രവർത്തന രൂപരേഖയിൽ എല്ലാം തെളിഞ്ഞു കാണാനാവും. പിന്നെല്ലാം ചരിത്രം എന്നേ പറയേണ്ടതുള്ളൂ. ഇരുപത്തി അഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ ഒട്ടേറെ നേട്ടങ്ങളുടെ ചരിത്രവുമായാണ് ജനകീയാസൂത്രണവും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സംവിധാനവും ശാക്തീകരിക്കപ്പെട്ടത്.

ധീരവും ശക്തവും ശാസ്ത്രീയവുമായ ഒട്ടേറെ തീരുമാനങ്ങളും നടപടികളുമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തെ ഇന്നത്തെ ശക്തമായ നിലയിൽ എത്തിച്ചത്. സർക്കാരുകൾ മാറി വന്നാലും ജനകീയാസൂത്രണത്തിന്റെയും തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെയും അടിസ്ഥാന ശിലകൾക്ക് ഇളക്കം തട്ടാത്ത രീതിയിൽ സുശക്തമായ ചട്ടക്കൂടും പ്രക്രിയയുമാണ് ഏർപ്പെടുത്തിയത്. നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും, അതിനനുസൃതമായ മനുഷ്യ വിഭവശേഷി, അവരുടെ കാര്യശേഷി ഇവയെല്ലാം സജ്ജമാക്കിയിട്ടാകണം അധികാര വികേന്ദ്രീകരണം എന്ന വാദത്തെ മറികടന്നാണ് ജനകീയാസൂത്രണം ആരംഭിച്ചത്. പകരം

ഇ. കെ. നായനാർ

അധികാരവികേന്ദ്രീകരണം അതിന്റെ എല്ലാ അർത്ഥത്തിലും നടപ്പാക്കുകയും അതിനാവശ്യമായ സംവിധാനങ്ങൾ സമാന്തരമായി ഒരുക്കുകയും എന്നായിരുന്നു നിലപാട്. അത്തരം കാര്യങ്ങൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനായി സെൻ കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഒട്ടേറെ നിയമങ്ങളും സർക്കാർ ഉത്തരവുകളും ചട്ടങ്ങളും തിരുത്തുകയോ പുതുതായി പുറപ്പെടുവിക്കുകയോ ചെയ്തു. ഉദ്യോഗസ്ഥ പുനർവിന്യാസവും ഇതിന്റെ ഭാഗമായി. അതോടൊപ്പം ജനപങ്കാളിത്തത്തിന്റെ വേദികളും ഒരുക്കി. താഴെ തട്ടിൽ അത്തരം ശക്തവും ജനകീയവുമായ സംവിധാനം ഒരുങ്ങുക വഴി അതിനെതിരെയുള്ള ശക്തികൾക്കു ഇടപെടാനുള്ള അവസരം ഇല്ലാതാവുകയും ചെയ്തു.

സംഭവബഹുലമായ ഒരു കാലമായിരുന്നു അത് എന്നോർക്കണം. ലോക സാമ്പത്തിക വികസന ചരിത്രത്തിലെ നിർണ്ണായകമായ കാലഘട്ടമായിരുന്നു അത്. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും എൺപതുകളും തൊണ്ണൂറുകളും. അതിനാൽ തന്നെ ജനകീയാസൂത്രണത്തെക്കുറിച്ചും വിമർശനങ്ങളും വാദഗതികളും ഉയർന്നു വന്നിരുന്നു. സേവന വികസന മേഖലകളിൽ നിന്നും സർക്കാരുകൾ പിൻവാങ്ങണമെന്ന അഭിപ്രായം ശക്തമായിരുന്ന കാലം. അതിനനുസരിച്ചുള്ള നടപടികൾ കേന്ദ്ര സർക്കാർ എടുത്തു വന്നിരുന്ന കാലം. അധികാര വികേന്ദ്രീകരണം അതിനൊരു കുറുക്കു വഴിയാണെന്ന വാദം ശക്തമായിരുന്നു. ആഗോളവത്കരണത്തിനും ഉദാരവത്കരണത്തിനും ബദലുകളില്ല (TINA–There Is No Alternative) എന്ന വാദം പ്രബലമായിരുന്നു. എന്നാൽ, മറ്റൊരു മാതൃക സൃഷ്ടിക്കാൻ ആവും (TIA–There Is Alternative) എന്ന വ്യക്തമായ ധാരണയോടെയാണ് ജനകീയാസൂത്രണത്തിന് അന്നത്തെ ഇടതു ജനാധിപത്യ മുന്നണി സർക്കാർ തുടക്കം കുറിച്ചത്. നായനാരുടെ നേതൃത്വത്തിൽ മുൻ മന്ത്രിസഭ ആരംഭിച്ച ജില്ല കൗൺസിൽ അടക്കമുള്ള വികേന്ദ്രീകൃത ഭരണ സംവിധാനം പിൽക്കാലത്ത് തകർക്കപ്പെട്ടതിന്റെ കൂടി സാഹചര്യത്തിൽ കൃത്യവും വ്യക്തവുമായ ആസൂത്രണത്തിലൂടെയാണ് ജനകീയാസൂത്രണം നടപ്പിലാക്കിയത്. സർക്കാർ പിൻവാങ്ങുകയല്ല, പകരം സർക്കാരുകളെ ജനങ്ങളുടെ അടുത്തേക്ക് കൂടുതൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. അത് വഴി പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയുമാവും. വികസനം എല്ലാ പ്രദേശങ്ങളിലും ഒരു പോലെ വ്യാപിപ്പിക്കുന്നതിലും സേവനങ്ങൾ ഏവർക്കും പ്രാപ്യമാക്കുന്നതിലും ആണ് ലക്ഷ്യമിട്ടത്.

ജനകീയാസൂത്രണം നാട്ടിലുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യണമെങ്കിൽ അത് തുടങ്ങിയ കാലത്തെ സ്ഥിതി വിശേഷം അറിഞ്ഞേ മതിയാകൂ. ആഗോളവത്കരണവും ഉദാരവത്കരണവും എൺപതുകളിൽ നടപ്പിലാക്കിയതിന്റെ ആഘാതം പല മേഖലകളെയും ബാധിച്ചു തുടങ്ങിയ കാലമായിരുന്ന 90 കളുടെ ആദ്യ പാദം. പല വികസന മേഖലകളിലും തകർച്ചയും മുരടിപ്പും വ്യക്തമായി പ്രതിഫലിച്ചു തുടങ്ങിയിരുന്നു.

ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവന മേഖലകൾ തകർന്നു തുടങ്ങിയിരുന്നു. കൃഷിയും അനുബന്ധ ഉത്പാദന മേഖലകളും ഇതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. ഇവിടെയായിരുന്നു ജനകീയാസൂത്രണത്തിന്റെ പ്രസക്തി.ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ അതെത്ര ശരിയും നിർണ്ണായകവും ആയിരുന്നുവെന്ന് ബോദ്ധ്യപ്പെടും.

ഇന്നിപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളെ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം എന്നാണു രേഖപ്പെടുത്തുന്നത്. ഇക്കാലയളവിൽ നമ്മുടെ നാട്ടിൽ ഉണ്ടായ നേട്ടങ്ങളെ സ്ഥായിയായി നില നിർത്തി, മാറ്റങ്ങളെ ഉൾക്കൊണ്ടു കൊണ്ട്, പുതിയ വെല്ലുവിളികളെ നേരിട്ട് കൊണ്ട്, ന്യൂനതകൾ പരിഹരിച്ചു, പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി, സമയബന്ധിതമായി കാര്യങ്ങൾ നിർവഹിക്കാനാവണം. അത്തരമൊരു പുതിയ കേരളം സൃഷ്ടിക്കുന്നതിനുള്ള ചുവടുവെയ്പ്പുകളാണ് 'നവകേരളത്തിനായി ജനകീയാസൂത്രണം' എന്ന രണ്ടാം ഘട്ടം ലക്ഷ്യമിടുന്നത്.

കഴിഞ്ഞ നാല് വർഷങ്ങൾ വിജയങ്ങളുടെ വർഷങ്ങളായിരുന്നു. മികവിന്റെ, മേന്മയുടെ വർഷങ്ങളായിരുന്നു എന്ന് നിസ്സംശയം പറയാം. സമയബന്ധിതമായ ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ, സേവന മികവിന്റെ ഉരകല്ലായ ഐ. എസ്.ഓ. സർട്ടിഫിക്കറ്റ്, ഓൺലൈൻ സേവനങ്ങൾ തുടങ്ങി എന്തെല്ലാം. നമ്മുടെ ഓരോ പഞ്ചായത്ത് ഓഫീസും ഇന്ന് മാറ്റത്തിന്റെ പ്രതീകങ്ങളാണ്. രാജ്യത്ത് തന്നെയുള്ള ഏതൊരു സർക്കാർ ഓഫിസിനെക്കാൾ മികച്ച സംവിധാനമാണ് ഇന്ന് കേരളത്തിലെ പഞ്ചായത്തുകളിൽ ഏറെയും ഉള്ളത്. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ 939 ഉം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും സേവനഗുണമേന്മ ഉയർത്തിക്കൊണ്ട് ഐ.എസ്.ഓ. നിലവാരത്തിലേക്ക് മാറിക്കഴിഞ്ഞു. 28 ഓളം സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാണ്. പഞ്ചായത്ത് സമിതികൾക്കെന്ന പോലെ ഓരോ ജീവനക്കാർക്കും അഭിമാനിക്കാവുന്ന ഘട്ടമാണിത്. ഒരു പക്ഷെ ഇത്രയധികം തങ്ങളുടെ സ്ഥാപനത്തിനായി കൈമെയ് മറന്നു പ്രവർത്തിക്കുവാൻ സജ്ജമായ ഉദ്യോഗസ്ഥവൃന്ദമുള്ള അധികം വകുപ്പുകൾ കാണില്ല. ഈ മാറ്റങ്ങൾക്കെല്ലാം നേതൃത്വപരമായ പങ്കാണ് ജീവനക്കാർ വഹിച്ചത് എന്നതാണ് ഈ നിരീക്ഷണത്തിനു നിദാനം. അത്തരമൊരു ആത്മവിശ്വാസവും ആവേശവും ഓരോ ജീവനക്കാരിലും കാണാനുമാവും. തങ്ങളുടെ

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ ഗ്രാമസഭ യോഗത്തിൽ ഉന്നതതല മാർഗനിർദ്ദേശക സമിതി ചെയർമാനായിരുന്ന ഇഎംഎസ് നമ്പൂതിരിപ്പാട് പങ്കെടുക്കുന്നു. (ഫയൽ ചിത്രം)

കാര്യശേഷിയുടെയും ആത്മാർത്ഥതയുടെയും ഉയർന്ന തലം വ്യക്തമാക്കിയ പ്രവർത്തനങ്ങളാണ് അവർ സംഘടിപ്പിച്ചത്. അതിനുള്ള സാധ്യതകളാണ് ഒരുക്കപ്പെട്ടത്.

മുൻപ് സൂചിപ്പിച്ച മേഖലകളിൽ എല്ലാം മാറ്റങ്ങൾ ദൃശ്യമാണിന്ന്. ആരോഗ്യ വിദ്യാഭ്യാസ മേഖലകൾ ഇതിന്റെ പ്രകടമായ ഉദാഹരണങ്ങൾ ആണ്. 90 കളുടെ കാലത്ത് നിന്ന് വേണം ഈ മാറ്റങ്ങളെ അവലോകനം ചെയ്യാൻ. അടച്ചു പൂട്ടാൻ സജ്ജമാക്കിക്കൊണ്ടിരുന്ന സ്കൂളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആശുപത്രികളും ഇന്ന് വികസനത്തിന്റെ പാതയിലാണ്. ശമ്പളത്തിനപ്പുറം ഒരു വികസനത്തിനും ഇനി സാധ്യത ഇല്ലെന്നു കരുതപ്പെട്ട, വളർച്ച മുരടിച്ച പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും പൊതു ആരോഗ്യ സംവിധാനങ്ങളുടെയും കാലത്ത് നിന്നാണീ മാറ്റം.

പാലൊളി മുഹമ്മദ്കുട്ടി

കാർഷിക രംഗത്തും മാലിന്യ നിർമ്മാർജ്ജനത്തിലും ജലസംരക്ഷണത്തിലും എല്ലാം അഭൂതപൂർവമായ കുതിച്ചു ചാട്ടമാണ് ഈ കഴിഞ്ഞ നാല് വർഷങ്ങളിൽ കാണാനാവുക. നവ കേരള കർമ്മപദ്ധതിയുടെ കീഴിലുള്ള വിവിധ മിഷനുകളും മറ്റു കേന്ദ്ര സംസ്ഥാന പരിപാടികളും എല്ലാം സംയോജിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനാകും എന്ന് തെളിയിച്ചു കഴിഞ്ഞു.

ഇന്ന് കൊവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളിൽ നിർണ്ണായകമായ പങ്കാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നത്. 2018 ലെ പ്രളയത്തിലും അവരുടെ നേതൃത്വപാടവം വ്യക്തമാക്കപ്പെട്ടതാണ്. ജനകീയാസൂത്രണം ആരംഭിച്ചു, കഴിഞ്ഞ ഇരുപത്തി നാല് വർഷങ്ങളിലൂടെ ആർജ്ജിച്ച കാര്യശേഷിയാണ് ഇതിനു കാരണം എന്ന് നിസംശയം പറയാം.

കൊവിഡാനന്തരമുള്ള നവ കേരള സൃഷ്ടിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. അതിനായുള്ള കാര്യശേഷിയും ശക്തിയും നേടാൻ ജനകീയാസൂത്രണത്തിലൂടെ ഇനിയും മുന്നേറാം. തിരഞ്ഞെടുപ്പിന് ശേഷം പുതിയ ജനപ്രതിനിധികൾ സാരഥ്യമേറ്റെടുക്കുമ്പോൾ പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ സജ്ജരാകേണ്ടതുണ്ട്. എന്നാൽ ശക്തമായ അടിത്തറയും ചട്ടക്കൂടും അനുഭവങ്ങളും തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ സഹായകമാവും. ◻

ലേഖകൻ കില ഡയറക്ടർ ജനറൽ ആണ്

കൊവിഡ് 19 : പ്രാദേശിക സർക്കാരുകൾ തീർത്ത പ്രതിരോധം

■ ഹുസൈൻ എം. മിന്നത്ത്

ജനകീയാസൂത്രണം വഴി സാമ്പത്തിക, സാമൂഹ്യ, ആരോഗ്യ, വിദ്യഭ്യാസ, മാനവിക വികസനമടക്കമുള്ള മേഖലകളിൽ സംസ്ഥാനം നേടിയെടുത്തിട്ടുള്ള ശക്തിയാണ് കൊവിഡ് 19 നെ ഒരു പരിധിവരെ ചെറുക്കാനും അതിനെതിരെ ജനകീയ പ്രതിരോധം തീർക്കുവാൻ പ്രാദേശിക സർക്കാരുകൾക്ക് സാധ്യമായതെന്ന് പറയാം.

വികസന, ജനക്ഷേമത്തിന്റെ സമാനതകളില്ലാത്ത മാതൃകയും പൊതു ഭരണ രംഗത്ത് നടത്തിയിട്ടുള്ള ഏറ്റവും വലിയ സ്ഥാപനപരമായ ഇടപെടലായി ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള കേരളത്തിന്റെ 'ജനകീയാസൂത്രണം' സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ട് കാൽ നൂറ്റാണ്ട് പിന്നിടുകയാണ്. ജനപങ്കാളിത്തത്തോടെ പ്രാദേശിക വികസനം സാധ്യമാക്കുക എന്നതിനപ്പുറം പ്രദേശത്തെ മുഴുവൻ ആളുകളിലേക്കും വികസനം എത്തിച്ച്, പാർശ്വവൽക്കരിക്കപ്പെട്ടവരെയും ദുർബല വിഭാഗക്കാരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിൽ അത് വഹിച്ചിട്ടുള്ള പങ്ക് ഒട്ടും ചെറുതല്ല. ജനകീയാസൂത്രണം വഴി സാമ്പത്തിക, സാമൂഹ്യ, ആരോഗ്യ, വിദ്യഭ്യാസ, മാനവിക വികസനമടക്കമുള്ള മേഖലകളിൽ സംസ്ഥാനം നേടിയെടുത്തിട്ടുള്ള ശക്തിയാണ് കൊവിഡ് 19 നെ ഒരു പരിധിവരെ ചെറുക്കാനും അതിനെതിരെ ജനകീയ പ്രതിരോധം തീർക്കുവാൻ പ്രാദേശിക സർക്കാരുകൾക്ക് സാധ്യമായതെന്ന് പറയാം. നമ്മുടെ പ്രതിരോധത്തിന്റെ ചില പാഠങ്ങൾ ദേശീയ, ആഗോളതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു.

2018 ലും 2019 ലും സംസ്ഥാനം ഇന്നേവരെ കണ്ടിട്ടില്ലാത്ത മഹാപ്രളയത്തിൽ രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തന

ങ്ങളും ബഹുജന പിന്തുണയോടെ ഏകോപിപ്പിച്ച് അതിജീവനത്തിന്റെ ഒരു പുതിയ പാഠം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലോകത്തിന് കാണിച്ച് കൊടുക്കുകയുണ്ടായി. പ്രളയ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ലഭിച്ച ഈ മുൻപരിചയം മാത്രമായിരുന്നു 2019 ഡിസംബറിൽ വുഹാന്റെ പ്രാദേശിക അതിർത്തിയും ചൈനയുടെ രാജ്യാതിർത്തിയും ഭേദിച്ച് ആഗോള ജനതയെ ആകെ ബാധിച്ച കൊവിഡ് 19 എന്ന മഹാമാരിയെ നേരിടാൻ നമ്മുടെ പ്രാദേശിക സർക്കാരുകൾക്ക് ആകെ കൈമുതലായി ഉണ്ടായിരുന്നത്. 2020 മാർച്ച് 14 ന് കേന്ദ്രസർക്കാർ കൊവിഡ് 19 നെ ദേശിയ ദുരന്തമായി പ്രഖ്യാപിക്കുന്നതിനും മുമ്പേ ജനുവരിയിൽ തന്നെ സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് കൊവിഡ് വ്യാപനം പ്രതിരോധിക്കുന്നതിനായി വലിയ തയ്യാറെടുപ്പുകൾ ആരംഭിച്ചിരുന്നു. എന്നാൽ ഇതൊരു മഹാമാരിയായി മാറിയതോടെ ആരോഗ്യ വകുപ്പിനൊപ്പം പ്രാദേശിക സാധ്യതകൾ കൂടി ഏകോപിപ്പിച്ച് കൊണ്ട് കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകുകയും അതിന്റെ ഭാഗമായി അവർ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്യുകയുണ്ടായി. പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളിലൂടെ നമുക്കൊന്ന് കണ്ണോടിക്കാം.

ബോധവൽക്കരണ പ്രവർത്തനങ്ങൾ

രോഗത്തെക്കുറിച്ചും രോഗ വ്യാപനം തടയാൻ സ്വീകരിക്കേണ്ട പ്രതിവിധി സംബന്ധിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും മുൻകരുതൽ പ്രവർത്തനങ്ങൾ നടത്താനുമായിരുന്നു ആദ്യഘട്ടത്തിൽ പ്രാദേശിക സർക്കാർ പ്രഥമ പരിഗണന നൽകിയത് തന്നെ. 'ശാരീരിക അകലം സാമൂഹിക ഒരുമ' എന്ന മുദ്രാവാക്യവുമായി 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിനും വീട്ടു വീടാന്തരം കയറി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തുകയുമുണ്ടായി. ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി അനൗൺസുമെന്റുകൾ, ലഘുലേഖ വിതരണം തുടങ്ങി ഒട്ടനവധി പരിപാടികൾ നടത്തുകയുണ്ടായി. തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന വയോക്ലബ്, വയോജന അയൽക്കൂട്ടം, വയോമിത്രം എന്നിവയുടെ പിന്തുണയോടെ വയോജന ബോധവത്ക്കരണത്തിനും, അതിഥിതൊഴിലാളികൾ, തീരദേശ നിവാസികൾ തുടങ്ങി പ്രാദേശിക സർക്കാരുകളുടെയും പരിധി പ്രദേശത്ത് വരുന്ന മുഴുവൻ കുടുംബങ്ങളെയും ബോധവത്കരിക്കുന്നതിന് വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. 2020 ജൂൺ വരെയുള്ള കണക്ക് പ്രകാരം വയോജനങ്ങൾ, ഭിന്നശേഷിക്കാർ ഉൾപ്പെട്ട 24 ലക്ഷം കുടുംബങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ 9.49 ലക്ഷം കുടുംബങ്ങളിലും 2.63 ലക്ഷം തീരദേശ കുടുംബങ്ങളിലും 23,819 ചേരിനിവാസികളായ കുടുംബങ്ങളിലും ബോധവൽക്കരണ പരിപാടികൾ നടത്തുകയുണ്ടായി. കൂടാതെ 43,254 ഓളം മൈക്ക് അനൗൺസ്മെന്റും ഏകദേശം 72 ലക്ഷത്തോളം ലഘുലേഖകളും പ്രാദേശിക സർക്കാരുകൾ അച്ചടിച്ച് വിതരണം ചെയ്യുകയുണ്ടായി. ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നവർ പാലിക്കേണ്ട ഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോകോൾ സംബന്ധിച്ചുള്ള പരിശീലനങ്ങളും നൽകുകയുണ്ടായി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന കൊവിഡ്- 19 പ്രോട്ടോക്കോൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ പ്രാദേശിക സർക്കാരുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത് .

അടിയന്തര കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കൊവിഡ്- 19 പ്രതിരോധത്തിന്റെ ഭാഗമായി പ്രാദേശിക സർക്കാരുകളും കുടുംബശ്രീയും കൂടി ഏകദേശം 90 ലക്ഷത്തിലധികം മാസ്കുകളും 85 ലക്ഷം ലിറ്റർ സാനിറ്റൈസറും നിർമ്മിക്കുകയും പ്രാദേശിക തലത്തിൽ അവയുടെ വിതരണം ഉറപ്പാക്കുകയും ചെയ്തു. 22,921 ഹാന്റ് വാഷ് കേന്ദ്രങ്ങളാണ് ആദ്യഘട്ടത്തിൽ പ്രാദേശിക സർക്കാരുകൾ ആരംഭിച്ചത്. 'ആരോഗ്യ സുരക്ഷക്ക് മാലിന്യ മുക്ത പരിസരം ' എന്ന ക്യാമ്പയിൻ നടപ്പിലാക്കികൊണ്ട് പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ ഓഫീസുകളും പൊതു സ്ഥലങ്ങളും ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ശുചീകരിക്കുകയുണ്ടായി. 76,067 ഓളം പൊതുസ്ഥ

ലങ്ങളും ഓഫീസുകളും ഇങ്ങനെ ശുചീകരിച്ചു. കൊറോണ വൈറസ് വ്യാപിത രാജ്യങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പ്രദേശങ്ങളിൽ നിന്നും തദ്ദേശസ്ഥാപന പരിധിയിൽ എത്തുന്നവരുടേയും അവരുമായി അടുത്ത് ഇടപഴകുന്നവരുടെയും വിപുലമായ വിവരശേഖരണം നടത്തുകയും അവർക്ക് ഹോം ക്വാറന്റൈൻ ഉറപ്പുവരുത്തുകയും അതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തത് പ്രാദേശിക സർക്കാരുകൾ ആയിരുന്നു. ഇത് നിരീക്ഷിക്കാനായി തദ്ദേശസ്ഥാപനതലത്തിൽ വാർഡ് ഹെൽത്ത് കമ്മറ്റികൾ, ആരോഗ്യ ജാഗ്രതാ സമതികൾ, ആരോഗ്യമേഖലാ ജീവനക്കാരുടെ നേതൃത്വത്തിൽ റാപ്പിഡ് റെസ്പോൺ ടീം (RRT) എന്നിവ രൂപീകരിക്കുകയുണ്ടായി. തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ കൊവിഡ് കെയർ സെന്ററുകളായി മാറുകയും രോഗബാധിതർക്ക് മരുന്നുകൾ ഉൾപ്പെടെയുള്ളവ അത് വഴി ലഭ്യമാക്കുകയും ചെയ്യുകയുണ്ടായി. ഏകദേശം 3227 കൊവിഡ് കെയർ സെന്ററുകളും 2500 ൽ അധികം ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈയിൻ സെന്ററുകളുമാണ് പ്രാദേശിക സർക്കാരുകളുടെ പിന്തുണയോടെ സംസ്ഥാനത്ത് പ്രവർത്തിച്ചത്.

2020 ആഗസ്റ്റ് മാസം വരെയുള്ള കണക്കുകൾ നോക്കിയാൽ ലോക്ക്ഡൗണിൽ ഇളവ് വരുത്തിയ ശേഷം വിദേശ രാജ്യങ്ങളിൽ നിന്നും വിമാനമാർഗ്ഗം എത്തിയ 3.20 ലക്ഷം ആളുകളടക്കം സംസ്ഥാനത്ത് മറ്റ് രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും ആകെ എത്തിയത് 6.58 ലക്ഷം ആളുകളായിരുന്നു. ഇതിൽ 5.60 ലക്ഷം പേർ ഹോം ക്വാറന്റൈനിലും ഏകദേശം 41,618 ഓളം പേർ ഇൻസ്റ്റിറ്റ്യൂഷണൻ ക്വാറന്റൈനിലും പോവുകയുണ്ടായി. ഇവരുടെ നിരീക്ഷണം അടക്കമുള്ള കാര്യങ്ങളിൽ പ്രാദേശിക സർക്കാരുകൾ നടത്തിയ ജനകീയ ഇടപെടലുകൾ ശ്രദ്ധേയമാണ്. പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് 5.83 ലക്ഷം പേർക്ക് മരുന്നുകളും ഒരു ലക്ഷത്തോളം പേർക്ക് ടെലിമെഡിസിൻ സേവനവും നൽകുകയുണ്ടായി. സമയബന്ധിതമായി ആവശ്യമായ ഡോക്ടർമാർ ഉൾപ്പെടെയുള്ള 3868 ഓളം ആരോഗ്യമേഖല ജീവനക്കാരെ നിയമിച്ച് കൊണ്ടും ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ നൽകിക്കൊണ്ടും സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് എല്ലാ പിന്തുണയും നൽകുകയുമുണ്ടായി.

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ഏകദേശം 1374 ഓളം കമ്മ്യൂണിറ്റി കിച്ചണുകൾ പ്രാദേശിക സർക്കാരുകൾ ആരംഭിക്കുകയുണ്ടായി. ഇവിടെ നിന്നും 95 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഭക്ഷണം നൽകുകയുണ്ടായി. ഇതിൽ 82 ലക്ഷം പേർക്കും തികച്ചും സൗജന്യമായിട്ടാണ് ഭക്ഷണം വിതരണം ചെയ്തത്.

പ്രാദേശിക സർക്കാരുകളുടെ സാമൂഹ്യ സുരക്ഷാപ്രവർത്തനങ്ങൾ

കൊവിഡ് 19 സാമൂഹ്യ വ്യാപനം തടയുന്നതിന്റെ ഭാഗമായി 2020 മാർച്ച് 23 ന് രാജ്യത്ത് സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിക്കുകയുണ്ടായി. ഏകദേശം രണ്ട് മാസത്തിലധികം നീണ്ടുനിന്ന ലോക്ഡൗൺ തൊഴിൽ നഷ്ടമായവരുടെയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ജോലി ഉപേക്ഷിച്ച് വന്നവരുടെയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഒഴുകിയെത്തിയ പ്രവാസികളുടെയും അതിജീവനവും പുനരധിവാസവും വലിയ വെല്ലുവിളി ഉയർത്തുകയുണ്ടായി. ഒട്ടനവധി സാമൂഹ്യ സുരക്ഷാ പദ്ധതികൾ സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാർ തലത്തിൽ ആരംഭിക്കുകയുണ്ടായി. ഇതിൽ എടുത്ത് പറയേണ്ടത് പ്രാദേശിക തലത്തിൽ സ്ഥാപിതമായ കമ്മ്യൂണിറ്റി കിച്ചണുകളാണ്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ഏകദേശം 1374 ഓളം കമ്മ്യൂണിറ്റി കിച്ചണുകൾ പ്രാദേശിക സർക്കാരുകൾ ആരംഭിക്കുകയുണ്ടായി. ഇവിടെ നിന്നും 95 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഭക്ഷണം നൽകുകയുണ്ടായി. ഇതിൽ 82 ലക്ഷം പേർക്കും തികച്ചും സൗജന്യമായിട്ടാണ് ഭക്ഷണം വിതരണം ചെയ്തത്. മാത്രവുമല്ല 75.52 ലക്ഷം പേർക്കും ഭക്ഷണം അവരുടെ വീടുകളിൽ എത്തിച്ച് നൽകുകയും ചെയ്തു. കമ്മ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പിന് ആവശ്യമായ പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യ സാധനങ്ങൾ കണ്ടെത്തുന്നതിലും ഭക്ഷണം ആവശ്യക്കാരന്റെ വീടുകളിൽ എത്തിച്ച് കൊടുക്കുന്നതിലും പ്രാദേശിക സർക്കാരുകൾ സൃഷ്ടിച്ച ജനകീയ മാതൃകകൾ ലോകത്തെവിടെയും കാണാൻ സാധിക്കാത്തതാണ്. കൂടാതെ പ്രാദേശിക സർക്കാർ തലത്തിൽ തന്നെ പ്രവർത്തനം ആരംഭിച്ച ജനകീയ ഹോട്ടലുകളും ഇതേ ലക്ഷ്യത്തിന് തന്നെയുള്ളതായിരുന്നു. സംസ്ഥാനത്തെ ഏകദേശം 33,115 അംഗനവാടികൾ വഴി കുട്ടികൾക്കും കൗമാരക്കാർക്കും പാലൂട്ടുന്ന അമ്മമാർക്കുമുള്ള പൂരക പോഷകാഹാരവും ഭക്ഷ്യ വസ്തുക്കളും അടങ്ങിയ കിറ്റുകൾ അവരുടെ വീടുകളിൽ എത്തിക്കുന്നതിലും പ്രാദേശിക സർക്കാർ പ്രത്യേക ശ്രദ്ധ നൽകുകയുണ്ടായി. അതിഥി തൊഴിലാളികൾക്കായി ആരംഭിച്ച 3032 ഓളം ക്യാമ്പുകളിലെ 46,657 ഓളം അന്തേവാസികളുടെ ക്ഷേമവും പ്രാദേശിക സർക്കാരുകളുടെ ചുമതലയായിരുന്നു. യാചകർക്കും അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവർക്കായും 173 ക്യാമ്പുകൾ ക്രമീകരിക്കുകയും 3766 ഓളം പേരുടെ പുനരധിവാസം ഉറപ്പാക്കുകയുമുണ്ടായി.

കൊവിഡ് വ്യാപനം ആരംഭിച്ചപ്പോൾ പ്രതിരോധത്തിന്റെ ഭാഗമായി നടപ്പ് അദ്ധ്യയന വർഷം സ്കൂളുകൾ തുറന്നിരുന്നില്ല. എന്നാൽ കുഞ്ഞുങ്ങളുടെ പഠനത്തിന് ഒരു തടസ്സവും വരരുതെന്ന ഉദ്ദേശത്തോടെ സർക്കാർ കേന്ദ്രീകൃതമായി ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുകയുണ്ടായി. പഠന സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് അതിനുള്ള സൗകര്യം ഒരുക്കി കൊടുക്കുന്നതിലും സമൂഹ പഠന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക വഴി പ്രാദേശിക സർക്കാരുകൾ നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. പഠന സൗകര്യം ഇല്ലാത്തവർക്കായി 2480 സമൂഹ പഠനകേന്ദ്രങ്ങൾ ആരംഭിക്കുകയും 8139 പേർക്ക് TV യും 145 പേർക്ക് കമ്പ്യൂട്ടറും 712 പേർക്ക് സ്മാർട്ട് ഫോണുകളും 3356 പേർക്ക് കേബിൾ കണക്ഷനും പ്രാദേശിക സർക്കാർ ലഭ്യമാക്കുകയുണ്ടായി.

കൊവിഡ് കാല ഭക്ഷ്യ സുരക്ഷ

സംസ്ഥാനത്തിന്റെ അതിജീവനവും ഭക്ഷ്യസുരക്ഷയും ലക്ഷ്യമാക്കി 'സുഭിക്ഷ കേരളം' എന്ന പദ്ധതിക്ക് കൊവിഡ് കാലത്ത് തുടക്കം കുറിക്കുകയുണ്ടായി. ഈ പദ്ധതിയിൽ ഒരു വർഷം കൊണ്ട് 3860

കോടി രൂപയുടെ പദ്ധതികൾ കൃഷി (1449 കോടി രൂപ), മൃഗസംരക്ഷണം (118 കോടി രൂപ), ക്ഷീരവികസനം (215 കോടി രൂപ), മത്സ്യബന്ധനം (2078 കോടി രൂപ) എന്നീ മേഖലകളിൽ വിവിധ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിൽ നടപ്പിലാക്കാൻ ലക്ഷ്യം വച്ചിരിക്കുന്നു. കൊവിഡിന്റെ പശ്ചാത്തലത്തിൽ സ്വദേശത്തും വിദേശത്തും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ച് വരുന്ന പ്രവാസികളെയും തൊഴിൽരഹിതരായ യുവാക്കളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് 'സുഭിക്ഷ കേരളം' പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ഇതിനായി തദ്ദേശസ്ഥാപന തലത്തിലും ഓരോ വാർഡുതലത്തിലും സമിതികൾ രൂപീകരിച്ച് പദ്ധതികൾ രൂപീകരിക്കുകയും അവ വിവിധ വകുപ്പുകളുടെയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിൽ നിർവ്വഹണം നടത്തുകയുമുണ്ടായി. 2020-21 ൽ സംസ്ഥാനത്തെ ഗ്രാമ-നഗര പ്രാദേശിക സർക്കാരുകൾ തന്നെ 'സുഭിക്ഷ കേരളം' പദ്ധതിയിൽ 1906.50 കോടി രൂപയുള്ള 25154 പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

പ്രാദേശിക സർക്കാരുകളുടെ ചികിൽസാ പ്രവർത്തനങ്ങൾ

കൊവിഡ് മഹാമാരി ഒരു ആരോഗ്യ പ്രശ്നത്തിനപ്പുറം സാമ്പത്തിക സാമൂഹിക പ്രശ്നമായി മാറുകയും പൊതുജനാരോഗ്യ സംവിധാനം തകർന്ന് ചികിൽസയ്ക്കായി രാജ്യത്തെ ജനങ്ങൾ പരക്കം പായുമ്പോൾ, കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTC) സംസ്ഥാനത്ത് പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ ആരംഭിച്ച് കൊണ്ട് കൊവിഡ് ചികിത്സാരംഗത്തും പുതിയൊരു ചരിത്രം തന്നെ സൃഷ്ടിക്കുകയുണ്ടായി. കൊവിഡ് 19 സാമൂഹ്യ വ്യാപനം ഉണ്ടായാൽ നിലവിലുള്ള പൊതുജന ആരോഗ്യ സംവിധാനത്തിന്റെ പ്രവർത്തനത്തെ ഒട്ടും ബാധിക്കാതെ പ്രാദേശിക സർക്കാർ തലത്തിൽ പ്രത്യേകമായി തയ്യാറാക്കപ്പെട്ട ജനകീയ ആരോഗ്യ പരിപാലന കേന്ദ്രങ്ങളാണ് CFLTC കൾ. കൊവിഡ് രോഗികളിൽ 60% പേരും രോഗലക്ഷണമില്ലാത്തവർ ആയിരിക്കെ കൊവിഡ് പോസിറ്റീവായ എന്നാൽ രോഗ ലക്ഷണം പ്രകടമായി ഇല്ലാത്തവരും ചെറിയ ലക്ഷണങ്ങൾ ഉള്ളവരുടെയും ആരോഗ്യ പരിപാലനവും ചികിത്സയും ഈ കേന്ദ്രങ്ങൾ ഉറപ്പ് വരുത്തുന്നു. ഒരു ഗ്രാമപഞ്ചായത്തിൽ കുറഞ്ഞത് 100 കിടക്കകൾ എങ്കിലും ഉള്ള CFLTC യിൽ ഡോക്ടർമാർക്കും നേഴ്സുമാർക്കുമുള്ള പ്രത്യേക സൗകര്യങ്ങൾ, ഫാർമസി, സ്റ്റോർ, ഫ്രണ്ട് ഓഫീസ്, ടോയിലെറ്റുകൾ, രോഗികൾക്കുള്ള ഭക്ഷണം, കട്ടിൽ, കിടക്ക, പാത്രങ്ങൾ, പുതപ്പ്, ഫാൻ, മൊബൈൽ ചാർജ്ജിംഗ് സൗകര്യം, മരുന്ന്, മാസ്ക്, സാനിറ്റൈസർ, ഗ്ലൗസ്, മെഡിക്കൽ ഉപകരണങ്ങൾ, ഏപ്രണുകൾ, ഗൗണുകൾ, പിപിഇ കിറ്റുകൾ, ആംബുലൻസുകൾ തുടങ്ങിയ സൗകര്യങ്ങളാണ് പ്രാദേശിക സർക്കാരുകൾ ഈ സെന്ററുകളിൽ ഒരുക്കിയിരിക്കുന്നത്. രോഗവ്യാപനഘട്ടത്തിൽ അമേരിക്കയടക്കമുള്ള വികസിത രാജ്യങ്ങളിലും ഇന്ത്യയിലെ പല പ്രധാന നഗരങ്ങളിലും ആദ്യഘട്ടത്തിൽ മരണനിരക്ക് ക്രമാതീതമായി ഉയർന്നപ്പോഴും കേരളത്തിൽ കൊവിഡ് മരണനിരക്ക് കുറച്ചുനിർത്താൻ കഴിഞ്ഞത് പ്രാദേശിക സർക്കാരുകളുടെ താഴെതട്ടിലുള്ള ഈ ഇടപെടലുകൾ കൊണ്ട് തന്നെയാണ്.

പ്രാദേശിക സർക്കാരുകളുടെ കൊവിഡ് പ്രവർത്തന ഏകോപനം

കൊവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനങ്ങൾ വാർഡുതലത്തിൽ നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്ത് അടിയന്തര ഇടപെടലുകൾ നടത്തുന്നതിനുമായി ജനപങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്ത് തലത്തിൽ 15,962 ഉം മുനിസിപ്പാലിറ്റി തലത്തിൽ 3,113 ഉം ആറ് കോർപ്പറേഷനുകളിലായി 414 ഉം വാർഡുതല മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കുകയുണ്ടായി. കൂടാതെ വാർഡുതല കമ്മറ്റികൾക്ക് മുകളിലായി പ്രാദേശിക സർക്കാർ അദ്ധ്യക്ഷൻമാർ ചെയർമാൻമാരായുള്ള 1034 തദ്ദേശസ്ഥാപനതല മോണിറ്ററിംഗ് കമ്മറ്റികളും രൂപീകരിച്ചു. ഈ കമ്മറ്റികൾ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാർ തലത്തിൽ മൊത്തമായി നിരീക്ഷിക്കുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ അവശ്യമായ ഇടപെടലുകൾ നടത്തുകയുമുണ്ടായി. ഇതിനെല്ലാം പുറമേ ഓരോ പ്രദേശത്തെ ജനങ്ങൾ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, രാഷ്ട്രീയപ്രവർത്തകർ, ആരോഗ്യമേഖലയിലെ വിദഗ്ധൻമാർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒട്ടനവധി സാമൂഹ്യ നവമാധ്യമ കൂട്ടായ്മകളും പ്രാദേശികമായി ഉണ്ടായി. ഇത് കൊവിഡ് ഭീതി ജനങ്ങൾക്കിടയിൽ നിന്നും ദൂരീകരിക്കാനും ജാഗ്രതയോടെ നിലകൊള്ളാൻ പൊതുജനങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുകയുണ്ടായി. ചുരുക്കത്തിൽ പല രാജ്യങ്ങളും സംസ്ഥാനങ്ങളും കേന്ദ്രീകൃതമായി കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചപ്പോൾ കേരളമാകട്ടെ വികേന്ദ്രീകൃതമായ എല്ലാ സാധ്യതകളും മുന്നിൽ കണ്ടുകൊണ്ട് പ്രാദേശിക സർക്കാരുകളിലൂടെ എല്ലാ പ്രവർത്തനങ്ങളും കേന്ദ്രീകൃതമായി ഏകോപിപ്പിക്കുകയാണ് ചെയ്തത്. □

ലേഖകൻ കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.



എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും
ജല ഗുണനിലവാര നിർണ്ണയ ലാബ്

■ സതീഷ് ആർ.വി.

എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനപരിധിയിലും ഓരോ ഹയർസെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജല ഗുണനിലവാര നിർണ്ണയ ലാബ് സ്ഥാപിക്കുകയും അടിസ്ഥാന പരിശോധനകൾ ഇവിടെ നടത്തുകയും ചെയ്യുന്നു. വിദ്യാർത്ഥികളും പൊതുജനങ്ങളും കൊണ്ടുവരുന്ന സാമ്പിളുകൾ പരിശോധിക്കാൻ ഇവിടെ സൗകര്യമൊരുക്കും.

നമ്മുടെ സംസ്ഥാനത്ത് ഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിനായി ഭൂജലത്തെയാണ് ആശ്രയിക്കുന്നത്. തുറന്ന കിണറുകളാണ് ഇതിന്റെ ഏറ്റവും പ്രധാന സ്രോതസ്സ്. കേരളത്തിൽ 65 ശതമാനം കുടുംബങ്ങളും ഇത്തരത്തിൽ കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ ശുദ്ധജലം ലഭ്യമായിരുന്ന ഭൂജല സ്രോതസ്സ് അനുദിനം മലിനമായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ ഭൂവിനിയോഗത്തിൽ വന്നമാറ്റം, അശാസ്ത്രീയമായ ഇടപെടലുകൾ മൂലം ഭൂപ്രകൃതിയിൽ വന്ന മാറ്റം മുതലായവ ജലത്തിന്റെ ലഭ്യതയിലും ഗുണനിലവാരത്തിലും വലിയ തോതിൽ കുറവുണ്ടാക്കി.

മലിനജലത്തിന്റെ ഉപയോഗമാണ് ജലജന്യരോഗങ്ങളുടെ വ്യാപനത്തിന് മുഖ്യ കാരണം. വിവിധ കാരണങ്ങൾകൊണ്ട് നമ്മുടെ കിണറുകൾ മലിനപ്പെടുന്നുണ്ട്. ഇവയിലെ ജലലഭ്യതയുറപ്പാക്കുന്ന സമീപ ജലസ്രോതസ്സുകളായ കുളങ്ങളും നീർച്ചാലുകളും പുഴകളുമൊക്കെ മലിനപ്പെടുന്നത് കിണർ വെള്ളം മലിനമാകാൻ കാരണമാകുന്നു. കൂടാതെ ഉയർന്ന ഭൂജല നിരപ്പുള്ള നമ്മുടെ സംസ്ഥാനത്ത് കുഴികക്കൂസുകളുടെ സാമീപ്യം കിണർ ജലം മലിനമാകുന്നതിന് കാരണമാകുന്നുണ്ട്.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി പുഴകളും, നീർച്ചാലുകളും, കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടേയും പ്രവർത്തനം ഏകോപിപ്പിച്ച കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. ഭൂജല ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ വലിയ തോതിൽ കാരണമായിട്ടുണ്ട് എന്നാണ് വിലയിരുത്തപ്പെടുന്നത്. അതോടൊപ്പം തന്നെ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ

സംസ്ഥാന വ്യാപകമായി പ്രചരിപ്പിക്കേണ്ടതുണ്ട്. മലിനജലം സംസ്കരിക്കാതെ നീർച്ചാലുകളിൽ എത്തുന്നില്ല എന്നത് ഉറപ്പാക്കാൻ കഴിയണം. അതോടൊപ്പം തന്നെ കക്കൂസുകൾക്ക് അനുബന്ധമായി സുരക്ഷിതമായ സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കപ്പെടണം. നീർച്ചാലുകൾക്കും പുഴകൾക്കും സമീപം ആവശ്യമുള്ള സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കണം. പ്രാദേശികമായി മലിനജലം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം. ലഭ്യമായ ചെലവുകുറഞ്ഞ ജൈവ രീതികൾ ഇതിനായി കൂടുതലായി ഉപയോഗിക്കണം. ഇത്തരത്തിൽ വിവിധ പ്രവർത്തനങ്ങളിലൂടെ ഭൂജല ഗുണനിലവാരം വർദ്ധിപ്പിക്കാൻ നമുക്ക് കഴിയും.

ജലജന്യ രോഗങ്ങളെക്കുറിച്ചും അതിനു കാരണമായേക്കാവുന്ന മലിനജലത്തെക്കുറിച്ചും ഏറെ ആശങ്കയുള്ളവരാണ് നമ്മൾ. ഈ ആശങ്കയകറ്റി ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുക എന്നതും വളരെ പ്രധാനപ്പെട്ടതാണ്. നാം ഉപയോഗിക്കുന്ന കുടിവെള്ളം സുരക്ഷിതമാണ് എന്ന് ഉറപ്പിക്കുകയാണ് ഇതിൽ മുഖ്യമായും വേണ്ടത്. എന്നാൽ ഇത്തരത്തിൽ ഉപയോഗിക്കുന്ന കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ വളരെക്കുറവും ഉള്ളവതന്നെ സംസ്ഥാന ജില്ലാ കേന്ദ്രങ്ങളിലുമാണ് ഉള്ളത്. ഭൂരിപക്ഷം ജനങ്ങൾക്കും അതുകൊണ്ടുതന്നെ ഈ ലാബുകൾ അപ്രാപ്യവുമാണ്. ഇവിടെയാണ് പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകളുടെ പ്രസക്തി. ഈ സാഹചര്യത്തിലാണ് ഹരിതകേരളം മിഷൻ സംസ്ഥാന യോഗത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ ഹയർസെക്കന്ററി സ്കൂളുകളിൽ ഓരോ പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തത്. അടിസ്ഥാന പരിശോധനകൾ മാത്രമാണ് ഇവിടെ നടത്തുക. ആദ്യഘട്ടത്തിൽ വിദ്യാർത്ഥികളും തുടർന്ന് പൊതുജനങ്ങളും കൊണ്ടുവരുന്ന സാമ്പിളുകളായിരിക്കും ഇവിടെ പരിശോധിക്കാൻ സൗകര്യമൊരുക്കുക. അതാത് സ്കൂളുകളിലെ ശാസ്ത്രാദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിലായിരിക്കും ഇവ പരിശോധനകൾ നടത്തുക. ഇവരെ പരിശോധനാ ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നതിനും പരിശോധനാ രീതികൾ പരിശീലിപ്പിക്കുന്നതിനുമായി ഒരു വീഡിയോ ട്യൂട്ടോറിയൽ തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ ലാബുകളുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ഒരു പ്രവർത്തന മാനുവലും ജലഗുണനിലവാര നിർണ്ണയ ലാബുകളെ സംബന്ധിച്ച ഒരു കൈപ്പുസ്തകവും ഇതോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്. പരിശോധനാ ഫലത്തോടൊപ്പം പ്രസ്തുത വെള്ളത്തിനുള്ള പ്രശ്നങ്ങൾ പരിഹരിച്ച് അത് എങ്ങനെ സുരക്ഷിത കുടിവെള്ളമായി ഉപയോഗിക്കാം. അതിനായി എന്തൊക്കെയാണ് ചെയ്യേണ്ടത് തുടങ്ങിയ വിവരങ്ങളും കൂടി ലഭ്യമാക്കും. അധിക വിശദ പരിശോധന ആവശ്യമുള്ള സാമ്പിളുകൾ കൂടുതൽ സംവിധാനങ്ങൾ ഉള്ള ജില്ലാ-സംസ്ഥാന ലാബുകളിലേയ്ക്ക് റഫർ ചെയ്യും.

ഈ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള ധനസ്രോതസ്സായി പ്രധാനമായും ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ടാണ് ഉപയോഗിക്കുന്നത്. ഇതിനായി എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ധനം വിനിയോഗിക്കുന്നതിന് അനുമതി നല്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ.) നം.831/2020/ ധന. തീയതി 29.01.2020). ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ഈ രംഗത്ത് നടപ്പിലാക്കുന്ന മറ്റു പദ്ധതികളിൽ നിന്നുള്ള വിഹിതം എന്നിവയും ഉപയോഗിക്കുന്നുണ്ട്. എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപന വികസന ഫണ്ടിൽ നിന്നുമൊക്കെ ഫണ്ട് ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനത്താകെ ഇത്തരത്തിൽ 480 ലാബുകൾ തുടങ്ങുന്നതിന് ഇതിനകം തന്നെ തീരുമാനമെടുത്തിട്ടുണ്ട്. ശേഷിക്കുന്നവ കൂടി ആരംഭിക്കാൻ കഴിഞ്ഞാലെ നമുക്ക് നമ്മുടെ ലക്ഷ്യം പൂർത്തീകരിക്കാനാവൂ.

ഇത്തരത്തിൽ നമ്മുടെ സംസ്ഥാനത്ത് ഗുണനിലവാരമുള്ള സുരക്ഷിത കുടിവെള്ളം ഉറപ്പാക്കുന്നതിന് ഈ ലാബുകൾ ഏറെ സഹായിക്കും. തങ്ങൾ ഉപയോഗിക്കുന്ന കുടിവെള്ളം സുരക്ഷിതമാണോ എന്ന ആശങ്ക ഒഴിവാക്കുകയെന്നത് ഏറെ പ്രധാനമാണ്. കുടിവെള്ള നിലവാരത്തിന്റെ കാര്യത്തിൽ ഗുരുതര പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്ക് പ്രാദേശികമായി പരിഹാരങ്ങൾ കണ്ടെത്തുന്നതിനും ഈ ലാബുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും സഹായകരമാവും.

പരിശോധനാഘടകങ്ങളും പരിഹാര മാർഗ്ഗങ്ങളും

ചുവടെ പറയുന്ന ഘടകങ്ങളാണ് ജലശുദ്ധിയുമായി ബന്ധപ്പെട്ട് പ്രധാനമായും പരിശോധിക്കുന്നത്

നിറം

തെളിഞ്ഞ നിറമുള്ള ജലം മാത്രമേ ദൈനംദിനാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ. കലക്കൽ ഉള്ള വെള്ളമാണെങ്കിൽ മറ്റ് പരിശോധനകളെല്ലാം നടത്തണം. മറ്റുതരം പ്രശ്നങ്ങൾ ഒന്നും ഇല്ലെങ്കിൽ മാത്രം അരിച്ച് വൃത്തിയാക്കി ഉപയോഗിക്കാൻ നിർദ്ദേശിക്കാം.

ഗന്ധം

സ്വീകാര്യമായ ഗന്ധം ഉള്ള/ഗന്ധമില്ലാത്ത ജലം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. അരോചക ഗന്ധമുള്ള ജലമാണെങ്കിൽ കിണർ വൃത്തിയാക്കി പുതുതായി വരുന്ന വെള്ളം വീണ്ടും പരിശോധിച്ച് ഗന്ധമില്ലെന്ന് ഉറപ്പുവരുത്തിയതിനു ശേഷം 4000 ലിറ്റർ വെള്ളത്തിന് 10 ഗ്രാം എന്ന തോതിൽ ബ്ലീച്ചിംഗ് പൗഡർ കലർത്തുക. തുടർന്ന് കുറഞ്ഞത് 6 മണിക്കൂർ കഴിഞ്ഞതിനുശേഷം ഉപയോഗിക്കാൻ നിർദ്ദേശിക്കാം. ബ്ലീച്ചിംഗ് പൗഡറിന്റെ ഗന്ധം വരാൻ പാടില്ല.

pH മൂല്യം

6.5 മുതൽ 8.5 വരെ pH മൂല്യമുള്ള ജലമാണ് കുടിയ്ക്കാൻ അനുവദനീയമായിട്ടുള്ളത്. pH മൂല്യം 5 നും 6.5 നും ഇടയിലാണെങ്കിൽ 4000 ലിറ്റർ വെള്ളത്തിന് 250 ഗ്രാം കുമ്മായം എന്ന തോതിൽ രണ്ടാഴ്ചയിലൊരിക്കൽ വെള്ളത്തിൽ ഒഴിച്ച് ഉപയോഗിക്കാൻ നിർദ്ദേശിക്കാം. pH മൂല്യം 5 ൽ താഴെയാണെങ്കിൽ പകുതിവെന്ത കക്ക 2 ഇഞ്ച് കനത്തിൽ കിണറിന്റെ അടിത്തട്ടിൽ നിക്ഷേപിക്കാൻ നിർദ്ദേശിക്കാം.

വിവരശേഖരണ സംവിധാനം

IIITMK യുടെ സഹകരണത്തോടെ ജലഗുണനിലവാര പരിശോധന റിസൾട്ടുകൾ ക്രോഡീകരിച്ച് ശേഖരിക്കുന്നതിനായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. റിസൾട്ടുകൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും സമയാസമയം ലഭ്യമാക്കുന്നതിന് ഇത് സഹായിക്കും. മാത്രമല്ല ഒരു പ്രദേശത്തെ പരിശോധനാ ഫലങ്ങളുടെ വിശകലനത്തിനും അപഗ്രഥനത്തിനും ഇത് ഉപകാരപ്രദമാകും. തുടർ നടപടികൾ ഇതനുസരിച്ച് ആസൂത്രണം ചെയ്യുന്നതിനും ഈ വിവരശേഖരണ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രധാന ജലജന്യരോഗങ്ങളും അവയുടെ കാരണങ്ങളും

രോഗം	കാരണങ്ങൾ
വയറിളക്കം (Diarrhoea)	• ശുദ്ധമല്ലാത്ത ജലത്തിൽ കൈകഴുകിയ ശേഷം ഭക്ഷണം കഴിക്കൽ. • കൈകൾ നന്നായി വൃത്തിയാക്കാതെ ഭക്ഷണം കഴിക്കൽ. • ശുദ്ധമല്ലാത്ത ജലം കുടിയ്ക്കാൻ ഉപയോഗിക്കൽ. • ശുദ്ധമല്ലാത്ത ജലത്തിൽ പാകം ചെയ്ത ഭക്ഷണം കഴിക്കൽ. • ശുദ്ധമല്ലാത്ത പച്ചവെള്ളം ഉപയോഗിച്ച് തയ്യാറാക്കിയ ചട്നി.
കോളറ	• മലിനീകരിക്കപ്പെട്ട വെള്ളവും ആഹാരവും വഴി പകരുന്നു.
വയറുകടി (Dysentry)	• ബാസിലാ ഡിസെന്ട്രി, ഗ്യാർഡിനയ എന്നീ സൂക്ഷ്മജീവികളിലൂടെ പകരുന്നു. • കോളിഫോം രോഗാണുക്കളുടെ ജലത്തിലെ അളവ് 10/100 മില്ലിലിറ്ററിൽ കൂടുതലുള്ള ജലം ശരീരത്തിലെത്തുന്നതിലൂടെ രോഗമുണ്ടാകുന്നു.
ടൈഫോയ്ഡ് (Typhoid)	• സാല്മൊdനെല്ല ടൈഫി വിഭാഗത്തിൽപെട്ട ബാക്ടീരിയ വഴി ഉണ്ടാകുന്നു.
	• രോഗികളുടെയോ രോഗവാഹകരുടെയോ മലമൂത്ര വിസർജ്യങ്ങളിൽ നിന്ന് രോഗാണുക്കൾ ആഹാരസാധനങ്ങളിലൂടെയും കുടിവെള്ളത്തിലൂടെയും ശരീരത്തിലെത്തുന്നത്.
മഞ്ഞപ്പിത്തം (Hepatitis A&B)	• മലിനജലം കുടിക്കുന്നതിലൂടെ പകരുന്നു. • കോളിഫോം രോഗാണുക്കളുടെ ജലത്തിലെ അളവ് 10/100 മില്ലിലിറ്ററിൽ കൂടുതലുള്ള ജലം ശരീരത്തിലെത്തുന്നതിലൂടെ രോഗമുണ്ടാകുന്നു.
ഭക്ഷ്യവിഷബാധ (Food poison)	• വിവിധതരം ബാക്ടീരിയകളോ അവയുണ്ടാക്കുന്ന വിഷവസ്തുക്കളോ മറ്റെന്തെങ്കിലും വിഷ വസ്തുക്കളോ ആഴ്സനിക് തുടങ്ങിയ രാസ വസ്തുക്കളോ ആഹാരം വഴിയോ കുടിവെള്ളം വഴിയോ ശരീരത്തിലെത്തുന്നതിലൂടെ.
പോളിയോ മിലിറ്റിസ് (Poliyomelitis),	• ഇ-കോളി രോഗാണുക്കളുടെ സാന്നിദ്ധ്യമുള്ള ജലം ശരീരത്തിലെത്തുന്നതിലൂടെ.
ഡെന്റ് ഫ്ളൂറോസിസ് (Dental fluorosis)/ സ്കെലിറ്റൽ ഫ്ളൂറോസിസ് (Skeletal fluorosis)/ ഫ്ളൂറോസിൻ	• ഫ്ളൂറൈഡ് കൂടുതലുള്ള ജലം ഭക്ഷണം പാകം ചെയ്യാനും കുടിക്കാനും മറ്റാവശ്യങ്ങൾക്കും തുടർച്ചയായി ഉപയോഗിക്കുന്നതിലൂടെ.

വൈദ്യുത ചാലകത/ ലവണ സാന്നിദ്ധ്യം

5 ms/m (മില്ലി സീമൻസ്/മീറ്റർ) മുതൽ 50 ms/m വരെയുള്ള വൈദ്യുത ചാലകതാ പരിധിയിലുള്ള ജലമാണ് കുടിവെള്ളമായി ഉപയോഗിക്കാൻ അനുയോജ്യമായത്. ഇതിൽ നിന്നും ഉയർന്ന വ്യത്യാസം കാണിക്കുകയാണെങ്കിൽ കിണർ വൃത്തിയാക്കി യശേഷം വീണ്ടും പരിശോധന നടത്താൻ നിർദ്ദേശിക്കാം.

ലയിച്ചു ചേർന്നിട്ടുള്ള ഖര പദാർത്ഥത്തിന്റെ അളവ്

BIS നിലവാരം അനുസരിച്ച് ലയിച്ചു ചേർന്നിട്ടുള്ള ഖരപദാർത്ഥത്തിന്റെ (TDS) അഭിലഷണീയമായ അളവ് 500 mg/l ഉം പരമാവധി അംഗീകരിക്കാവുന്ന അളവ് 2000 mg/l ഉം ആണ്. ഉയർന്ന TDS അളവാണ്

കാണിക്കുന്നതെങ്കിൽ കിണർ വൃത്തിയാക്കിയശേഷം പുതുതായി വരുന്ന വെള്ളം പരിശോധിച്ച് TDS ന്റെ അളവ് ഉറപ്പാക്കിയ ശേഷം മാത്രം ഉപയോഗിക്കാൻ നിർദ്ദേശിക്കും.

നൈട്രേറ്റിന്റെ അളവ്

45 mg/l ആണ് നൈട്രേറ്റിന്റെ പരമാവധി അനുവദനീയ അളവായി നിശ്ചയിച്ചിട്ടുള്ളത്. ഇതിനേക്കാൾ ഉയർന്ന നിരക്കാണ് കാണിക്കുന്നതെങ്കിൽ കിണർ വൃത്തിയാക്കിയ ശേഷം വീണ്ടും വെള്ളം പരിശോധിക്കാൻ നിർദ്ദേശിക്കും.

അമോണിയയുടെ അളവ്

0.5 mg/l ആണ് കുടിവെള്ളത്തിന് അനുവദനീയമായ ഏറ്റവും ഉയർന്ന അമോണിയയുടെ അളവ്. അനുവദനീയമായ അളവിൽ കൂടുതലാണെങ്കിൽ കിണർ വൃത്തിയാക്കിയതിനുശേഷം പരിശോധിക്കുക. തുടർന്നും അമോണിയയുടെ അളവ് കൂടുതലാണെങ്കിൽ കിണറിന്റെ അരികിൽ കക്കൂസ്, തൊഴുത്ത് എന്നിവയോ മലിനജലം കെട്ടിക്കിടക്കുന്ന അവസ്ഥയോ ഉണ്ടോ എന്ന് നിരീക്ഷിക്കുക. ഇത്തരത്തിൽ മാലിന്യത്തിന്റെ ഉറവിടം കണ്ടെത്തി പരിഹരിച്ചതിനുശേഷം വീണ്ടും പരിശോധന നടത്താൻ നിർദ്ദേശിക്കും.

കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം

കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഇല്ലാത്ത ജലമാണ് കുടിവെള്ളമായി ഉപയോഗിക്കാൻ അനുയോജ്യം. സാന്നിദ്ധ്യം കണ്ടെത്തിയാൽ 4000 ലിറ്റർ വെള്ളത്തിന് 10 ഗ്രാം ബ്ലീച്ചിംഗ് പൗഡർ എന്ന തോതിൽ വെള്ളത്തിൽ കലർത്തുകയോ വെള്ളം നന്നായി തിളപ്പിച്ചശേഷം മാത്രം ഉപയോഗിക്കുകയോ ചെയ്യാൻ നിർദ്ദേശിക്കും. ☐

ലേഖകൻ ഹരിതകേരളം മിഷനിൽ ടെക്നിക്കൽ ഓഫീസർ ആണ്

കിണർജലം ശുദ്ധമാണെന്ന് ഉറപ്പ് വരുത്തണം : മുഖ്യമന്ത്രി

വീടുകളിലെ കിണർജലം ശുദ്ധമാണെന്ന ധാരണയാണ് പൊതുവായി ആളുകൾക്കുള്ളതെന്നും അത് ശുദ്ധമാണോയെന്നത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് ആവശ്യമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ ആരംഭിക്കുന്ന ജലഗുണതാ പരിശോധനാ ലാബുകളുടെ സംസ്ഥാനതല ഉദ്ഘാടനം അഞ്ചരക്കണ്ടി ഹയർസെക്കന്ററി സ്കൂളിൽ ഓൺലൈനായി നിർവ്വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിദ്യാസമ്പന്നരും മെച്ചപ്പെട്ട ജീവിത- സാംസ്കാരിക നിലവാരവും പുലർത്തുന്നവരായിട്ടും നമ്മൾ മലിനജലം കുടിക്കേണ്ടി വരുന്നുവെന്നത് നിർഭാഗ്യകരമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്ത് ജനസാന്ദ്രത കൂടുതലുള്ളതിനാൽ അടുത്തടുത്തായാണ് വീടുകൾ സ്ഥിതിചെയ്യുന്നത്. ശാസ്ത്രീയമായ രീതിയിലും അല്ലാതെയും നിർമ്മിച്ചിട്ടുള്ള സെപ്റ്റിക് ടാങ്കുകളാണ് പലയിടത്തും. സെപ്റ്റിക് ടാങ്കിൽ നിന്നും മാലിന്യം കൃത്യമായ രീതിയിൽ സംസ്കരിക്കപ്പെടാത്ത സ്ഥിതിയുണ്ട്. ഇത് വീടുകളിലെ കിണറുകൾ മലിനീകരിക്കപ്പെടാൻ കാരണമാകുന്നു. ഒരേ പറമ്പിൽത്തന്നെ നിരവധി വീടുകൾ സ്ഥിതിചെയ്യുമ്പോൾ സെപ്റ്റിക് ടാങ്കും കിണറും തമ്മിലുള്ള അകലം കുറയുന്നതായും അദ്ദേഹം പറഞ്ഞു. ശുദ്ധജലം ഉറപ്പ വരുത്തുന്നതിനുള്ള പരിപാടികൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ മുമ്പും സംഘടിപ്പിച്ചിട്ടുണ്ട്. കിണർ റീച്ചാർജ്ജിംഗ്, പുഴകളുടെയും തോടുകളുടേയും ശുചീകരണം, തോടിന്റെ ദൈർഘ്യം വർദ്ധിപ്പിക്കൽ തുടങ്ങിയവ നാടൊന്നാകെ ഇറങ്ങിത്തിരിച്ച പ്രവർത്തനങ്ങളായിരുന്നു. ഓരോന്നിന്റെയും പൂർണ്ണതയ്ക്കു നാടിന്റെ ഇടപെടൽ ആവശ്യമാണ്. ഒരു പ്രദേശത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ പരിസരത്തുള്ള കുട്ടികളായിരിക്കും പഠിക്കുന്നത്. അതിനാൽ അവിടത്തെ വിദ്യാർത്ഥികൾക്ക് സ്വന്തം വീട്ടിലെയും അയൽപക്കത്തെ വീടുകളിലെയും വെള്ളം പരിശോധിക്കാൻ സാധിക്കും. അതിനാ ലാണ് സ്കൂളുകൾ കേന്ദ്രീകരിച്ച് ലാബുകൾ സ്ഥാപിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 480 സ്കൂളുകളിൽ ലാബുകൾ പ്രവർത്തന മാരംഭിക്കും. എം.എൽ.എ മാരുടെ ആസ്തി വികസന നിധിയിൽ നിന്നും തദ്ദേശസ്ഥാപനങ്ങളുടെ വികസനഫണ്ടിൽ നിന്നും തുക കണ്ടെത്തിയാണ് ലാബ് സ്ഥാപിക്കുന്നത്. 59 എം.എൽ.എമാർ 380 സ്കൂളുകളിൽ ലാബ് ആരംഭിക്കാൻ ഇതിനകം തുക അനുവദിച്ചിട്ടുണ്ട്. ജലജന്യരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജലപരിശോധനയ്ക്ക് എല്ലാവരും തയ്യാറാകണമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ ജലവിഭവ മന്ത്രി കെ.കൃഷ്ണൻകുട്ടി ജലപരിശോധന കൈപുസ്തകം പ്രകാശനം ചെയ്തു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി. എൻ.സീമ, പൊതു വിദ്യാഭ്യാസ ഡയറക്ടർ കെ.ജീവൻബാബു, കെ.ഐ.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ എൻ. പ്രശാന്ത് എന്നിവർ ഓൺലൈനായി പങ്കെടുത്തു.

100 ദിനം 100 പദ്ധതികൾ

കേരളീയർക്ക് ഓണസമ്മാനമായി സർക്കാരിന്റെ നൂറുദിന-നൂറിന കർമ്മ പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു. നൂറു ദിവസം കൊണ്ട് നൂറു പദ്ധതികൾ പൂർത്തിയാക്കി നാടിനു സമർപ്പിക്കുമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു. ക്ഷേമപെൻഷനുകൾ 100 രൂപ വർദ്ധിപ്പിച്ച് 1400 രൂപയാക്കി എല്ലാ മാസവും വിതരണം ചെയ്യും. പതിനാലിനം പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചു. സൗജന്യ ഭക്ഷ്യധാന്യ കിറ്റ് നാല് മാസം കൂടി വിതരണം ചെയ്യും. 100 ദിനത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കാൽ ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകാനും തീരുമാനിച്ചു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും എല്ലാ തലത്തിലും അവലോകനം നടത്തുകയും ചെയ്യും. സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മ പദ്ധതി സർവ്വ മേഖലകളിലും വിവിധങ്ങളായ പദ്ധതികൾ വിഭാവനം ചെയ്യുന്നു. താഴെ പറയുന്ന ക്ഷേമ-വികസന പ്രവർത്തന

ങ്ങളാണ് ഈ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

ക്ഷേമം

- 88 ലക്ഷം കാർഡുടമകൾക്ക് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം 4 മാസം കൂടി തുടരും.
- ക്ഷേമ പെൻഷൻ 100 രൂപ വർദ്ധിപ്പിച്ച് കുറഞ്ഞ പെൻഷൻ 1400 രൂപ വീതം നൽകും. 58 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇനി മാസം തോറും പെൻഷൻ തുക വിതരണം ചെയ്യും.

ആരോഗ്യമേഖല

- പുതിയ 153 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കും.
- മെഡിക്കൽ കോളേജ്/ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളുടെ ഭാഗമായ 24 പുതിയ കെട്ടിടങ്ങൾ പൂർത്തീകരിക്കും.
- 10 പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ സ്ഥാപിക്കും.
- 9 സ്കാനിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കും.
- 3 പുതിയ കാത്ത് ലാബുകൾ സ്ഥാപിക്കും.
- 2 ആധുനിക ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കും

വിദ്യാഭ്യാസ മേഖല

- 5 കോടി രൂപ വീതം ചെലവിൽ നിർമ്മിക്കുന്ന 35 സ്കൂൾ കെട്ടിടങ്ങൾ 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കും.
- 3 കോടി രൂപ വീതം ചെലവിൽ നിർമ്മിക്കുന്ന 14 സ്കൂൾ കെട്ടിടങ്ങൾ 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കും.
- മറ്റുള്ള 27 സ്കൂൾ കെട്ടിടങ്ങളുടെയും പണി പൂർത്തിയാക്കും.
- 250 പുതിയ സ്കൂൾ കെട്ടിടങ്ങളുടെ പണി ആരംഭിക്കും.
- 11,400 സ്കൂളുകളിൽ ഹൈടെക് കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കും.
- അഞ്ചുലക്ഷം കുട്ടികൾക്ക് ലാപ്ടോപ്പുകൾ എത്തിക്കുന്നതിനുള്ള വിദ്യാശ്രീ പദ്ധതി ആരംഭിക്കും.
- 18 കോടി രൂപ മുതൽ മുടക്കി നിർമ്മിച്ച ചെങ്ങന്നൂർ ഐടിഐ അടക്കം നവീകരിച്ച 10 ഐടിഐകളുടെ ഉദ്ഘാടനം നിർവ്വഹിക്കും.
- സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ 150 പുതിയ കോഴ്സുകൾ അനുവദിക്കും.
- ആദ്യത്തെ 100 കോഴ്സുകൾ സെപ്തംബർ 15നകം പ്രഖ്യാപിക്കും.
- എപി ജെ അബ്ദുൾകലാം സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയ്ക്ക് സ്ഥിരം കാമ്പസിനുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കി ശിലാസ്ഥാപനം നടത്തും.
- 126 കോടി രൂപ മുതൽ മുടക്കിൽ 32 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമിക്കുന്ന കെട്ടിടങ്ങൾ പൂർത്തീകരിക്കും.

തൊഴിലവസരം

- നാലുവർഷം കൊണ്ട് 1,41,615 പേർക്ക് തൊഴിൽ നൽകി. (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ)
- പി എസ് സി ക്ക് നിയമനം വിട്ടുകൊടുത്ത 11 സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിനുള്ള പ്രത്യേക ടാസ്ക് ഫോഴ്സിനെ നിയമ-ധന-പൊതുഭരണ വകുപ്പുകളുടെ നേതൃത്വത്തിൽ സൃഷ്ടിക്കും.
- സ്പെഷ്യൽ റൂൾസിന് അവസാനരൂപം നൽകും.
- 100 ദിവസത്തിനുള്ളിൽ കോളേജ്, ഹയർ സെക്കണ്ടറി മേഖലകളിലായി 1000 തസ്തികകൾ സൃഷ്ടിക്കും.
- 100 ദിവസത്തിനുള്ളിൽ 15,000 നവസംരംഭങ്ങളിലൂടെ 50,000 പേർക്ക് കാർഷികേതര മേഖലയിൽ തൊഴിൽ നൽകും.
- പ്രാദേശികസഹകരണ ബാങ്കുകൾ, കുടുംബശ്രീ, കെഎഫ്സി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയായിരിക്കും മുഖ്യ ഏജൻസികൾ.
- ഒരു പ്രത്യേക പോർട്ടലിലൂടെ ഓരോ ഏജൻസികളും അധികമായി സൃഷ്ടിച്ച തൊഴിലവസരങ്ങൾ പ്രസിദ്ധീകരിക്കും.

അടിസ്ഥാന സൗകര്യ വികസനം

- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 961 കോടി രൂപ മുടക്കി 5,000 ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം നടത്തും.
- റീബിൽഡ് കേരളയുടെ ഭാഗമായി 392.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ഗ്രാമീണ റോഡുകൾക്ക് തുടക്കം കുറിക്കും.
- 1,451 കോടി രൂപയുടെ 189 പൊതുമരാമത്ത്-കിഫ്ബി റോഡുകൾ ഗതാഗതത്തിന് തുറന്നുകൊടുക്കും.
- 901 കോടി രൂപയുടെ 158 കിലോമീറ്റർ കെ എസ് ടി പി റോഡുകൾ, കുണ്ടന്നൂർ, വെറ്റില ഫ്ളൈ ഓവറുകളടക്കം 21 പാലങ്ങൾ എന്നിവ ഉദ്ഘാടനം ചെയ്യും.

ഇനി കുടിശികയില്ലാതെ ക്ഷേമ പെൻഷൻ

ക്ഷേമ പെൻഷൻ തുക 100 രൂപ വർദ്ധിപ്പിച്ച് 1400 രൂപയാക്കി. 58 ലക്ഷത്തോളം പെൻഷൻ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇനിമുതൽ കുടിശികയില്ലാതെ അതാത് മാസങ്ങളിൽ തന്നെ പെൻഷൻ വിതരണം നടത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 600 രൂപയായിരുന്ന പെൻഷനാണ് നാലു വർഷം കൊണ്ട് ഘട്ടം ഘട്ടമായി 1400 രൂപയിലേക്ക് വർദ്ധിപ്പിച്ചത്.

14 ഇനം പച്ചക്കറികൾക്ക് തറവില

നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി കേരളപ്പിറവി ദിനത്തിൽ 14 ഇനം പച്ചക്കറികൾക്ക് തറവില പ്രഖ്യാപിക്കാൻ സർക്കാർ തീരുമാനം. ഇതോടെ പച്ചക്കറിയ്ക്ക് തറവില പ്രഖ്യാപിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാകും കേരളം. സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കടകളുടെ ശൃംഖല ആരംഭിച്ച് വിപണനം സാധ്യമാക്കും. കൃഷിക്കാർക്ക് അക്കൗണ്ടിലേയ്ക്ക് ഉടൻ പണവും നൽകും. തറവിലയിൽ വ്യാപാര നഷ്ടം ഉണ്ടായാൽ നികത്തുന്നതിന് വയബിലിറ്റി ഗ്യാപ്പ് പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകും.

- 671.26 കോടി രൂപയ്ക്ക് ടെണ്ടർ നൽകിയ 41 കിഫ്ബി പദ്ധതികൾ നവംബറിനകം ഉദ്ഘാടനം ചെയ്യും.
- പുനലൂർ നഗരറോഡ് നവീകരണം, ചങ്ങനാശ്ശേരി- കവിയൂർ, ശിവഗിരി റിംഗ് റോഡ്, ചെറുന്നിയൂർ-കിളിമാനൂർ റോഡ്, ഇലഞ്ഞിമേൽ-ഹരിപ്പാട്, നന്ദാരപ്പടവ്-ചേവാർ ഹിൽ ഹൈവേ റീച്ച് എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും.
- സ്റ്റേഡിയങ്ങൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-മെട്രിക് ഹോസ്റ്റലുകൾ തുടങ്ങിയവയും ഇതിൽപ്പെടുന്നുണ്ട്.
- കോവളം ബേക്കൽ ജലപാതയുടെ 590 കിലോമീറ്ററിൽ 453 കിലോമീറ്റർ ഗതാഗതയോഗ്യമാക്കും.
- ചമ്പക്കുളം, പറശ്ശിനിക്കടവ്, പഴയങ്ങാടി എന്നിവിടങ്ങളിലെ ബോട്ട് ജെട്ടികളും കല്ലായി പറമാംമ്പിൽ പാലങ്ങളും പൂർത്തീകരിക്കും.
- കൊച്ചി മെട്രോ പൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി, സെയ്ഫ് കേരള കൺട്രോൾ റൂം എന്നിവ ഉദ്ഘാടനം ചെയ്യും.
- ആദ്യത്തെ ഇലക്ട്രിക് ഹൈബ്രിഡ് ക്രൂയിസ് വെസൽ, രണ്ട് കാറ്റമറൻ ബോട്ടുകൾ, രണ്ട് വാട്ടർ ടാക്സികൾ എന്നിവ നീരണിയും.
- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പോർട്ട് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യും.
- വയനാട് തുരങ്കം യാഥാർത്ഥ്യമാക്കുന്നതിനുള്ള നിർണ്ണായക മുന്നേറ്റം നൂറ് ദിവസത്തിനകം നടത്തും.

കാർഷിക മേഖല

- അടുത്ത കേരളപ്പിറവി ദിനത്തിൽ 14 ഇനം പച്ചക്കറികൾക്ക് തറവില പ്രഖ്യാപിക്കും. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം പച്ചക്കറിക്ക് തറവില ഏർപ്പെടുത്തുന്നത്.
- പച്ചക്കറി ന്യായവിലയ്ക്ക് ഉപഭോക്താവിന് ഉറപ്പുവരുത്തുന്നതിനും കൃഷിക്കാരിൽ നിന്നും സംഭരിക്കുന്നതിനും പ്രാദേശിക സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കടകളുടെ ശൃംഖല ആരംഭിക്കും.
- കൃഷിക്കാർക്ക് തത്സമയം തന്നെ അക്കൗണ്ടിലേയ്ക്ക് പണം നൽകും.
- വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മിച്ച പഞ്ചായത്തുകളിൽ നിന്നും കമ്മിയുള്ള പഞ്ചായത്തുകളിലേക്ക് പച്ചക്കറി നീക്കുന്നതിനുള്ള ചുമതല യേറ്റെടുക്കും.
- തറവില നടപ്പാക്കുമ്പോൾ വ്യാപാര നഷ്ടം ഉണ്ടായാൽ നികത്തുന്നതിന് വയബിലിറ്റിഗ്യാപ്പ് പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകും.
- ചർച്ചയ്ക്കുവേണ്ടി കരട് രൂപരേഖ പ്രസിദ്ധീകരിക്കും.
- രണ്ടാം കുട്ടനാട് വികസന പാക്കേജിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കും.
- ഇതിന്റെ ഭാഗമായി പുതുക്കിയ കാർഷിക കലണ്ടർ പ്രകാശിപ്പിക്കും.
- 13 വാട്ടർഷെഡ്ഡ് പദ്ധതികൾ പൂർത്തീകരിക്കും.
- 500 ടെക്നീഷ്യൻമാരുടെ പരിശീലനം പൂർത്തിയാക്കി 500 കേന്ദ്രങ്ങളിൽക്കൂടി ആടുകളുടെ ബീജദാന പദ്ധതി നടപ്പിലാക്കും.
- കേരള ചിക്കൻ 50 ഔട്ട്ലറ്റുകൾകൂടി തുടങ്ങും.
- മൺറോതുരുത്തിലും കുട്ടനാട്ടിലും കാലാവസ്ഥ അനുരൂപ കൃഷിരീതി ഉദ്ഘാടനം ചെയ്യും.

പരമ്പരാഗത വ്യവസായം

- കയർ ഉൽപ്പാദനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 50 ശതമാനം വർദ്ധന നേടും.
- ഓരോ ദിവസവും ഒരു യന്ത്രവൽകൃത ഫാക്ടറി ഉദ്ഘാടനം ചെയ്യും.
- തൊഴിലാളികളുടെ കൂലി പരമ്പരാഗത മേഖലയിൽ 350 രൂപയായിരിക്കുന്നത് ഈ യന്ത്രവൽകൃത മേഖലയിൽ ശരാശരി 500 രൂപയായി ഉയരും.
- കശുവണ്ടി മേഖലയിൽ 3000 തൊഴിലാളികൾക്ക് കൂടി കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് എന്നിവിടങ്ങളിൽ തൊഴിൽ നൽകും.
- പനമ്പ്, കയർ കോമ്പോസിറ്റ് ബോർഡുകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിക്കും.

തീരദേശ വികസനം

- ഓഫ്ഷോർ ബ്രേക്ക് വാട്ടർ സംരക്ഷണ ഭിത്തികളുടെ നിർമ്മാണം ആരംഭിക്കും.
- ചെല്ലാനം തീരസംരക്ഷണ പദ്ധതി പൂർത്തീകരിക്കും.
- 192 കോടി രൂപയുടെ 140 ഗ്രോയിനുകളുടെ നിർമാണം നടത്തും.
- പുനർഗേഹം പദ്ധതിയിൽ 5000 പേർക്ക് ധനസഹായം നൽകും.
- മത്സ്യഫെഡ്ഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കും.
- ചെത്തി ഹാർബറിനും തീരദേശ പാർക്കിനും തറക്കല്ലിടും.
- തീരദേശത്തെ മുഴുവൻ സർക്കാർ സ്കൂളുകളുടെയും 60 മത്സ്യ മാർക്കറ്റുകളുടെയും പുനർനിർമ്മാണം ആരംഭിക്കും.
- 69 തീരദേശ റോഡുകൾ ഉദ്ഘാടനം ചെയ്യും.

കുടിവെള്ളം, വൈദ്യുതി

- ജലജീവൻ മിഷൻ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കും. ഇതിന്റെ ഭാഗമായി 490 കോടി രൂപയുടെ 39 പദ്ധതികൾ ഉദ്ഘാടനം ചെയ്യും.
- കടമക്കുടി കുടിവെള്ള പദ്ധതി, കാസർകോട് നഗരസഭാ കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ടം, കുണ്ടറ കുടിവെള്ള പദ്ധതി നവീകരണം, രാമനാട്ടുകര കുടിവെള്ള പദ്ധതി നവീകരണം, താനൂർ കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ടം, തിരുവാലി വണ്ടൂർ കുടിവെള്ളപദ്ധതിയുടെ ആദ്യ രണ്ടു ഘട്ടങ്ങൾ, പൊന്നാനി കുടിവെള്ള പദ്ധതി, തച്ചനാട്ടുകാര അലനല്ലൂർ കുടിവെള്ള പദ്ധതി, മലമ്പുഴ കുടിവെള്ള പദ്ധതിഎന്നീ കിഫ്ബി പദ്ധതികൾ 100 ദിവസത്തിനകം ഉദ്ഘാടനം ചെയ്യും.
- ഒന്നര ലക്ഷം പേർക്ക് കുടിവെള്ള കണക്ഷൻ നൽകും.
- കോതമംഗലം, ചാലക്കുടി, കല്ലൂർ എന്നീ സബ്സ്റ്റേഷനുകൾ നവംബറിനുള്ളിൽ ഉദ്ഘാടനം ചെയ്യും.
- പുഗലൂർ-മാടക്കത്തറ ഹൈവോൾട്ടേജ് ഡി സി ലൈൻ ആദ്യഘട്ടത്തിന്റെ ഉദ്ഘാടനവും ഈ കാലയളവിൽ നടക്കും.

വ്യവസായവും ടൂറിസവും

- ഒറ്റപ്പാലം പ്രതിരോധ പാർക്ക്, പാലക്കാട്ടെയും ചേർത്തലയിലെയും മെഗാഫുഡ് പാർക്കുകൾ എന്നിവ തുറക്കും.
- കേരള സെറാമിക്സിന്റെ നവീകരിച്ച പ്ലാന്റുകൾ, ആലപ്പുഴ സ്പിന്നിംഗ് മില്ലിന്റെ വൈവിദ്ധ്യവൽക്കരണം എന്നിവയും ഉദ്ഘാടനം ചെയ്യും.

- തിരുവനന്തപുരം മെഡിക്കൽ ഡിവൈസ് പാർക്ക്, പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക്, കുണ്ടറ സിറാമിക്സിൽ മൾട്ടി പർപ്പസ് പാർക്ക്, നാട്ടുകാണി ടെക്സ്റ്റയിൽ പ്രോസസിംഗ് സെന്റർ എന്നിവയുടെ നിർമാണം ആരംഭിക്കും.
- വിവിധ ജില്ലകളിലായി 66 ടൂറിസം പദ്ധതികൾ 100 ദിവസത്തിനുള്ളിൽ പ്രവർത്തനം തുടങ്ങും.
- ഇതിൽ വേളി മിനിയേച്ചർ റെയിൽവേ, വെള്ളാവൂർ ക്രാഫ്റ്റ് വില്ലേജ്, ആലപ്പുഴ മെഗാ ടൂറിസം ഹൗസ്ബോട്ട് ടെർമിനൽ, ചമ്രവട്ടം പുഴയോര സ്നേഹപാത, കോഴിക്കോട് ബീച്ച് കൾച്ചറൽ ഹബ്ബ്, തലശ്ശേരി ടൂറിസം പദ്ധതി ഒന്നാംഘട്ടം എന്നിവ ഉൾപ്പെടുന്നു.
- കുത്തുപറമ്പ്, ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയങ്ങളടക്കം 10 സ്പോർട്സ് സ്റ്റേഡിയങ്ങൾ ഉദ്ഘാടനം ചെയ്യും.
- നവീകരിച്ച ആലപ്പുഴയിലെ രാജാകേശവദാസ് സ്വിമ്മിംഗ്പൂൾ തുറന്നുകൊടുക്കും.
- കനകക്കുന്നിലെ ശ്രീനാരായണഗുരു പ്രതിമയും, ചെറായിയിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരകവും, ആറ് വിവിധ ഗ്യാലറികളും ഉദ്ഘാടനം ചെയ്യും.
- ആലപ്പുഴയിലെ മ്യൂസിയം പരമ്പരയിൽ ആദ്യത്തേതായി കയർ മ്യൂസിയം പൂർത്തിയാക്കും.
- എറണാകുളം ടി കെ പത്മിനി ആർട്ട് ഗാലറിയുടെ നിർമാണം ആരംഭിക്കും.
- ശബരിമലയിൽ 28 കോടി രൂപയുടെ മൂന്നു പദ്ധതികൾ പൂർത്തീകരിക്കും. നിലയ്ക്കലെ വാട്ടർ ടാങ്ക് നിർമ്മാണം ആരംഭിക്കും.

പട്ടികജാതി മേഖലയിൽ

- 6000 പഠനമുറികൾ നിർമ്മിച്ച് നൽകും.
- 1000 സ്പിൽ ഓവർ വീടുകൾ പൂർത്തിയാക്കും.
- 3000 പേർക്ക് ഭൂമി വാങ്ങാൻ ധനസഹായവും 700 പേർക്ക് പുനരധിവാസ സഹായവും നൽകും.
- 7000 പേർക്ക് വിവാഹധനസഹായം നൽകും.
- 5 ഹോസ്റ്റലുകൾ, 4 ഐടിഐ കൾ, 2 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നവീകരണം പൂർത്തിയാക്കും.
- എല്ലാവിധ സ്കോളർഷിപ്പുകളും കുടിശികയില്ലാതെ നൽകും.

5000 ഗ്രാമീണ റോഡുകൾ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 961 കോടി രൂപ ചെലവിൽ 5000 ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണവും റീബിൽഡ് കേരളയുടെ ഭാഗമായി 392.09 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും തുടക്കം കുറിക്കും. 1451 കോടി രൂപയുടെ 189 പൊതുമരാമത്ത് കിഫ്ബി റോഡുകളും 901 കോടി രൂപയുടെ 158 കിലോമീറ്റർ കെ എസ് ടി പി റോഡുകളും ഗതാഗതത്തിനായി തുറന്നു കൊടുക്കും. കുണ്ടന്നൂർ, വൈറ്റില ഫ്ലൈ ഓവറുകൾ അടക്കം 21 പാലങ്ങളും നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ഉദ്ഘാടനം ചെയ്യും.

- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നാല് മെട്രിക് ഹോസ്റ്റലുകൾ പൂർത്തിയാക്കി തുറക്കും.
- 23 പട്ടികവർഗ്ഗ കോളനികളിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പരിപാടി നടപ്പിലാക്കും.

മറ്റുള്ളവ

- 7027 ഭിന്നശേഷിക്കാർക്ക് കൈവല്യ പദ്ധതിക്കു കീഴിൽ സഹായം നൽകും.
- സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഈ വർഷത്തെ ഗ്രാന്റ് നവംബർ മാസം നൽകും.
- ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ ഇതിനകം 2,25,750 വീടുകൾ പൂർത്തിയാക്കി. അടുത്ത 100 ദിവസത്തിനുള്ളിൽ 25,000 വീടുകൾ പൂർത്തിയാക്കും. 30 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കും.
- അതിഥി തൊഴിലാളികൾക്ക് വാടകയ്ക്ക് താമസസൗകര്യം ഏർപ്പെടുത്തുന്ന ഗസ്റ്റ് വർക്കർ ഫ്രണ്ട്‌ലി റസിഡന്റ്സ് ഇൻ കേരള ഉദ്ഘാടനം ചെയ്യും.
- 1000 ജനകീയ ഹോട്ടലുകൾ പദ്ധതി പൂർത്തീകരിക്കും.
- 250 തദ്ദേശഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ ഖരമാലിന്യ സംസ്കരണ പദവി കൈവരിക്കും.
- 300 കോടി രൂപ പലിശ സബ്സിഡി വിതരണം ചെയ്യും.
- ഹരിത കർമ്മസേനകളോട് യോജിച്ച് 1000 ഹരിത സംരംഭങ്ങൾ പൂർത്തീകരിക്കും.
- അപേക്ഷകളുടെ തീർപ്പാക്കലിനും പരാതി പരിഹാര സെല്ലിനുമായി ഏകീകൃത സോഫ്റ്റ്‌വെയർ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആദ്യഘട്ടമായി നടപ്പാക്കും.
- 15 പൊലീസ് സ്റ്റേഷനുകളും 15 സൈബർ പൊലീസ് സ്റ്റേഷനുകളും 6 എക്സൈസ് റെയ്ഞ്ച് ഓഫീസുകളും ഉദ്ഘാടനം ചെയ്യും.
- 10,000 ക്രയ സർട്ടിഫിക്കറ്റുകളും 20,000 പട്ടയങ്ങളും വിതരണം ചെയ്യും.
- 19 സ്മാർട്ട് വില്ലേജുകൾ ഉദ്ഘാടനം ചെയ്യപ്പെടും.
- റവന്യു രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരിക്കും.
- ട്രഷറിയുടെ ഫംഗ്ഷൻ ഓഡിറ്റ് പൂർത്തീകരിച്ച് സോഫ്റ്റ്‌വെയർ കുറ്റമറ്റതാക്കും.
- വൻകിട പശ്ചാത്തല സൗകര്യ പദ്ധതികളുടെ ഭാഗമായ ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യും.
- പ്രളയാഘാതശേഷി താങ്ങുന്ന ആലപ്പുഴ-ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് ഹൈവേയുടെ നിർമാണോദ്ഘാടനം നിർവഹിക്കും.
- ശംഖുമുഖം തീരദേശ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ഈ കാലയളവിൽ നടത്തും. 2021 ഫെബ്രുവരിക്കു മുമ്പായി പൂർത്തീകരിക്കുകയാണ് ലക്ഷ്യം.
- യുവാക്കൾക്ക് വിവിധ മേഖലങ്ങളിൽ നേതൃപാടവം കൈവരിക്കാൻ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി ആരംഭിക്കും.
- ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭരണഘടന, നിയമം, പാർലമെന്ററി പരിചയം, ദുരന്തനിവാരണംഎന്നിങ്ങനെയുള്ള മേഖലകളിൽ പ്രാവീണ്യമുള്ളവരെ പരിശീലകരായി ക്ഷണിക്കും.

□

മാലിന്യസംസ്കരണത്തിൽ കേരളം മാതൃകയാകും: മുഖ്യമന്ത്രി

വൃത്തിയും വെടിപ്പുമുള്ള ഹരിതാഭമായ കേരളം സൃഷ്ടിക്കണമെങ്കിൽ സുസ്ഥിരമായ മാലിന്യസംസ്കരണം സാധ്യമായേതീരൂ. ഇതിനായി മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, വസ്തുക്കളുടെ പുനരുപയോഗവും പുനഃചംക്രമണവും ഉറപ്പാക്കുക, തുടങ്ങിയ കാര്യങ്ങൾക്ക് സർക്കാർ പ്രത്യേക പ്രോത്സാഹനം നൽകുന്നു

മണ്ഡലത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ശുചിത്വ പദവിയിലെത്തിച്ചുകൊണ്ട് ധർമ്മടം ആ പദവി നേടുന്ന സംസ്ഥാനത്തെ ആദ്യമണ്ഡലമായി. ലോകബാങ്ക് സഹായത്തോടെ സർക്കാർ രൂപം നൽകിയിട്ടുള്ള ഖരമാലിന്യ സംസ്കരണത്തിനായുള്ള 2100 കോടി രൂപയുടെ പദ്ധതി പൂർത്തിയാകുന്നതോടെ മാലിന്യ സംസ്കരണത്തിന് കേരളം പുതിയൊരു മാതൃക സൃഷ്ടിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ധർമ്മടം മണ്ഡലത്തിന്റെ തരിശുരഹിത പ്രഖ്യാപനവും ശുചിത്വ പ്രഖ്യാപനവും ഓൺലൈനായി നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വൃത്തിയും വെടിപ്പുമുള്ള ഹരിതാഭമായ കേരളം സൃഷ്ടിക്കണമെങ്കിൽ സുസ്ഥിരമായ മാലിന്യസംസ്കരണം സാധ്യമായേതീരൂ. ഇതിനായി മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, വസ്തുക്കളുടെ പുനരുപയോഗവും പുനഃചംക്രമണവും ഉറപ്പാക്കുക, തുടങ്ങിയ കാര്യങ്ങൾക്ക് സർക്കാർ പ്രത്യേക പ്രോത്സാഹനം നൽകുന്നു. മാലിന്യ സംസ്കരണമെന്നത് ഇന്ന് വിഭവ പരിപാലനം എന്ന രീതിയിലാണ് സംസ്ഥാനത്തു നടന്നു വരുന്നത്. മാലിന്യ സംസ്കരണരംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മികച്ച മാതൃകകൾ കണ്ടെത്തി വിപുലമായി നടപ്പാക്കാൻ സർക്കാർ ആലോചിച്ചു വരികയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ധർമ്മടം മണ്ഡലം തരിശുരഹിത - ശുചിത്വ നേട്ടങ്ങൾ കൈവരിച്ചത്. ഭാവിതലമുറയെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഇവിടെ നടപ്പാക്കുന്നത്. ആദ്യം ചെമ്പിലോട് മുതൽ അഞ്ചരക്കണ്ടി വരെയുള്ള എല്ലാ പഞ്ചായത്തുകളിലെയും 172 തരിശ് നിലങ്ങൾ സർവേയിലൂടെ കണ്ടെത്താനായി. ഏതൊക്കെ വിളവ് ഏതൊക്കെ പ്രദേശത്തിന് ചേരും എന്ന വിലയിരുത്തലിന് ശേഷമാണ് കൃഷിയിറക്കിയത്. ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളെയും ഗെയിൽ പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളെയും ഒഴിവാക്കി ബാക്കിയുള്ള പ്രദേശത്താണ് മണ്ഡലത്തിൽ കൃഷിയിറക്കിയത്. പരിസ്ഥിതിസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ് ശാസ്ത്രീയമായ മാലിന്യ

സംസ്കരണമെന്നും മുഖ്യമന്ത്രി പറഞ്ഞു. 40 കുളങ്ങൾ നവീകരിക്കുന്ന പ്രവർത്തനങ്ങൾ മണ്ഡലത്തിൽ പുരോഗമിക്കുകയാണ്. 21 കുളങ്ങൾ നിർമ്മിച്ചു. ഇനി ഞാൻ ഒഴുകട്ടെ പദ്ധതിയിലൂടെ 68 തോടുകൾ വൃത്തിയാക്കി. മണ്ഡലത്തിൽ ദേവഹരിതം പദ്ധതി നടപ്പിലാക്കാൻ സാധിച്ചതായും മുഖ്യമന്ത്രി വ്യക്തമാക്കി.

വേങ്ങാട് പഞ്ചായത്ത് ഹാളിൽ ഓൺലൈനായി നടന്ന ചടങ്ങിൽ കാർഷിക വികസന കർഷകക്ഷേമവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷതവഹിച്ചു. അതിവിപുലമായ കാർഷിക സംസ്കാരമാണ് മണ്ഡലത്തിൽ തിരിച്ചു കൊണ്ടുവന്നിരിക്കുന്നതെന്നും കേരളത്തിന് മാതൃകയാവുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എ. സി. മൊയ്തീൻ മുഖ്യാതിഥിയായി. തരിശു രഹിത ശുചിത്വ മണ്ഡലമായി പ്രഖ്യാപിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ മണ്ഡലമാണ് ധർമ്മടമെന്നും ഈ മികവ് തുടരാനാകണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ ടി.. എൻ. സീമ, വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

❑

വിവരങ്ങൾക്ക് കടപ്പാട് : ശുചിത്വ മിഷൻ

പാനൂർ - ആദ്യ ശുചിത്വ ബ്ലോക്ക് പഞ്ചായത്ത്

പാനൂർ ബ്ലോക്ക് പഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യ ശുചിത്വ ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിച്ചു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നാലു ഗ്രാമ പഞ്ചായത്തുകൾ കതിരൂർ, മൊകേരി, പന്ന്യന്നൂർ, ചൊക്ലി എന്നിവ പഞ്ചായത്തുകൾ ശുചിത്വപഞ്ചായത്തുകളായി മാറിയതിനെ തുടർന്നാണ് പാനൂർ ബ്ലോക്ക് പഞ്ചായത്ത് ശുചിത്വ ബ്ലോക്കായി പ്രഖ്യാപിക്കപ്പെട്ടത്.

മാലിന്യ സംസ്കരണരംഗത്ത് മാതൃകാപരമായ നിരവധി പ്രവർത്തനങ്ങളാണ് പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഇതിനകം നടത്തിയത്. വീടുകളിൽ നിന്ന് ഹരിതകർമ്മസേന അംഗങ്ങൾ അജൈവ മാലിന്യം ശേഖരിച്ച് ഗ്രാമപഞ്ചായത്തുകളിലെ മെറ്റീരിയൽ കലക്ഷൻ സെന്ററിൽ (MCF) എത്തിക്കുകയും അവിടെ നിന്ന് വൃത്തിയാക്കി വേർതിരിച്ച് ബ്ലോക്ക് പഞ്ചായത്തിലെ വിഭവ വീണ്ടെടുപ്പ് കേന്ദ്രങ്ങളിൽ (RRF) എത്തിച്ച് പുന:ചക്രമണ ആവശ്യങ്ങൾക്കായും പുനഃചംക്രമണ യോഗ്യമല്ലാത്തവ നുറുക്കുകളാക്കി റോഡ് ടാറിങ് ആവശ്യങ്ങൾക്കായും ക്ലീൻകേരളാ കമ്പനി വഴി കൈമാറി നാട്ടിൻ പുറത്തെ മാലിന്യം ഇല്ലാതാക്കുന്നു.

ക്ലീൻ കേരളാ കമ്പനിയുമായി ധാരണാപത്രം ഒപ്പ് വച്ച് പ്രവർത്തനം മുന്നോട്ട് കൊണ്ട് പോയതും പാനൂർ ബ്ലോക്ക് പഞ്ചായത്താണ്. മാലിന്യ സംസ്കരണം വഴി ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനം വർദ്ധിപ്പിക്കാനായതും മാതൃകയായിരുന്നു.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വ ഗ്രേഡിങ് നടത്തി ഹരിത തദ്ദേശസ്വയംഭരണ സ്ഥാപനമാക്കി പ്രഖ്യാപനം നടത്തുന്നതിലേക്ക് ശുചിത്വമിഷനും ഹരിതകേരളം മിഷനും കരട് മാനദണ്ഡങ്ങൾ തയ്യാറാക്കുകയും 2020 ആഗസ്റ്റ് 12ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷനും ശുചിത്വമിഷനും സംയുക്തമായി തയ്യാറാക്കിയ മാലിന്യ സംസ്കരണ സംവിധാനത്തെ കുറിച്ചുള്ള 20 ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ഗ്രേഡിങ്ങ് നടത്തിയാണ് ഓരോ പഞ്ചായത്തിനെയും ശുചിത്വ പഞ്ചായത്തായി പ്രഖ്യാപിക്കുന്നത്.

ഇങ്ങനെ പ്രഖ്യാപിക്കപ്പെട്ട പഞ്ചായത്തുകളെ ജില്ലാതല ശുചിത്വ പദവി അവലോകന സമിതി പരിശോധനയ്ക്ക് വിധേയമാക്കുന്നു. ജില്ലാകലക്ടറാണ് അവലോകന സമിതി ചെയർമാൻ. ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ, പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ, റീജിയണൽ ജോയിന്റ് ഡയറക്ടർ നഗരകാര്യം, മാനേജർ ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ ദേശീയ ആരോഗ്യദൗത്യം, ഹരിതകേരളം മിഷൻ ആർ പി മാർ എന്നിവരാണ് അംഗങ്ങൾ.

12 ചോദ്യങ്ങളെ മുൻനിർത്തിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയത്.പ്രധാനപ്പെട്ട പരിശോധന താഴെ പറയുന്ന മേഖലയിലാണ് നടത്തിയത്.

- ജൈവ അജൈവ മാലിന്യ പരിപാലനം
- അജൈവ വസ്തുക്കൾശേഖരണം, സംഭരണം, കൈയ്യൊഴിയൽ
- പൊതു ശുചിമുറികൾ
- പൊതുനിരത്തുകൾ, ജലാശയങ്ങൾ, മാലിന്യക്കൂമ്പാരം, ഇവയുടെവൃത്തി, ശുചിത്വം
- ദ്രവ്യ മാലിന്യ സംസ്കരണം
- നിയമ നടപടികൾ സ്വീകരിച്ചത്
- പൊടിച്ച പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തൽ
- ഗ്രീൻ പ്രോട്ടോക്കോൾ
- പ്ലാസ്റ്റിക്കിന് ബദൽ സംവിധാനം
- പ്ലാസ്റ്റിക് പുനരുപയോഗം
- ജനകീയ പങ്കാളിത്തം
- ഹരിതസഹായ സ്ഥാപനം

മുകളിൽ വിവരിച്ച 12 വിഷയങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പരിശോധന നടത്തുന്നത്. ഒരുചോദ്യത്തിന് പരമാവധി 5 മാർക്ക് ആണ് നൽകുന്നത്. 20 ചോദ്യങ്ങൾക്ക് ആകെ 100 മാർക്ക് ആണ്. ഇതിൽ 60 മാർക്കിൽ കൂടുതലായി ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ പദവി ലഭിച്ചതായി കണക്കാക്കുന്നു. അവലോകന സമിതി അംഗങ്ങളുടെ ഓഫീസിൽ നിന്നും പ്രത്യേകം നിയോഗിക്കുന്ന അംഗങ്ങളാണ് വിലയിരുത്തൽ സമിതിയിൽ ഉണ്ടാവുക. ഒരു ജില്ലയിൽ പരമാവധി അഞ്ചുടീമിനെയാണ് പരിശോധനയ്ക്കായി നിയോഗിക്കുന്നത്.

വാർത്തകൾ വിശേഷങ്ങൾ

ഗ്രീൻ പ്രോട്ടോക്കോൾ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

- പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ജി ഒ (ആർ ടി) നം. 1680/2020/എൽ എസ് ജി ഡി. തിയതി : 17.09.2020

കൊവിഡ് 19- ശുചീകരണ തൊഴിലാളികൾക്ക് 750 രൂപ ദിവസവേതനം

- കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് അവർ ഏർപ്പെടുന്ന തൊഴിലിലെ റിസ്ക് ഫാക്ടർ പരിഗണിച്ച് 750 രൂപ ദിവസവേതനം നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.

ജി ഒ (ആർ ടി) നം. 1649/2020/എൽ എസ് ജി ഡി. തിയതി : 14.09.2020

സാമൂഹ്യ സുരക്ഷാ പെൻഷൻ 1400 രൂപയായി വർദ്ധിപ്പിച്ചു

- നിലവിൽ 1300 രൂപ നിരക്കിൽ സാമൂഹ്യ ക്ഷേമ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ വാങ്ങി വന്നിരുന്ന ഉണഭോക്താക്കളുടെ പെൻഷൻ 100 രൂപ വർദ്ധന വരുത്തി പ്രതിമാസ നിരക്ക് 1400 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായി.

സ ഉ (അച്ചടി) നം. 118/2020/ധന. തിയതി : 06.09.2020

സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ ക്രോഡീകരിച്ചു

- അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനും അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിരുന്ന ഉത്തരവുകളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

സ ഉ (എം എസ്) നം. 97/2020/ധന. തിയതി : 23.09.2020

ലൈബ്രറികളിൽ പൊതു ശൌചാലയങ്ങൾ -സമയപരിധി ദീർഘിപ്പിച്ചു

- സംസ്ഥാനത്ത് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിർവഹണ കാലാവധി 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ച് ഉത്തരവായി.

ജി ഒ (ആർ ടി) നം. 1731/2020/എൽ എസ് ജി ഡി. തിയതി : 23.09.2020

അണുനശീകരണ പ്രവർത്തനങ്ങൾ കുടുംബശ്രീയ്ക്ക്

- സർക്കാർ ഓഫീസുകൾ കെട്ടിടങ്ങൾ വാഹനങ്ങൾ എന്നിവയുടെ അണുനശീകരണ, ശുചീകരണ പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ടും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവായി.

ജി ഒ (ആർ ടി) നം. 1695/2020/എൽ എസ് ജി ഡി. തിയതി : 20.09.2020

സി എം എൽ ആർ ആർ പി - ഭരണാനുമതി

- മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ 60 പ്രവർത്തികളുടെ ഭരണാനുമതി ഭേദഗതി ചെയ്തുകൊണ്ടും 38 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി കൊണ്ടും ഉത്തരവായി.

ജി ഒ (എം എസ്) നം. 141/2020/എൽ എസ് ജി ഡി. തിയതി : 18.09.2020

എല്ലാ ഡി ഡി ഒ മാരും ജി. എസ്. ടി. രജിസ്ട്രേഷൻ എടുക്കണം

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഘടക സ്ഥാപനങ്ങളിലെയും എല്ലാ ഡി.ഡി.ഒ. മാരും അവരുടെ ഓഫീസ് PAN/ TAN ന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി-ടി.ഡി.എസ് രജിസ്ട്രേഷൻ എടുക്കുവാനും ഓഫീസ് PAN/TAN ഇല്ലാത്ത ഡി. ഡി.ഒ.മാർ ആദ്യം അത് എടുത്തശേഷം ടി നമ്പർ ഉപയോഗിച്ച് ജി എസ് ടി/ടി ഡി എസ് രജിസ്ട്രേഷൻ എടുക്കുവാനും നിർദ്ദേശം നൽകി ഉത്തരവായി.

സർക്കുലർ നം. ഡി എ 1/87/2019/ത സ്വ ഭ വ തിയതി : 08.09.2020

ലാപ് ടോപ് വാങ്ങുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ

- സി പി ആർ എസ് പോർട്ടലിൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങുന്നതിന് കാലതാമസം നേരിടുകയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ/ഇ-ടെൻഡർ മുഖേന ലാപ്ടോപ്പുകൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവായി.

സർക്കുലർ നം. ഡി എ 1/153/2020/ത സ്വ ഭ വ തിയതി : 07.09.2020

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

മാതൃകാ പദ്ധതികളുമായി ബ്ലോക്ക് പഞ്ചായത്തുകൾ

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ഈ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. കഴിഞ്ഞ നാലു വർഷങ്ങളിൽ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കിയ ചില നൂതന പദ്ധതികളെ പരിചയപ്പെടാം.

സംസ്ഥാനത്തെ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ നൂതനവും മാതൃകാപരവുമായ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ആരോഗ്യമേഖലയിലും വിദ്യാഭ്യാസം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, പരിസ്ഥിതി തുടങ്ങിയ മേഖലകളിലും നിരവധി മാതൃകാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ സഞ്ചരിക്കുന്ന ആതുരാലയം പദ്ധതി മലയോരമേഖലയിൽ അധിവസിക്കുന്ന കുടുംബങ്ങൾക്ക് ചികിത്സാസൗകര്യം തങ്ങളുടെ പ്രദേശത്ത് തന്നെ ലഭിക്കുന്നതിന് ഉപകാരപ്രദമായ ഒരു പദ്ധതിയാണ്. ബ്ലോക്കിന് കീഴിൽ വരുന്ന ഓരോ പഞ്ചായത്തിലും നാലോ അഞ്ചോ കേന്ദ്രങ്ങളിൽ ഒരു ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് ഉൾപ്പെടെയുള്ള സംഘം ക്യാമ്പ് ചെയ്ത് ചികിത്സ നൽകുന്നു. വാഹനത്തിൽ മരുന്നുകൾ വയ്ക്കുന്നതിനും രോഗിയെ കിടത്തി പരിശോധിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കും. ആശാ വർക്കർമാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും സഹായത്തോടെ ക്യാമ്പ് ചെയ്യുന്ന സ്ഥലവും ദിവസവും പൊതുജനങ്ങളെ അറിയിക്കുകയും അവരെ

ക്യാമ്പിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നു. തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച രണ്ട് പദ്ധതികളാണ് 'ആറാം ക്ലാസ്സ് എ' പദ്ധതി, 'ഒന്നാംതരം നാലാം ക്ലാസ്സ്'പദ്ധതി എന്നിവ. ഈ പദ്ധതികൾ ആറാം ക്ലാസ്സ്, നാലാം ക്ലാസ്സ് കുട്ടികളെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി രൂപീകരിച്ചവയാണ്. ഇപ്രകാരം വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ രൂപീകരിച്ച് നടപ്പാക്കി വരുന്ന നൂതനമായ ചില പദ്ധതികളെ പരിചയപ്പെടാം.

നിർമലം നിർഭയം പദ്ധതി

പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് ബ്ലോക്കിൽ നടപ്പാക്കിയ പദ്ധതിയാണിത്. പ്രധാനപ്പെട്ട പൊതുസ്ഥലങ്ങൾ, പാതയോരങ്ങൾ, ജലാശയങ്ങൾ എന്നിവ ക്യാമറ നിരീക്ഷണത്തിലായതോടെ മാലിന്യ നിക്ഷേപം വൻതോതിൽ കുറയ്ക്കുന്നതിനും ക്യാമറ സിഗ്നലുകൾ നേരിട്ട് പുളിക്കീഴ് പോലീസ് സ്റ്റേഷനിൽ എത്തുന്നതിനാൽ കൃത്യമായ പോലീസ് മോണിറ്ററിങ്ങ് നടത്തുവാൻ കഴിയുന്നതിലൂടെ പോലീസിനും മറ്റധികാരികൾക്കും റോഡപകടങ്ങൾ, അതിക്രമങ്ങൾ തുടങ്ങിയവയിൽ സമയോചിതമായി ഇടപെടുന്നതിനും സാധിക്കുന്നു.

സോളാർ വൈദ്യുതി സംരംഭം

സോളാർ പാനൽ വഴി ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.ക്ക് നല്കുന്നു. ഇതിൽ നിന്നും ഓരോ മാസവും കെ.എസ്.ഇ.ബി.യിൽ നിന്നുള്ള വൈദ്യുതി ചാർജ്ജിൽ കുറവ് ലഭിക്കുന്നു. സോളാർ വഴി അധികമായി ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ചാർജ്ജ് തുക ബ്ലോക്ക് പഞ്ചായത്തിന് നൽകുന്നു. ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്കിൽ നടപ്പാക്കിവരുന്ന പദ്ധതിയാണിത്.

അഭയാരണ്യം ശുചിത്വ പദ്ധതി- "ഗോബർധൻ"

സംസ്ഥാനത്ത് ആദ്യമായി ആനപിണ്ഡത്തിൽ നിന്ന് ജൈവവളവും മൃഗങ്ങളുടെ വിസർജ്ജ്യത്തിൽ നിന്ന് പാചകവാതകവും ഉത്പാദിപ്പിക്കുന്ന എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രമുഖ ഇക്കോടൂറിസം കേന്ദ്രമായ കോടനാട് അഭയാരണ്യത്തിൽ നടപ്പിലാക്കി.

ഹരിതം വൈപ്പിൻ പദ്ധതി

വൈപ്പിൻ മേഖലയുടെ പരിസ്ഥിതി സംരക്ഷണത്തിനായി വൃക്ഷത്തൈ വെച്ചു പിടിപ്പിച്ചും ജനങ്ങളിൽ പരിസ്ഥിതി അവബോധം ഉണ്ടാക്കുന്നതിനും ലക്ഷ്യം വെച്ച് L.N.G യുടെ സാമ്പത്തിക സഹകരണത്തോടെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഹരിതം വൈപ്പിൻ പദ്ധതി 2018 ജൂലൈ മാസത്തിൽ ആരംഭിച്ച് വിജയകരമായി പ്രവർത്തിച്ചുവരുന്നു.

ട്രാൻസ്ജെന്റർ കുടുംബശ്രീ കിരണം പദ്ധതി

2018-19 വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ ട്രാൻസ്ജെന്റർ വിഭാഗക്കാരെ കണ്ടെത്തി മതിലകം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ യുമായി "ട്രാൻസ്ജെന്റർ കുടുംബശ്രീ കിരണം" എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചതു മുഖേന ഈ വിഭാഗക്കാർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകിവരുന്നു.

"ആറാംക്ലാസ്സ് എ" പദ്ധതി, "ഒന്നാംതരം നാലാം ക്ലാസ്സ്" പദ്ധതി

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷത്തിൽ, "ആറാം ക്ലാസ്സ് എ" എന്ന പേരിൽ എല്ലാ ഗവണ്മെന്റ്, എയ്ഡഡ് സ്കൂളുകളിലെയും ആറാം ക്ലാസ്സ് 'എ' ഡിവിഷൻ സ്വയം പര്യാപ്തമാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചു. 2019-20 വർഷത്തിൽ, "ഒന്നാംതരം നാലാം ക്ലാസ്സ്" എന്ന പേരിൽ 30 സ്കൂളുകളിലെ നാലാം ക്ലാസ്സ് സ്വയം പര്യാപ്തമാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചു.

യുവജനങ്ങൾക്ക് ഐ.എ.എസ്/കെ.എ.എസ് പരിശീലനം

യു.പി.എസ്.സി മാനദണ്ഡപ്രകാരം അർഹതയുള്ളതും, ഇതര ആനുകൂല്യം മുമ്പ് ലഭിക്കാത്തതുമായ ഓട്ടോറിക്ഷ, ബസ്, ലോട്ടറി, മത്സ്യബന്ധനം, വീട്ടുജോലി, കൂലിപ്പണി എന്നീ വിഭാഗം തൊഴിലാളികളുടെ ആശ്രിതർ, സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബത്തിന്റെ ആശ്രിതർ എന്നീ വിഭാഗങ്ങളിലുള്ള കുടുംബങ്ങളിലെ, തിരുവനന്തപുരം കേരള സിവിൽ സർവീസ് അക്കാഡമി വഴി നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് പാസായി വരുന്ന യുവജനങ്ങൾക്ക് അക്കാഡമിയിലെ പരിശീലന ഫീസ് നല്കുന്ന പദ്ധതി കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിവരുന്നു.

സ്ഥിരം സ്വാപ്പ് ഷോപ്പ്

ഉപയോഗ ശൂന്യമായ വീട്ടുപകരണങ്ങളും വസ്തുങ്ങളും മറ്റും പരസ്പരം മാറ്റിയെടുക്കുവാൻ അവസരം ഒരുക്കുന്ന സ്വാപ്പ് ഷോപ്പുകൾ എന്ന സങ്കല്പത്തിനുള്ള പ്രാധാന്യം മനസിലാക്കി കേരള സർക്കാർ ഹരിതമിഷനിൽ മുന്നോട്ട് വച്ച നിർദ്ദേശം ഉൾക്കൊണ്ട് ചിറ്റമല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 08.02.2016-ന് മെഗാ സ്വാപ്പ് മേള സംഘടിപ്പിച്ചു.

ഇതേ തുടർന്ന് ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിരം സ്വാപ്പ് ഷോപ്പ് സംവിധാനം നടപ്പാക്കുകയും 100 കണക്കിന് കുടുംബങ്ങൾക്ക് ടി.വി, തയ്യൽ മെഷീൻ, പാത്രങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുകയുമുണ്ടായി.

പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ, പി.എസ്.സി കോച്ചിംഗ്

പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട ഗവൺമെന്റ് സ്കൂളുകളിലെ 8 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ നല്കി എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മികച്ച വിജയം നേടുന്നതിന് അവരെ പ്രാപ്തരാക്കുന്ന പദ്ധതി 2018-19 കാലയളവിൽ നടത്തിയിട്ടുണ്ട്. 2019-20 കാലയളവിൽ നിർദ്ധന വിദ്യാർത്ഥികൾക്ക് പി.എസ്.സി കോച്ചിംഗ് നല്കുന്നതിനായി അർഹരായവരെ തെരഞ്ഞെടുത്ത് പരിശീലനം നല്കുന്ന പദ്ധതിയും നടപ്പാക്കുകയുണ്ടായി.

"ബാലമിത്ര" സ്മാർട്ട് അംഗനവാടി പദ്ധതി

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സ്മാർട്ട് അംഗനവാടി 'ബാലമിത്ര' എന്ന പദ്ധതി 6 പഞ്ചായത്തുകളിലെ 13 അംഗനവാടികളിൽ നടപ്പിലാക്കി. 5 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായപരിധിയിലുള്ള കുട്ടികളുടെ 5 വികാസമേഖലകൾ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുന്നത്. 'അങ്കണത്തൈമാവ്' എന്ന വിഷ്വൽ രൂപത്തിലുള്ള പാഠ്യപദ്ധതിയുടെ പ്രവർത്തനം ആവിഷ്കരിച്ചാണ് ബാലമിത്ര പദ്ധതി നടപ്പിലാക്കിയത്.

പട്ടികജാതി കോളനികളിൽ അയ്യങ്കാളി പഠന കേന്ദ്രം

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ആറ് പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ കൂടുതലുള്ള 50 കോളനികളിൽ വൈകുന്നേരങ്ങളിൽ 5 മണി മുതൽ 6 മണിവരെ 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന 400 കുട്ടികൾക്ക് ആവശ്യമായ പരിഹാരബോധന പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ നല്കി അവരെ വിദ്യാഭ്യാസ രംഗത്ത് മികച്ച നിലവാരം ഉള്ളവരാക്കി മാറ്റുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കോളനികളിലെ ഭൂരിഭാഗം രക്ഷിതാക്കളും കുട്ടികളുടെ പഠനത്തിൽ സഹായിക്കുന്നതിനു വേണ്ട വിധത്തിൽ വിദ്യാഭ്യാസം നേടാത്തവരാണ്. ഈ സാഹചര്യത്തിൽ കുട്ടി പഠനത്തിൽ പിന്നോക്കം നില്ക്കുന്ന അവസ്ഥ നിലവിലുണ്ട്. ആയതിന് ഒരു പരിഹാരം കൂടിയാണ് ഈ പദ്ധതി. കൂടാതെ സമൂഹത്തിൽ സേവന തല്പരരായ ഒരു വിഭാഗത്തെ വളർത്തിക്കൊണ്ടുവരിക എന്നതും 28 അഭ്യസ്തവിദ്യരായവർക്ക് ഒരു ചെറിയ തൊഴിൽ ലഭിക്കുക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിദ്യാഭ്യാസ മേഖലയിൽ ഇടപെടുന്നതിനും ഓണറേറിയം നല്കുന്ന പദ്ധതിയായതിനാലും സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുവാദം വാങ്ങിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. 2018-19 വർഷത്തിൽ പട്ടികജാതിക്കാർക്കായി വകയിരുത്തിയ തുകയിൽ നിന്നാണ് പദ്ധതിക്കാവശ്യമായ തുക കണ്ടെത്തിയത്.

> കോളനികളിലെ ഭൂരിഭാഗം രക്ഷിതാക്കളും കുട്ടികളുടെ പഠനത്തിൽ സഹായിക്കുന്നതിനു വേണ്ട വിധത്തിൽ വിദ്യാഭ്യാസം നേടാത്തവരാണ്. ഈ സാഹചര്യത്തിൽ കുട്ടി പഠനത്തിൽ പിന്നോക്കം നില്ക്കുന്ന അവസ്ഥ നിലവിലുണ്ട്. ആയതിന് ഒരു പരിഹാരം കൂടിയാണ് ഈ പദ്ധതി.

തീരം കാക്കാൻ ഇല്ലിമുള

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്കിന്റെ പരിധിയിലുള്ള മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ ധാരാളമായി ഉപ്പുവെള്ളം കയറുകയും പുഴയിലേയും ചുറ്റുപാടുമുള്ള ജൈവ ആവാസവ്യവസ്ഥയെ തകരാറിലാക്കുന്നതും തീരം ഇടിയുന്നതുമായ സാഹചര്യത്തിൽ ഇതിനൊരു പരിഹാരം എന്ന നിലയിൽ സോഷ്യൽ ഫോറസ്ട്രിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി കുണ്ടുകടവ് പുഴയുടെ തീരത്ത് ഇല്ലിമുള തൈകൾ വെച്ച് പിടിപ്പിക്കുന്നതിനുള്ള പദ്ധതി, മാറഞ്ചേരി ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തെ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പാക്കി.

ജൈവ അരി ഉല്പാദനവും സംഭരണവും വിതരണവും

കീടനാശിനിയുടെ ഉപയോഗം കുറച്ച് ജൈവ കൃഷി രീതികളിലൂടെ നെൽകൃഷി ചെയ്യുന്ന കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് നെൽകൃഷി ചെയ്യുകയും ഉണ്ടാക്കിയെടുക്കുന്ന നെല്ല് സംഭരിച്ച്, സംസ്കരിച്ച് “നന്നമ്പ്ര നന്മ അരി” എന്ന പേരിൽ വിപണിയിലിറക്കുക എന്നുദ്ദേശിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് ആണ് “നന്നമ്പ്ര നന്മ ജൈവ അരി ഉല്പാദനവും സംഭരണവും വിതരണവും”.

അതുല്യം പദ്ധതി

ഭിന്നശേഷിക്കാരായ കുട്ടികളുടെ മാനസിക വളർച്ച ലക്ഷ്യമാക്കിയാണ് മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. സർക്കാരിന്റെ പ്രത്യേക അനുമതിയോടെ മൈസൂരിൽ പ്രവർത്തിക്കുന്ന ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് &ഹിയറിംഗ് തെറാപ്പിയുടെ ഒരു യൂണിറ്റ് ചുങ്കത്തറ സി.എച്ച്.സി. യിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക്, സ്പീച്ച് തെറാപ്പിയും ഹിയറിംഗ് തെറാപ്പിയും നല്കാനും സാധിക്കുന്നു.

സാമൂഹ്യ കന്നുകാലി സംരംഭവും മിനി ഡയറി ഫാമും

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയ ഈ പദ്ധതി മുഖേന ക്ഷീര കർഷകർക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിനും പാലുല്പാദന വിപണന മേഖലയിൽ വമ്പിച്ച പുരോഗതി കൈവരിക്കുന്നതിനും സഹായകമായി. നിശ്ചിത യോഗ്യതകളുള്ള ക്ഷീര കർഷക സംഘത്തെ തെരഞ്ഞെടുത്ത് അവർക്ക് 5 ലക്ഷം രൂപ സബ്സിഡി നല്കുന്ന പ്രോജക്ടാണ് നടപ്പിലാക്കിയത്. റജാത്ത് ഡയറി ഫാം എന്ന പേരിൽ 5 പേരടങ്ങുന്ന പ്രവാസി സംഘമാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ. കുറഞ്ഞത് 10 പശുക്കളെ വാങ്ങാനുള്ള ശേഷിയുണ്ടായിരിക്കുക, അത്യാധുനിക തൊഴുത്ത്, മാലിന്യ സംസ്കരണ സംവിധാനം, പാൽ ഉല്പാദന ശേഷി എന്നിവ പരിഗണിച്ചാണ് ഈ സംഘത്തെ തെരഞ്ഞെടുത്തത്. മികച്ച നിലയിൽ പ്രവർത്തിക്കുന്ന ഈ സംരംഭത്തിന് നിലവിൽ 13 പശുക്കൾ, 2 എരുമ, 5 പശുക്കുട്ടി, ഒരു ഏക്കർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി എന്നിവ സ്വന്തമായുണ്ട്. കൂടാതെ ദിനംപ്രതി 200 ലിറ്റർ പാൽ ഉല്പ്പാദിപ്പിച്ചു വരുന്നു. റിട്ടയേഡ് വെറ്റിനറി സർജൻ ഫാം മാനേജരായി മേൽനോട്ടം വഹിക്കുന്നു.

ഭിന്നശേഷി സൗഹൃദ ഭവനം

ഭിന്നശേഷിക്കാരെ വീട്ടിൽ തന്നെ സംരക്ഷിക്കുന്നതിന് അനുകൂല സാഹചര്യം ഒരുക്കുക എന്ന ആശയത്തിൽ മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ രൂപം നല്കിയ പ്രോജക്ടാണ് കാരുണ്യം ഭിന്ന ശേഷി സൗഹൃദ ഭവനം പദ്ധതി. ഓട്ടിസം, മാനസിക വൈകല്യം, സെറിബ്രൽ പാർസി തുടങ്ങി വൈകല്യങ്ങളുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന് മാതാപിതാക്കളും മറ്റു സഹോദരങ്ങളും അടങ്ങുന്ന കുടുംബത്തിൽ സ്വകാര്യത ആവശ്യമാണെന്ന ആശയത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. സ്വന്തം കുടുംബത്തിൽ വീടിനോട് ചേർന്ന് ഒരു കിടപ്പുമുറി, സൈഡിൽ കമ്പി മറയോട് കൂടിയ കട്ടിൽ, കിടക്ക മുതലായവ വാങ്ങി നല്കുക, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് നിർമ്മിച്ചു നല്കുക മുതലായവയാണ് പദ്ധതിയിൽ അടങ്ങിയിരിക്കുന്നത്. ഇതിനായി പ്രദേശത്തെ കുടുംബങ്ങളെ ഗ്രാമസഭയിലൂടെയും മെഡിക്കൽ ഓഫീസറുടെ ശുപാർശയോടും കൂടി ഗ്രാമപഞ്ചായത്തുകൾ വഴി കണ്ടെത്തുകയും ഒരാൾക്ക് 1,50,000 രൂപയുടെ സഹായം നല്കുകയും ചെയ്തു.

സഞ്ചരിക്കുന്ന ആതുരാലയം

വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾക്കൊള്ളുന്ന പഞ്ചായത്തുകൾ ഉൾപ്പെടുന്ന മലയോര

ഒരു മാസം, 20 മുതൽ 25 ദിവസം ഓരോ പഞ്ചായത്തിലും തെരഞ്ഞെടുത്ത 4 മുതൽ 5 വരെ കേന്ദ്രങ്ങളിൽ ക്യാമ്പ് ചെയ്ത് സേവനം നല്കുന്നു. ഒരു ട്രാവലർ, ഡ്രൈവർ ഉൾപ്പെടെ വാടകയ്ക്കെടുത്ത് വാഹനത്തിൽ തന്നെ മെഡിസിൻ വെയ്ക്കുന്നതിനുള്ള സൗകര്യവും രോഗിയെ കിടത്തി പരിശോധിക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടുത്തുന്നു.

പ്രദേശമാണ് പനമരം ബ്ലോക്ക് പഞ്ചായത്ത്. ആതുര ചികിത്സാരംഗത്ത് ഒട്ടേറെ പ്രശ്ന ങ്ങൾ നേരിടുന്നുണ്ട്. വാർദ്ധക്യ സഹജമായ വിവിധങ്ങളായ രോഗങ്ങളാൽ ബുദ്ധിമുട്ടനുഭവ പ്പെടുന്നവർക്ക് പ്രാഥമിക ആരോഗ്യ സേവ നകേന്ദ്രങ്ങൾ കുറവുള്ള സ്ഥലങ്ങളിലും വാഹന സൗകര്യം കുറഞ്ഞ സ്ഥലങ്ങളിലും യഥാസമയത്ത് ഫലപ്രദമായ രീതിയിൽ ചികിത്സ പലപ്പോഴും ലഭ്യമാകാറില്ല. ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനായി ദീർഘദൂരം യാത്ര ചെയ്യേണ്ടി വരികയും ഇതിനായി സ്വകാര്യ വാഹനങ്ങളെ വൻതുക നല്കി വാടകയ്ക്ക് എടുക്കേണ്ടതായും വരുന്നു. വയോജനങ്ങൾക്ക് ദീർഘദൂരം യാത്ര ചെയ്യുക എന്നതും ആശുപത്രിയിൽ അധിക സമയം ചെലവഴിക്കുക എന്നതും ബുദ്ധിമുട്ടുളവാക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാ ഗത്തിൽ പെടുന്നവർക്ക് സഹായിയായി വരുന്നവർക്കുള്ള ചെലവ് കൂടി കണ്ടെത്തേ ണ്ടതായും വരുന്നു. വന്യമൃഗ ശല്യം കൂടുതലാ യുള്ള പുൽപ്പള്ളി, മുള്ളൻകൊല്ലി, പൂതാടി പഞ്ചായത്തുകളിൽ വാഹന സൗകര്യം ലഭി ക്കുന്ന സ്ഥലം വരെ വയോധികരെ എത്തി ക്കുക എന്നത് കുടുംബാംഗങ്ങളെ സംബ ന്ധിച്ച് ക്ലേശകരവുമാണ്. ഇത്തരം പ്രശ്നങ്ങ ൾക്കെല്ലാം ഒരു പരിഹാര മാർഗ്ഗം എന്ന നിലയിലാണ് പനമരം ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ "സഞ്ച രിക്കുന്ന ആതുരാലയം" എന്ന പദ്ധതി ഏറ്റെ ടുത്തത്. ഒരു മാസം, 20 മുതൽ 25 ദിവസം ഓരോ പഞ്ചായത്തിലും തെരഞ്ഞെടുത്ത 4 മുതൽ 5 വരെ കേന്ദ്രങ്ങളിൽ ക്യാമ്പ് ചെയ്ത് സേവനം നല്കുന്നു. ഒരു ട്രാവലർ, ഡ്രൈവർ ഉൾപ്പെടെ വാടകയ്ക്കെടുത്ത് വാഹനത്തിൽ തന്നെ മെഡിസിൻ വെയ്ക്കുന്നതിനുള്ള സൗകര്യവും രോഗിയെ കിടത്തി പരിശോ ധിക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടുത്തു ന്നു. ഒരു ഡോക്ടർ, ഒരു നഴ്സ്, ഫാർമസിസ്റ്റ് എന്നിവർ വാഹനത്തോടൊപ്പം ഓരോ സ്ഥ ലങ്ങളിലും ക്യാമ്പ് ചെയ്ത് ചികിത്സ നല്കുന്നു. പദ്ധതി പ്രവർത്തനങ്ങൾക്ക് മുന്നോടിയായി പഞ്ചായത്തിൽ സംഘാടക സമിതി രൂപീ കരിക്കുകയും ക്യാമ്പ് ചെയ്യേണ്ട സ്ഥലങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു. ക്യാമ്പ് ചെയ്യുന്ന ദിവസവും സ്ഥലവും പൊതുജന ങ്ങളെ അറിയിക്കുന്നതിനും ക്യാമ്പിലേക്ക് രോഗികളെ എത്തിക്കുന്നതിനുമായി ആശാ വർക്കർമാരുടെയും കുടുംബശ്രീ പ്രവർത്ത കരുടേയും സേവനം ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ, ഹെൽത്ത് വർക്ക ർമാരുടെയും ജനപ്രതിനിധികളുടെയും

വയോജന ഹെൽത്ത് ക്ലബുകളുടെ സേവനവും സഹകരണവും കൂടി ഉറപ്പ് വരു ത്തുന്നു. രോഗികളെ തെരഞ്ഞെടുക്കുന്നതിന വേണ്ടി ആശാവർക്കർമാരുടെയും അംഗ ൻവാടികളുടെയും നേതൃത്വത്തിൽ ഓരോ വാർഡിലും സർവ്വേ നടത്തി രോഗികളെ കണ്ടെത്തുകയും ഇവരിൽ നിന്നും സ്ക്രീനിംഗ് ക്യാമ്പ് നടത്തി ജീവിത ശൈലീ രോഗമുള്ള വരെ തെരഞ്ഞെടുത്ത് ഓരോ മാസവും നടത്തുന്ന ക്യാമ്പിൽ വച്ചും പരിശോധിച്ച് ചികിത്സ നല്കി വരുന്നു. വിവിധ ക്യാമ്പുകളി ലായി 50 മുതൽ 175 വരെ രോഗികൾ പരി ശോധനയ്ക്കായി എത്തുന്നു. രക്തസമ്മർദ്ദം, പ്രമേഹം എന്നിവ ക്യാമ്പിൽ വെച്ച തന്നെ പരിശോധനയ്ക്ക് വിധേയമാക്കുന്നു. വിവിധ തരം ജീവിതശൈലി രോഗങ്ങൾക്കാവശ്യ മായ മരുന്നുകൾ എല്ലാം ക്യാമ്പിൽ വെച്ച വിതരണം നടത്തുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി തുടരുകയും ചെയ്തു.

മൊബൈൽ വെറ്റിനറി ക്ലിനിക്

വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ ക്ഷീരകർഷകരുള്ള അഞ്ച് ഗ്രാമപഞ്ചായ ത്തുകൾ ഉൾപ്പെടുന്ന മലയോര പ്രദേശമാണ് പനമരം ബ്ലോക്ക് പഞ്ചായത്ത്. കേരളത്തിൽ ഏറ്റവും കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന രണ്ടാ മത്തെ ജില്ലയാണ് വയനാട്. ജില്ലയിൽ ഏറ്റവും കൂടുതൽ പാലുൽപ്പാദനത്തിൽ മുൻപ ന്തിയിൽ നിൽക്കുന്ന ബ്ലോക്ക് പഞ്ചായ ത്താണ് പനമരം. ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് കേരളത്തിൽ ഏറ്റവും കൂടുതൽ നൽകുന്ന ബ്ലോക്ക് പഞ്ചായത്തും പനമരം തന്നെയാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകർ അവരുടെ വളർത്തുമൃഗങ്ങൾക്ക് ഡോക്ടറുടെ സേവനം ലഭിക്കുന്നതിനായി ദീർഘദൂരം യാത്ര ചെയ്യേണ്ടി വരികയും വാഹനങ്ങൾ വലിയ തുക നൽകി വാടകയ്ക്ക് എടുക്കേണ്ടി വരികയും ചെയ്യുന്നു. ദീർഘദൂര യാത്രയും ആശുപത്രി യിൽ അധികസമയം ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നതിനാൽ കർഷകർക്ക് വളരെയധികം ധനനഷ്ടവും സമയനഷ്ടവും ഉണ്ടാകുന്ന സാഹചര്യമാണ് നിലനിൽക്കു ന്നത്. മാത്രമല്ല വന്യമൃഗശല്യം കാരണം വളർത്തു മൃഗങ്ങളെ നടത്തി കൊണ്ടു പോകുന്നതും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ഇക്കഴിഞ്ഞ രണ്ടു പ്രളയ സമയ ങ്ങളിൽ ക്ഷീരകർഷകരുടെ ഒട്ടേറെ വളർത്തു മൃഗങ്ങൾ ചത്തു പോവുകയും അനവധി നാശ നഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തതിനാൽ ക്ഷീരകർഷകരുടെ ജീവിതം വല്ലാത്ത പ്രതി സന്ധിയിലുമാണ്.

ക്ഷീരകർഷകരുടെ ഉപജീവനമാർഗ്ഗം കരുപ്പിടിപ്പിക്കുന്നതിനായി പനമരം ബ്ലോക്ക് പഞ്ചായത്ത് ദീർഘവീക്ഷണ ത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് മൊബൈൽ വെറ്റിനറി ക്ലിനിക്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകർ ചികിത്സ ആവശ്യപ്പെടുന്ന തനുസരിച്ച് ഒരു ഡോക്ടർ, ഒരു അറ്റൻഡർ എന്നിവർ വീടുകളിലെത്തി മരുന്നടക്കം സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് സഞ്ചരിക്കുന്ന മൃഗാശുപത്രി. ഇതിനായി ലാബ് സൗകര്യവും മെഡിസിൻ സൂക്ഷിക്കു ന്നതിനുള്ള സൗകര്യവുമുള്ള ഒരു വാഹനം മാസവാടകയ്ക്ക് എടുത്തിട്ടുണ്ട്. □

വിവരങ്ങൾക്ക് കടപ്പാട്:
ഗ്രാമവികസന കമ്മീഷണറേറ്റ്

പത്തനംതിട്ട

ഡോ. വിളക്കുടി രാജേന്ദ്രൻ

കൊല്ലം ജില്ലയുടെ ഭാഗമായിരുന്ന പത്തനംതിട്ട 1982 നവം.1-ന് പ്രത്യേക ജില്ലയായി. പഴയ പത്തനംതിട്ട താലൂക്കും കുന്നത്തൂർ താലൂക്കിന്റെ കുറച്ചു ഭാഗങ്ങളും തിരുവല്ല താലൂക്കും മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിലെ ഏതാനും വില്ലേജുകളും ചേർത്താണ് ജില്ല രൂപവൽക്കരിച്ചത്. മുനിസിപ്പൽ നഗരമായ പത്തനംതിട്ടയാണ് ജില്ലയുടെ ആസ്ഥാനം. തിരുവല്ല, മല്ലപ്പള്ളി, റാന്നി, കോഴഞ്ചേരി, അടൂർ, കോന്നി എന്നീ ആറു താലൂക്കുകളാണ് ജില്ലയിലുള്ളത്. (2013 ൽ രൂപവത്കരിച്ച കോന്നിയാണ് ഒടുവിലത്തെ താലൂക്ക്). ജില്ലയുടെ പകുതിയിലധികം ഭാഗവും വനമാണ്.

ലോകപ്രശസ്തമായ ശബരിമല ശ്രീധർമ ശാസ്താ ക്ഷേത്രം ഈ ജില്ലയിലാണ് (റാന്നി താലൂക്ക്). ആറൻമുള കണ്ണാടിയും മാരാമൺ ക്രൈസ്തവ കൺവൻഷനും ലോകപ്രശസ്തി ഉള്ളവയാണ്. പത്തനംതിട്ട എന്ന പേര് എങ്ങനെ വന്നു? പത്തനംതിട്ടയോടു ചേർന്നു കിടക്കുന്ന കൊല്ലം ജില്ലയിലെ ഒരു താലൂക്കിന്റെ പേര് പത്തനാപുരം എന്നാണ്. കൊട്ടാരക്കര ആസ്ഥാനമായിരുന്ന ഇളയിടത്തു സ്വരൂപത്തിൽ പെട്ട നാടുകളായിരുന്നു ഇത്. 'പത്തന'ത്തിന് പട്ടണം, രാജധാനിയുള്ള നഗരം, തലസ്ഥാനം, കൊട്ടാരം എന്നീ അർത്ഥങ്ങളുണ്ട്. ഗുണ്ടർട്ടും ഇതേ അർത്ഥങ്ങൾ നൽകുന്നു. 'തിട്ട'യ്ക്ക് കുന്ന്, മേട് എന്നർത്ഥം. Raised ground, hillock എന്നീ അർത്ഥങ്ങൾ ഗുണ്ടർട്ടും നൽകുന്നു. ദ്രാവിഡ നിരുക്ത നിഘണ്ടുവിലും ഇതേ അർത്ഥം നൽകിയിട്ടുണ്ട്. അപ്പോൾ പത്തനംതിട്ടയ്ക്ക് കൊട്ടാരമുള്ള കുന്ന് എന്ന് അർത്ഥം നൽകാം. ഇളയിടത്തു സ്വരൂപത്തിന്റെ ഭരണസീമയിലിരുന്ന പത്തനംതിട്ടയിലും പത്തനാപുരത്തും രാജകൊട്ടാരങ്ങൾ സ്ഥിതി ചെയ്തിരുന്നതിനാലാവാം ഈ സ്ഥലനാമങ്ങൾ പിറന്നത്. സൈനികവൃത്തി എന്നർത്ഥമുള്ള 'ചേകം' എന്നൊരു സ്ഥലം പത്തനാപുരം ടൗണിനോടു ചേർന്നുണ്ട്. ഇളയിടത്തു റാണിയുടെ തെക്കൻ പ്രദേശത്തെ സൈനിക കേന്ദ്രമായിരുന്നിരിക്കാം ഇത്. 'തിട്ട'യും 'തറ'യുമെല്ലാം കാവിന്റെ ഭാഗമായ ആരാധനാലയത്തെ സൂചിപ്പിക്കുന്നതാണെന്ന് ചിലർ പറയുന്നു. 'പത്തനം' എന്നൊരു ഗ്രാമം ഉണ്ടായിരുന്നുവെന്നും പുറത്തു നിന്നുള്ളവർക്ക് ഇവിടെ പ്രവേശനം നിഷേധിച്ചിരുന്നുവെന്നും അതിനാൽ പുറത്തു നിന്നുള്ളവരും വ്യാപാരികളും മറ്റും ഇതിനടുത്ത 'തിട്ട'യിൽ താമസം തുടങ്ങിയെന്നും അങ്ങനെ 'പത്തനംതിട്ട' രൂപം കൊണ്ടുവെന്നും കഥയുണ്ട്. ☐

ഉപ്പുമരവി

■ **മുരളീധരൻ തഴക്കര**

'ഉപ്പു തൊട്ട് കർപ്പൂരം വരെ'- രാഷ്ട്രീയ പ്രസംഗങ്ങളിൽ സ്ഥിരമായി നാം കേൾക്കുന്ന പ്രയോഗമാണ്. 'ഉപ്പും-ചോറും' അത് കേരളീയന് നന്ദിയുടെ അക്ഷരരൂപമാണ്. 'ഉപ്പുവെച്ച കലം പോലെ' എന്നു പറഞ്ഞാൽ അടിത്തറയിളകുന്നു എന്നതിന്റെ സൂചനയാണ്. ഇങ്ങനെ ഉപ്പുമായി ബന്ധപ്പെട്ട ചൊല്ലുകളും പ്രയോഗങ്ങളും വളരെയാണ്. പ്രിയപ്പെട്ട കവി ഒ.എൻ.വിയുടെ വരികൾ കടമെടുത്താൽ 'ഉപ്പുതൊട്ടുറിയിലെ മൺകലങ്ങൾ വരെയും' ആഗോളവൽക്കരണ ഉദാരവൽക്കരണ അധിനിവേശത്തിൽ ഒലിച്ചുപോയി എന്നതാണ് യാഥാർത്ഥ്യം. പണ്ട് നാട്ടിൻപുറത്തെ പലചരക്ക് പീടികയിൽ അടച്ചുപൂട്ടില്ലാതെ കടയുടെ പുറത്ത് ഒരു പലകയിട്ട് ചാക്കിനകത്ത് തൂവെള്ള നിറമുള്ള ഉപ്പുപരൽ അതായത് കല്ലുപ്പ് നിറച്ച ചാക്ക് വെച്ചിരിക്കും. അന്ന് അഞ്ചു പൈസയുടെ ഉപ്പ് ആവശ്യവും പത്ത് പൈസയുടെ ഉപ്പ് ആഡംബരവുമായിരുന്ന കാലം! കാലം മാറി ഇന്നിതാ ഉപ്പും മലയാളിക്ക് മറ്റൊന്നായി. മേനി പാക്കറ്റുകളിൽ നിറച്ചുവരുന്ന വമ്പൻ കോർപ്പറേറ്റ് കമ്പനികളുടെ ഫാക്ടറി ഉൽപ്പന്നമായ പൊടിയുപ്പാണ് ഇപ്പോൾ നമുക്ക് പഥ്യം.

കല്ലുപ്പ് അഥവാ പരലുപ്പ് കാച്ചി തെളിയെടുത്ത് ഈ ഉപ്പുനീരാണ് ആഹാരസാധനങ്ങൾക്ക് രുചിപകരാനായി ചേർത്തിരുന്നത്. ഇന്നാണെങ്കിൽ കവറിൽ കിട്ടുന്ന പൊടിയുപ്പ് അതേപോലെ ഭക്ഷണസാധനങ്ങളിലേക്ക് ആവശ്യത്തിന് കുടഞ്ഞിടുകയാണ് നാം. ചുരുക്കത്തിൽ പഴയ ഉപ്പ് മാത്രമല്ല അത് കാച്ചികുറുക്കി സൂക്ഷിച്ചിരുന്ന ഉപ്പുമരവിയും അടുക്കളയിൽ നിന്ന് അപ്രത്യക്ഷമായി.

മരവിയെന്നാൽ മരം കൊണ്ടുള്ള പാത്രമെന്നാണ് അർത്ഥം. തമിഴിൽ 'മരവൈ' എന്നാണ് മരവിയ്ക്ക് പറയുന്നത്. ഉപ്പും ലോഹവും തമ്മിൽ പ്രതിപ്രവർത്തിക്കുമെന്ന കാര്യം അനുഭവത്തിലൂടെ ബോധ്യപ്പെട്ടതുകൊണ്ടാകാം പഴമക്കാർ മരം, മണ്ണ്, കരിങ്കല്ല് എന്നിവകൊണ്ടുള്ള പാത്രങ്ങളിൽ ഉപ്പ് സൂക്ഷിച്ചിരുന്നത്. കല്ലുപ്പ് ചൂടുവെള്ളത്തിൽ കാച്ചി കറയും അഴുക്കും കളഞ്ഞ് സംശുദ്ധമായ ഉപ്പുലായനിയാക്കി മരവിയിലോ മൺഭരണികളിലോ ആണ് സൂക്ഷിച്ചിരുന്നത്. ഈ ഉപ്പു മരവി അടുക്കളയിൽ കൈയെത്തും അകലത്തിൽ പതാമ്പുറത്ത് തന്നെ സൂക്ഷിച്ചിരുന്നു. ഭക്ഷണം പാകം ചെയ്യുമ്പോൾ ആവശ്യത്തിന് മാത്രം ഉപ്പുനീരാണ് തളിച്ചിരുന്നത്. ഇന്നത്തെപ്പോലെ ഫാക്ടറി ഉല്പന്നമായ പൊടിയുപ്പ് ഇഷ്ടാനുസരണം കുടഞ്ഞിടുകയായിരുന്നില്ല എന്നു സാരം.

കരിങ്കല്ലുകൊണ്ടും ഉപ്പുമരവി ഉണ്ടാക്കിയിരുന്നു. പലക കൊണ്ടുള്ള അടപ്പോടു കൂടിയ ഒരു കുഴിയനാണിത്. ഈ അടപ്പ് ഇരുവശങ്ങളിലേക്കും നിരക്കിമാറ്റാവുന്ന വിധത്തിൽ ഒരു ചുഴിക്കുറ്റിയിൽ ഉറപ്പിച്ചിരിക്കും. പിൽക്കാലത്ത് സിമന്റിൽ നിർമ്മിച്ച ആധുനിക ഉപ്പുമരവിയും സാർവ്വത്രികമായി. ഉപ്പുനീര് കോരിയെടുക്കുന്നതിനായി തീരെ ചെറിയ ഒരു ചിരട്ടത്തവിയും ഉണ്ടാകും. ഈ പുതിയ കാലത്ത് ഉപ്പും പഞ്ചനക്ഷത്ര മാളുകളിലെയും മാർജിൻ ഫ്രീ ഷോപ്പുകളിലെയും വിലകൂടിയ ഉല്പന്നമായി മാറിയിരിക്കുന്നു. പക്ഷേ വിപണിയിൽ സുലഭമായിട്ടുള്ള ഈ പാക്കറ്റ് ഉപ്പിൽ പലതും ആരോഗ്യത്തിന് അത്ര നന്നല്ല എന്ന അഭിപ്രായഗതിയും ഉയർന്നിട്ടുണ്ട്.

'ഉപ്പില്ലാത്ത കഞ്ഞിപോലെ' എന്നത് നമുക്കേറെ പരിചിതമായ പ്രയോഗമാണ്. ഭക്ഷണത്തിൽ ആവശ്യത്തിന് ഉപ്പില്ലെങ്കിൽ അതിന്റെ സ്വാഭാവിക സ്വാദ് നഷ്ടമാകും. 'ഉപ്പ്' ആവശ്യത്തിലേറെയായാലും കുഴപ്പമാണ്. ഉപ്പുകയ്ച്ചിട്ട് ഇറക്കാൻ വയ്യ എന്ന

...എന്ന് വായനക്കാർ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിക്കും

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുണ്ടായിരുന്ന അഞ്ച് വകുപ്പുകൾ ഏകീകരിച്ച് ഒറ്റ വകുപ്പ് ആയി മാറിയിരിക്കുന്നു. ഈ സംയോജനം തദ്ദേശഭരണസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുമെന്നതിൽ തർക്കമില്ല. ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങൾ കൂടി ഒരു കുടക്കീഴിൽ വരുന്നതോടെ പദ്ധതി ആസൂത്രണവും കെട്ടിട നിർമ്മാണ നിയന്ത്രണവും ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയും. മാത്രമല്ല, ത്രിതല പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും നഗരസഭകളുടെയും നിയന്ത്രണം ഒരു സംവിധാനത്തിന് കീഴിൽ വരുന്നത്, പ്രത്യേകിച്ചും ജില്ലാടിസ്ഥാനത്തിൽ ഒരു ജോയിന്റ് ഡയറക്ടറുടെ കീഴിൽ വരുന്നത് ജില്ലാതലത്തിൽ വലിയ പദ്ധതികൾ സംയുക്തമായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സഹായകരമാകും. മാലിന്യ സംസ്കരണ പദ്ധതികളും കുടിവെള്ള പദ്ധതികളും ഇത്തരത്തിൽ ആവിഷ്കരിച്ച് നടപ്പാക്കാനാകും. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെയും ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാന്റെയും ലേഖനം പഞ്ചായത്ത് രാജ് മാസികയുടെ ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരിച്ചത് വകുപ്പ് ഏകീകരണം സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ സഹായകരമായി.

സജിത, കുടപ്പനക്കുന്ന്

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

പരാതിയോടെ ഭക്ഷണം ഉപേക്ഷിക്കാനേ കഴിയൂ. അതിനാൽ രക്തസമ്മർദ്ദ രോഗികൾ ഏറിവരുന്ന ഇക്കാലത്ത് തീർച്ചയായും ഉപ്പ് ആവശ്യത്തിനു മാത്രം മിതമായി ഉപയോഗിക്കുന്നതാണ് ആയുരാരോഗ്യത്തിന് അത്യുത്തമം. ഇപ്പോൾ ഇന്തുപ്പ്, ഹിമാലയൻ ഉപ്പ്, റോക്ക് സാൾട്ട് തുടങ്ങി വിവിധതരം ഉപ്പുകളും ഉപയോഗത്തിലുണ്ട്.

ഉപ്പ് മതിയായ രുചി മാത്രമല്ല, ഊർജവും ഉന്മേഷവും തരുമെന്നാണ് പഴമക്കാരുടെ പക്ഷം. ഇൻഡ്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അതിശക്തമായ ഒരു ആയുധവുമായിരുന്നു ഉപ്പ്. "ഒന്നുകിൽ ഞാനുദ്ദേശിക്കുന്ന ലക്ഷ്യം സാധിച്ച് മടങ്ങും, അല്ലെങ്കിൽ എന്റെ ഈ ശരീരം കടലിൽ പൊങ്ങി കിടക്കുന്നത് നിങ്ങൾ കാണും". ഇങ്ങനെ പറഞ്ഞാണ് മഹാത്മജി ഉപ്പുസത്യാഗ്രഹത്തിനായി പുറപ്പെട്ടത്. നാടിന്റെ സ്വാതന്ത്ര്യത്തിന്റെയും ദേശസ്നേഹത്തിന്റെയും സ്വാശ്രയത്വത്തിന്റെയും അടയാളക്കുറിയായ ഉപ്പിനെ നാം മറന്നു. ഇപ്പോൾ ഉപ്പ് കോർപ്പറേറ്റ് മുതലാളിമാരുടെ ലാഭക്കൊയ്ത്തിനുള്ള ഉപാധിയാണ്. കോടിക്കണക്കിന് രൂപയുടെ ടേണോവറുള്ള ഉപ്പിന്റെ ബിസ്സിനസ്സ് സാമ്രാജ്യം ! പ്രചണ്ഡമായ പരസ്യങ്ങളുടെ ധാടിമോടിയിലും പിൻബലത്തിലും ഈ പൊടിയുപ്പ് നമ്മുടെ അടുക്കളയിലും അധിനിവേശം നടത്തിയിരിക്കുന്നു! ഇത്തരം ഉപ്പിന്റെ പരസ്യങ്ങൾ കേട്ടാൽ തോന്നും ഇതൊരു സർവ്വരോഗസംഹാരിയാണെന്ന്!

പക്ഷേ ഒരു കാര്യം പറയേണ്ടതുണ്ട്- വേദനയോ തൊണ്ടയിൽ ഏതെങ്കിലും അസ്വസ്ഥതകളോ ഉണ്ടായാൽ 'ഉപ്പിട്ട ചെറുചൂടുവെള്ളം' കവിൾ കൊള്ളാനാണ് വൈദ്യോപദേശം. അതേപോലെ അർശസ്സ് സംബന്ധമായ ചികിത്സയിൽ ഉപ്പിട്ട ചെറുചൂടുവെള്ളത്തിൽ പത്ത് മിനിട്ട് സമയം ഇരിക്കുക എന്നത് വളരെ ഫലപ്രദമാണത്രേ. പണ്ട് കുട്ടികളുടെയും മറ്റും കാലിൽ വളം കടിയുണ്ടാകുമ്പോൾ (ഇപ്പോൾ നമ്മുടെ കുട്ടികൾ മണ്ണിൽ ചവിട്ടാത്തതുകൊണ്ട് ഈ പ്രശ്നം ഉണ്ടാകുന്നില്ല) ഉപ്പിട്ട ചൂടുവെള്ളത്തിൽ കാലുമുക്കിവെച്ച് അല്പസമയം ഇരുന്നാൽ അത് വലിയ ആശ്വാസമായിരുന്നു. ഇതിനെല്ലാം തന്നെ കവറിൽ കിട്ടുന്ന ഇതര രാസപദാർത്ഥങ്ങൾ ചേർത്ത ഫാക്ടറി നിർമ്മിത പൊടിയുപ്പല്ല ഉപയോഗിച്ചിരുന്നത്. ഉപ്പളങ്ങളിൽ സ്വാഭാവികമായി ഉൽപ്പാദിച്ചിരുന്ന കല്ലുപ്പാണ്, അതായത് പരൽ ഉപ്പാണ് എടുത്തിരുന്നത്.

ഉപ്പും മണ്ണുമായുള്ള രസതന്ത്രം നമ്മുടെ കർഷകർക്ക് പണ്ടു പണ്ടേ അറിയാമായിരുന്നു. തെങ്ങിന് ഉത്തമ വളമാണെന്നും, കീടരോഗപ്രതിരോധത്തിന് ഉത്തമമാണെന്നു നെട്ടനാളത്തെ അനുഭവത്തിലൂടെ മനസ്സിലാക്കിയിരുന്നു. വർഷത്തിൽ ഒരു പ്രാവശ്യം തെങ്ങിന്റെ മണ്ട വൃത്തിയാക്കി ഉപ്പും ചാരവും മരോട്ടിപ്പിണ്ണാക്ക് ഇടിച്ചതും ചേർത്ത് ഇട്ടുകൊടുക്കുന്ന രീതിയും മുടങ്ങാതെ ചെയ്തിരുന്നു. ചെല്ലിബാധ തടയുവാനും രോഗകാരികളായ കുമിളിനെ തുരത്തുവാനുമെല്ലാം ഈ ഒറ്റമൂലി പ്രയോഗം കൃത്യമായി നടത്തിയിരുന്നു. ശാസ്ത്രീയമായി നോക്കിയാലും തെങ്ങിന് ഉപ്പിട്ടുകൊടുക്കുന്നത് ഗുണകരമാണ്. രാസപരമായി ഉപ്പ് സോഡിയം ക്ലോറൈഡാണ്. ഇതിൽ ഉൾച്ചേർന്നിട്ടുള്ള സോഡിയവും ക്ലോറിനും സൂക്ഷ്മ മൂലകങ്ങൾ എന്ന നിലയിൽ തെങ്ങിന് ഏറെ പ്രയോജനകരമെന്ന് ആധുനിക കൃഷി ശാസ്ത്രവും ശരിവയ്ക്കുന്നു. വെട്ടും കിളയും ഏൽക്കാത്ത പാറയുള്ള മലമ്പ്രദേശങ്ങൾ കിളയ്ക്കുന്നതിനു മുമ്പായി ഉപ്പ് ചേറിക്കൊടുക്കുമായിരുന്നു. ഒന്നു രണ്ടാഴ്ച മുമ്പ് ഇപ്രകാരം ഉപ്പ് ചേറിയാൽ ഉപ്പിന്റെ രാസപരമായ പ്രവർത്തനം മൂലം പാറയ്ക്ക് അപചയം സംഭവിക്കുകയും ക്രമേണ വെട്ടും കിളയും എളുപ്പമാവുകയും ചെയ്യും. സംസ്കൃതത്തിൽ ഉപ്പ് 'ലവണ'മാണ്- അതായത് ജാഡ്യത കളയുന്നത് എന്നാണർത്ഥം.

ലവണവും ലാവണ്യവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ ആവോ? ഉപ്പിനെക്കുറിച്ചും ഉപ്പുമരവിയെക്കുറിച്ചുമുള്ള ഈ കുറിപ്പ് അവസാനിപ്പിക്കുന്നത് ഉപ്പുമായി പാരസ്പര്യമുള്ള ചിലപ്രയോഗങ്ങളിലൂടെയും ചൊല്ലുകളിലൂടെയുമാകട്ടെ......

- ഉപ്പ് ചേർത്ത് കഴിക്കണം!
- അറത്ത കൈയ്ക്ക് ഉപ്പുതേക്കാത്തവൻ
- ഉപ്പില്ലാത്ത കഞ്ഞിപോലെ
- ഉപ്പുതൊട്ട് കർപ്പൂരം വരെ
- ഉപ്പോളം വരുമോ ഉപ്പിലിട്ടത്
- ഉപ്പുചാക്കുപോലെ
- ഉപ്പുവെച്ച കലം പോലെ
- ഉപ്പിൽ പോയാൽ മുളകിൽ കിട്ടും

ഇങ്ങനെ നിത്യജീവിത സ്പർശിയായ എത്രയെത്ര ചൊല്ലുകളും പ്രയോഗങ്ങളും ഇനിയുമുണ്ടാകാം. ഉപ്പുമരവി അടുക്കളയിൽ നിന്ന് അരങ്ങൊഴിഞ്ഞെങ്കിലും ഉപ്പുമായി ചേർന്ന, ഇങ്ങനെ കുറിക്കുകൊള്ളുന്ന പഴമൊഴികളും പ്രയോഗങ്ങളും മലയാളിയുടെ മനസ്സിന്റെ അരങ്ങിൽ എന്നുമുണ്ടാകും. ☐

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) September 2020
Annual Subscription ₹120, Published on 20 September 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS